ധത്തിൽ നിയന്ത്രണാധീനമാവുകയോ ചെയ്തിരുന്നു. ലൈംഗിക രോഗങ്ങൾ ചൈനയിലെ 26 പ്രവിശ്യകളിൽ നിന്നും തുടച്ചു നീക്കപ്പെട്ടു(നിങ്ങൾ വിശ്വസിച്ചാലും ഇല്ലെങ്കിലും!). തിബററിൽ പോലും ഇത്തരം രോഗങ്ങൾ നിയന്ത്രണാധീനമാക്കപ്പെട്ടിരിക്കുന്നു. അതിൻെറ ഫലമായി തക്ക് രോഗങ്ങൾക്കായുള്ള ഇൻസ്റ്റിററ്യൂട്ടിലെ ലൈംഗിക രോഗവിഭാഗം പിരിച്ചു വിടപ്പെട്ടു. ഇൻസ്റ്റിററ്യൂട്ടിൻെറ മുഖ്യസംവിധായകനായിരുന്ന ഡോ. ഹാത്തമിന്ത്തൻെറ ജോലിയിൽ നിന്ന് ഭാഗികമായി വിരമിക്കുവാൻ കഴിഞ്ഞു. പ്രതിരോധ കുത്തിവെപ്പുകൾ, ശുചീകരണപ്രവർത്തനങ്ങൾ എന്നിവ വഴി പിള്ളവാതം, മണ്ണൻ, ടൈഫോയിഡ്, ടൈഫസ് എന്നീ രോഗങ്ങളെല്ലാം തന്നെ നിർമാർജനം ചെയ്യപ്പെട്ടു. 1969ൽ 'റിവിഷണിസ്റ്റ് വിരുദ്ധ' ആശുപത്രിയിൽ ചികിത്സക്കെത്തിയ 900,000 രോഗികളിൽ രണ്ടുപേർ മാത്രമാണ് ഡിസെൻടി ബാധയ്ക്കു വിധേയരായിരുന്നത്. ഇപ്പോൾ ഏററവും കൂടുതൽ മരണങ്ങൾക്കിടയാക്കുന്നത് ഹൃദ്രോഗങ്ങളും ക്യാൻസറുമാണ്.

ഇനി നമുക്ക് ബ്യൂറോ ഓഫ് പബ്ളിക്ക് ഹെൽത്തിലെ ഡോക്ടർ വാങ്ങ്കുവാങ്ങ് ചുവിൻെറ അരികിലേക്ക് മടങ്ങിച്ചെല്ലാം. പെക്കിങ്ങിലെ പ്രത്യേക ഭരണ പ്രദേശത്തിൻെറ മുഴുവൻ ചുമതലയും അദ്ദേഹത്തിനാണ്. ഏതാണ്ട് 60 ലക്ഷം ജനങ്ങൾ അധിവസിക്കുന്നതും 280 ജനകീയ കമ്യൂണുകളടങ്ങുന്ന പത്തു് കൗണ്ടികൾ ഉൾപ്പെടുന്നതുമായ പ്രദേശമാണിതു്. ഈ പ്രദേശത്തു് 17 മുൻസിപ്പൽ ആശുപത്രികളിലും 30 ജില്ലാ ആശുപത്രികളിലുമായി മൊത്തം 29,000 ആശുപത്രി കിടക്കകളുണ്ട്. കമ്യൂണുകളിലേയും ഫാക്ടറികളിലെയും ക്ലിനിക്കുകളിലുള്ള കിടക്കകളുടെ എണ്ണം ഇതിൽ ഉൾപ്പെടുന്നില്ല. ഈ പ്രദേശത്തു് ഏതാണ്ട് 8600 മെഡിക്കൽ ബിരുദധാരികളുണ്ട് — ഇതു് 1960 ലേതിനെക്കാൾ 59 ശതമാനം കൂടുതലാണ്. അതിനുപുറമേ 2000 പാരമ്പര്യ വൈദ്യന്മാരും. [3]

---

[3] ഗ്രാമീണ തലത്തിൽ ഔദ്യോഗിക കണക്കുകളൊന്നും ലഭ്യമായിരുന്നില്ല. ഏററവും വിശ്വസനീയമായ കണക്കുകൂട്ടലുകളെന്നു സരിച്ച് ഏതാണ്ട് 15,0000 മെഡിക്കൽ ബിരുദധാരികളും (6വർഷ കോഴ്സ്) 400,000 ഇടനില ഡോക്ടർമാരും (2മുതൽ 4വരെ വർഷത്തെ പരിശീലനം ലഭിച്ചവർ) ഉണ്ടായിരുന്നു.

അടുത്തകാലത്തുണ്ടായ 'വിപ്ലവകരമായ മാററങ്ങളെക്കുറിച്ച് വങ്ങ് കവാങ്ങ് ചുവിന് ചിലതെല്ലാം പറയാനുണ്ട്.

''1965ൽ ചെയർമാൻ മാവോ പറഞ്ഞു: 'ആരോഗ്യ മന്ത്രി കാര്യാലയം ഒരു നാഗരിക പ്രഭുവാണ്. ആരോഗ്യ, വൈദ്യ ശുശ്രൂഷാ രംഗങ്ങളുടെ കാര്യത്തിൽ ഗ്രാമപ്രദേശങ്ങൾക്ക് ഊന്നൽ കൊടുക്കേണ്ടതാണ്'' [നേതൃത്വം രാഷ്ട്രീയത്തിനാക്കുക മുതലായ മുദ്രാവാക്യങ്ങൾകേട്ട് കാതുകൾ തഴമ്പിച്ചു കാണും]. ഞങ്ങൾ ഇപ്പോൾ ചെയർമാൻ മാവോയുടെ സിദ്ധാന്തങ്ങൾ ജീവത്തായി പഠിക്കാനും പ്രായോഗികമാക്കാനുമുള്ള ശ്രമങ്ങളിൽ മുഴുകിയിരിക്കുകയാണ്. കഴിഞ്ഞ മൂന്നുവർഷങ്ങൾക്കിടയിൽ ഞങ്ങളുടെ 3600ഓളം ആരോഗ്യ,വൈദ്യശുശ്രൂഷാ പ്രവർത്തകർ ഗ്രാമപ്രദേശങ്ങളിലേക്ക് പോവുകയുണ്ടായി. 430 സഞ്ചരിക്കുന്ന വൈദ്യ സഹായസംഘങ്ങളിലായി 6000ത്തോളം പ്രവർത്തകരെ ഞങ്ങൾ സംഘടിപ്പിച്ചു. ഈ സംഘങ്ങൾ സെചാൻ, യെനാൻ, ഇന്നർമംഗോളിയിഎന്നിവയടക്കം പല വിദൂര ഗ്രാമ പ്രദേശങ്ങളിലും എത്തുകയുണ്ടായി. ഞങ്ങളുടെ ഡോക്ടർമാർ,നെഴ്സുമാർ, മററ് കാഡറുകൾ എന്നിവർ ഈ സംഘങ്ങളിൽ ഊഴമിട്ട് പ്രവർത്തിക്കുന്നു.

''ഈ പ്രദേശത്ത് ഏതാണ്ട് 13,000 നഗ്നപാദ ഡോക്ടർമാരുണ്ട്—സ്ത്രീകളും പുരുഷന്മാരും. ഇവരുടെ ശരാശരി വയസ്സ് ഇരുപതാണ്. ഇവർക്ക് തുടക്കത്തിൽ മെഡിക്കൽ സ്കൂളുകളിൽ നിന്നോ ആശുപത്രികളോടനുബന്ധിച്ചുള്ള സ്കൂളുകളിൽ നിന്നോ മൂന്നു മാസത്തെ പരിശീലനം ലഭിക്കുന്നു. പാശ്ചാത്യ ചികിത്സാരീതികളും അക്യുപങ്ചർ രീതികളും സംയോജിപ്പിച്ചുള്ളതാണ് പരിശീലനം. പരിശീലനാനന്തരം കുറച്ചുകാലം അവർ പ്രാദേശിക ആശുപത്രികളുടെ മേൽനോട്ടത്തിൽ കമ്യൂണുകളിൽ സേവനമനുഷ്ഠിക്കുന്നു. അതിനുശേഷം വീണ്ടും മൂന്നു മാസത്തെ പരിശീലനത്തിനായി അവർ തിരിച്ചെത്തും. ഗൗരവസ്വഭാവമില്ലാത്ത അസുഖങ്ങളെല്ലാം, അവർ രോഗിയുടെ വീട്ടിൽ വച്ചുതന്നെയോ ബ്രിഗേഡ് ആശുപത്രികളിൽ വച്ചോ ചികിത്സിക്കുന്നു. തൻമൂലം വളരെ ഗൗരവതരമായ രോഗങ്ങൾ മാത്രമേ സിററി ആശുപത്രികളിൽ ചികിത്സിക്കേണ്ടി വരുന്നുള്ളൂ.'' എല്ലാ ആശുപത്രികളിലും നഗ്നപാദ ഡോക്ടർമാർക്കു

പുറമേ, പരിസരപ്രദേശങ്ങളിലെ ക്ലിനിക്കുകളിലോ ഫാക്ടറി ക്ലിനിക്കുകളിലോ പ്രവർത്തിക്കുന്ന പൊതുജനാരോഗ്യ പ്രവർത്തകർക്കും, ജനകീയ വിമോചന സേനയിലെ ആരോഗ്യ പ്രവർത്തകർക്കും പരിശീലനം നൽകി വരുന്നുണ്ട്. പെക്കിങ്ങ് നഗരത്തിൽ 335 പ്രാഥമിക ശുശ്രൂഷാ കേന്ദ്രങ്ങളിലായി സായുധസേനാ മെഡിക്കൽ വിഭാഗത്തിൽപ്പെട്ട 2164 പേർ 'ജനസേവനമനുഷ്ഠിച്ചു വരുന്നു.' ഇപ്പോൾ ''റിവിഷണിസ്റ്റ് വിരുദ്ധ' ആശുപത്രിയിൽ ഇത്തരത്തിലുള്ള 41 ചെറുപ്പക്കാർക്ക് 3 മാസത്തെ പരിശീലനം നൽകുന്നുണ്ട്. ഗിനിയായിലേക്ക് അയച്ച 50 പേരടങ്ങുന്ന വൈദ്യസംഘത്തിൽ ഇവിടെ നിള്ള 8 പേരുണ്ടായിരുന്നു.

''കഴിഞ്ഞ വർഷം ഈ ആശുപത്രിയിലെ 96 ആരോഗ്യ പ്രവർത്തകർ ഗ്രാമപ്രദേശങ്ങളിൽ സ്ഥിരമായി താമസിച്ച് സേവനമനുഷ്ഠിക്കുന്നതിനായി പോവുകയുണ്ടായി. ഞങ്ങളുടെ സ്ഥാപനങ്ങളിൽ മൂന്നിലൊരു ഭാഗം ഊഴമിട്ട് വിവിധ പ്രായോഗിക മണ്ഡലങ്ങളിൽ പ്രവർത്തിച്ചു വരുന്നു. സഞ്ചരിക്കുന്ന ചികിത്സാ സംഘങ്ങളുടെ ചുമതലകൾ താഴെപ്പറയുന്നവയാണ്: നേരിട്ട് ജനസേവനം ചെയ്യുക, അവർക്ക് ചികിത്സാ സൗകര്യങ്ങളും രോഗ പ്രതിരോധ സൗകര്യങ്ങളും എത്തിച്ചു കൊടുക്കുക, രോഗപ്രതിരോധ നടപടികൾക്ക് പ്രാമുഖ്യം നൽകി പ്രവർത്തിക്കുക, പ്രാദേശിക മെഡിക്കൽ പ്രവർത്തകർക്ക് അടിസ്ഥാന പരിശീലനം നൽകുക, കുടുംബാസൂത്രണത്തിന്റെ സന്ദേശമെത്തിക്കുക, നിലവിലുള്ള പൊതുജനാരോഗ്യ പ്രവർത്തനങ്ങളുടെയും സേവനങ്ങളുടെയും നിലവാരം വർധിപ്പിക്കുക, പാശ്ചാത്യ, പാരമ്പര്യ ചികിത്സാ സമ്പ്രദായങ്ങൾ സമന്വയിപ്പിക്കുക, തൊഴിലാളികളുടെയും കർഷകരുടെയും സായുധ സേനാംഗങ്ങളുടെയും കൂടെ ഒരേ മേൽപ്പുരയ്ക്കു കീഴിൽ താമസിക്കുകയും അവരോടൊപ്പം ആഹാരം കഴിക്കുകയും പാർക്കുകയും പ്രവർത്തിക്കുകയും ബൂർഷ്വാ രീതികളെ വിമർശിക്കുകയും ചെയ്ത് ആരോഗ്യ പ്രവർത്തകർക്കിടയിൽ വിപ്ലവ ബോധവും സോഷ്യലിസ്റ്റു ചിന്താഗതിയും വളർത്തുക.''

സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് കമ്യൂണുകൾ. കമ്യൂണുകൾ അവയുടെ പൊതുക്ഷേമ

ഫണ്ടിൽനിന്നു —അംഗങ്ങൾ ഈ ഫണ്ടിലേക്കു സംഭാവനകൾ നൽകുന്നു—ഓരോ അംഗങ്ങൾക്കും ആരോഗ്യ ഇൻഷ്വറൻസ് പ്രദാനം ചെയ്യുന്നു. നഗരങ്ങളിൽ ആശുപത്രികൾ ഫാക്ടറികളുമായും മററ് സംഘടനകളുമായും ആരോഗ്യ ഇൻഷ്വറൻസ് ഉടമ്പടികളിൽ ഏർപ്പെടുന്നു. ആശുപത്രികൾ, ഫാക്ടറികൾ എന്നിവയ്ക്ക് അവയുടേതായ പൊതുക്ഷേമ ഫണ്ടുകളുണ്ട്. ഗവണ്മെൻറും അവക്കു സഹായസഹകരണങ്ങൾ നൽകുന്നു. ആശുപത്രിയിൽ തൊഴിലാളികൾ അവരുടെ ഭക്ഷണത്തിനുമാത്രം പ്രതിഫലം (പ്രതിദിനം 20-30 സെൻറ്) നൽകുന്നു. മററ് ആശുപത്രിചെലവുകൾ സൗജന്യമാണ്.''

ഞാൻ ചാങ്ങ് വൈ ചെന്നിനുനേരെ തിരിഞ്ഞു. അദ്ദേഹം താൻ പ്രവർത്തിക്കുന്ന ഉൾപ്രദേശത്തിൽ നിന്ന് ഇവിടെ എത്തിയതാണ്. മെലിഞ്ഞ്, നിറംമങ്ങിയ ശരീരപ്രകൃതമാണദ്ദേഹത്തിൻേറതു്. ചെവിയ്ക്കുചുറ്റു നരച്ചുതുടങ്ങിയിരിക്കുന്നു. എനിക്കദ്ദേഹത്തെ വളരെപ്പണ്ടേ അറിയാം. 40 വർഷങ്ങൾക്കു മുൻപ് യെൻപിങ്ങ് (പെക്കിങ്) സർവകലാശാലയിൽ പഠിപ്പിക്കുമ്പോൾതന്നെ. അന്നദ്ദേഹം അവിടെ വൈദ്യശാസ്ത്രം പഠിക്കുകയാണ്. പിന്നീട് അമേരിക്കയിൽനിന്ന് വൈദ്യശാസ്ത്രം പഠിച്ചശേഷം ചൈനയിൽ സേവനമനുഷ്ഠിക്കാനായി അദ്ദേഹം മടങ്ങിയെത്തി. ഞങ്ങൾ പരസ്പരം കണ്ടുമുട്ടിയിട്ട് വർഷങ്ങളായിരിക്കുന്നു. അദ്ദേഹം ഇപ്പോഴും ഒന്നാന്തരമായി ഇംഗ്ലീഷ് സംസാരിക്കും.

''ലാവോചാങ്ങ്, താങ്കൾ പെക്കിങ്ങിൽ നിന്ന് വളരെ അകലേയ്ക്കു പോകാനാനിടവന്നത് എങ്ങനെയാണ്?''

''ഞങ്ങളുടെ ആശുപത്രിയിൽ നിന്ന്, കമ്യൂണുകളിൽ താമസിച്ച് പ്രവർത്തിക്കുവാൻ പോയ 96 മെഡിക്കൽ പ്രവർത്തകരിൽ ഒരാളാണ് ഞാൻ. ഞാനിപ്പോൾ ത് സാ—യി ജനകീയ കമ്യൂണിലെ ഉല്പാദന ബ്രിഗേഡിൽ പ്രവർത്തിക്കുകയാണ്. ഞങ്ങളുടെ ബ്രിഗേഡിൽ മൊത്തം 80ാ പേരുണ്ട്.''

''ആരാണ് നിങ്ങളെ അങ്ങോട്ടയച്ചത്.''

''എന്നെ ആരും അയച്ചതല്ല. ഞാൻ സ്വയം പോകാൻ സന്നദ്ധനാവുകയാണ് ചെയ്തതു്. കർഷകരുമൊത്ത് പ്രവർത്തിക്കുകയും എൻെറ ആശയങ്ങൾ ഉടച്ചുവാർക്കുകയും ചെയ്യുന്നതിനു

വേണ്ടിയാണ് ഞാനങ്ങനെ ചെയ്തത്. അതിനു മുൻപ് ഞാൻ ഇവിടുത്തെ ബാല ചികിത്സാ വിഭാഗത്തിന്റെ തലവനും ഈ ആശുപത്രിയുടെ ഡപ്യൂട്ടി ഡയറക്ടറുമായിരുന്നു. സാംസ്കാരിക വിപ്ലവത്തിനു മുൻപ് ഞാനൊരുപിന്തിരിപ്പനായിരുന്നു എന്ന കാര്യം ഞാൻ മനസ്സിലാക്കിയിരുന്നില്ല. മൊബൈൽ മെഡിക്കൽ ടീമുകളിൻ പ്രവർത്തിച്ചു തുടങ്ങിയപ്പോഴാണ് ഗ്രാമപ്രദേശങ്ങളിലെ കർഷകർക്ക് ഡോക്ടർമാരുടെ സേവനം എത്ര മാത്രം ആവശ്യമാണെന്ന്ഞാനറിഞ്ഞത്. കായികാധ്വാനത്തിലേർപ്പെടുന്ന ഒരു കാഡറായാണ് ഞാൻ പ്രവർത്തിച്ചു തുടങ്ങിയത്. പക്ഷെ, ഞാനൊരു ഡോക്ടറാണെന്ന് കർഷകർക്കു മനസ്സിലായി. അവർ എന്റെ സഹായം ആവശ്യപ്പെട്ടു തുടങ്ങി.''

''ആദ്യമൊക്കെ അവർ എന്നെ ''സിയൻ—ഷെങ്ങ്'' (ജ്യേഷ്ഠൻ) എന്ന് സംബോധനചെയ്യുകയും ഒരു ബുദ്ധിജീവിയായി കണക്കാക്കുകയും ചെയ്തിരുന്നു. ഞാൻ പല ദിനരാത്രങ്ങൾ അവരോടൊത്ത് ജോലി ചെയ്തു. അവരോടൊപ്പം വിത്തുവിതയ്ക്കുകയും കൊയ്യുകയും ചെയ്തു. ഇപ്പോൾ അവരെന്നെ ലാവോ ചാങ്ങ് (ചാങ്ങച്ചായൻ) എന്നു വിളിക്കുകയും എന്നെ അവരിലൊരാളായി കണക്കാക്കുകയും ചെയ്തു തുടങ്ങിയിരിക്കുന്നു. എനിക്കവിടെ സന്തോഷമാണ്. ജീവിതകാലം മുഴുവൻ അവരോടൊത്ത് കഴിയാനാണ് ഞാൻ തീരുമാനിച്ചിരിക്കുന്നത്. മുൻകാലങ്ങളിൽ ഞാൻ രാഷ്ട്രീയത്തിൽ നിന്നും ജനങ്ങളിൽ നിന്നും വിട്ടുനിൽക്കുകയായിരുന്നു. എനിക്ക് അക്യുപങ്ചറിനെക്കുറിച്ചോ പാരമ്പര്യ ചികിത്സാരീതികളെക്കുറിച്ചോ ഒന്നുമറിയില്ലായിരുന്നു. ഇപ്പോൾ ഞാനതെല്ലാം പഠിച്ചിരിക്കുന്നു. ഈ രീതികൾ പല സന്ദർഭങ്ങളിലും വളരെ ഫലപ്രദമാണെന്ന് എനിക്കു മനസ്സിലായി. ചുരുക്കത്തിൽ ഞാൻ ഒട്ടുവളരെ കാര്യങ്ങൾ പഠിച്ചു. പട്ടണ ജീവിതത്തിൽ നിന്നുള്ള അകൽച്ച മൂലം എന്തെങ്കിലും നഷ്ടപ്പെട്ടതായി ഇപ്പോൾ എനിക്കു തോന്നുന്നില്ല. ആവശ്യമുള്ള സ്ഥലങ്ങളിലെല്ലാം ഞാൻ മെഡിക്കൽ പ്രവർത്തകരെ പരിശീലിപ്പിക്കാൻ സഹായിച്ചു വരുന്നു. ഗ്രാമപ്രദേശങ്ങളിൽ വിപുലമായ പ്രവർത്തന സാധ്യതകളാണുള്ളത്.''

അദ്ദേഹത്തിന്റെ കുടുംബമോ? അവരിപ്പോഴും പെക്കിങ്ങിലുണ്ട്. മാസത്തിലൊരിക്കൽ ചാങ്ങ് അവരെ സന്ദർശിക്കാനെത്തും. കുറേക്കഴിഞ്ഞ് പുതിയ പാർടി അദ്ദേഹത്തെ നഗരത്തിലേക്ക് തിരിച്ചു വിളിക്കുമ്പോൾ, ബ്രിഗേഡിലെ തന്റെ ജോലികൾ നിർവഹിക്കാൻ വേണ്ടത്ര ചെറുപ്പക്കാരെ പരിശീലിപ്പിച്ചു കഴിയുമ്പോൾ— ഒരു വേള അദ്ദേഹം നഗരത്തിലേയ്ക്ക് മടങ്ങി വന്നേക്കാം, അല്ലെങ്കിൽ അദ്ദേഹത്തിന്റെ കുടുംബം ഗ്രാമപ്രദേശത്തേക്ക് മാറിത്താമസിക്കാം.

ഡോക്ടർമാർ, നഗ്നപാദ ഡോക്ടർമാർ, നഴ്സുമാർ രോഗികൾ, വിപ്ലവക്കമ്മിററികൾ എന്നിവരുമായി നടത്തിയ ദീർഘമായ സംഭാഷണങ്ങളിൽനിന്ന് അടർത്തിയ ഏതാനും വാചകങ്ങളാണ് ഈ അധ്യായത്തിൽ ചേർത്തിട്ടുള്ളത്. പുതിയ കാലഘട്ടത്തിലെ ചൈനയിലെ പൊതുജനാരോഗ്യ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഒരേകദേശരൂപമെങ്കിലും ഇതിൽനിന്നു ലഭിക്കും. പ്രത്യേകപരിഗണനകൾക്ക് പാത്രീഭൂതമായിരുന്ന നഗരത്തിൽനിന്നും, അവിടത്തെ സ്വാർഥതയിലധിഷ്ഠിതമായ പ്രൊഫണലിസത്തിൽ നിന്നും വിടുതിനേടി പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ കൃഷിക്കളത്തിലേക്കും ഉൾപ്രദേശഗ്രാമങ്ങളിലേക്കും ഇറങ്ങിവന്നിരിക്കുന്നു: ചൈനയിലെ 70–80ശതമാനം ആളുകൾ കമ്യൂണിസ്റ്റുകളെ അധികാരത്തിലേററിയവർ— അധിവസിക്കുന്ന ഗ്രാമങ്ങളിലേക്ക്.

''കർഷകരെല്ലാം ചെയർമാൻ മാവോയെ പൂർണമായി പിൻതാങ്ങുന്നവരാണ്'' ലാവോ ചാങ്ങ് പറഞ്ഞു. ഞങ്ങൾ സന്ദർശിച്ച കമ്യൂണുകളിലും ഇതിൽനിന്ന് വ്യത്യസ്തമായ അഭിപ്രായങ്ങളൊന്നും പറഞ്ഞു കേട്ടില്ല. പക്ഷെ, ഇതിനർഥം അവരെല്ലാം യഥാർഥ സോഷ്യലിസ്ററു മനുഷ്യരായിരിക്കുന്നു എന്നതാണെന്നു കരുതേണ്ടതില്ല. ''മുതലാളിമാരായി മാറാനുള്ള ആഗ്രഹത്തിൽ'' നിന്ന് ചൈനയിലെ കർഷകന്റെ ആത്മാവ് പൂർണ്ണമായി വിമുക്തി നേടിയിരിക്കുന്നു എന്ന ധാരണയൊന്നും മാവോയ്ക്കില്ല. ഇതേക്കുറിച്ചും, കമ്യൂണുകളിലെ മററു ചിലപ്രശ്നങ്ങളെക്കുറിച്ചുമുള്ള ചില കാര്യങ്ങൾ വഴിയേ പറയാം.

ഭാഗം മൂന്ന്

മഹത്തായ തൊഴിലാളി വർഗ സാംസ്കാരിക വിപ്ലവം

10

വ്യക്തിപ്രാഭവം ആറുന്നു

ചൈനയിൽ അടുത്ത കാലത്തു നടന്ന ആഭ്യന്തര സമരത്തിൽ നിന്നു് ഉരുത്തിരിഞ്ഞു വന്ന പുതിയ സമൂഹത്തെക്കുറിച്ച് കൂടുതൽ സൂക്ഷ്മമായി പഠിക്കാൻ മുതിരുന്നതിനു മുൻപ്, മഹത്തായ സാംസ്കാരിക വിപ്ലവത്തിൻെറ ആവിർഭാവം, അതിൻെറ സ്വഭാവ വിശേഷങ്ങൾ എന്നിവയെക്കുറിച്ച് കുറെക്കൂടി ആഴത്തിൽ മനസ്സിലാക്കേണ്ടതുണ്ട്. തുടക്കത്തിൽ തന്നെ അതു് അത്യന്തം സങ്കീർണമായ ഒന്നായിരുന്നു. പന്നിട് ചൂടുപിടിച്ച സമരത്തിനിടയ്ക്കു് വളച്ചൊടിക്കപ്പെട്ട പ്രചാരണ പ്രവർത്തനങ്ങളുടെ ഫലമായി സംഗതികൾ കൂടുതൽ കെട്ടുപിണയ്ക്കപ്പെടുകയും കൂട്ടിക്കുഴയ്ക്കപ്പെടുകയും ചെയ്തു. ഇതിൽ പൊതുജനങ്ങൾക്കു് കേൾക്കാൻ കഴിഞ്ഞത് മുഖ്യമായും ജേതാക്കളുടെ വശം മാത്രമാണ്.

അത്യത്ഭുതകരമായ ഈ ചരിത്രത്തിൻെറ, ഇന്നു് വ്യക്തമായി കാണാവുന്ന ഇഴകൾ പോലും വേർതിരിച്ചെടുക്കുക പ്രയാസമാണ്. ഇനിയും വളരെക്കാലം കഴിഞ്ഞാൽപ്പോലും ഈ സമരത്തിൻെറ ഊടും പാവും വേർതിരിച്ചെടുത്ത്, എന്തു സംഭവിച്ചു എന്നതിൻെറ വ്യക്തമായ ഒരു ചരിത്രരൂപം നെഞ്ഞെടുക്കാൻ നമുക്കു കഴിയുമോ എന്ന കാര്യവും സംശയമാണ്. മഹത്തായ സാംസ്കാരിക വിപ്ലവത്തെക്കുറിച്ച് നിരവധി നിരവധി ഗ്രന്ഥങ്ങൾ പുറത്തു വന്നു കഴിഞ്ഞിരിക്കുന്നു. ഇതേക്കുറിച്ച് വിവിധ പാശ്ചാത്യ പണ്ഡിതന്മാർ തയ്യാറാക്കിക്കൊണ്ടിരിക്കുന്ന അഞ്ചിലേറെ പുസ്തകങ്ങളെക്കുറിച്ച് എനിക്കു നേരിട്ടറിയാം. പക്ഷെ, ഇന്നു് ചൈനയെക്കുറിച്ചു പുസ്തകമെഴുതുന്ന ഏതൊരു ഗ്രന്ഥകർത്താവിനും അല്പമൊക്കെ തപ്പിത്തടയേണ്ടി

വരും എന്നു തീർച്ചയാണ്. ചൈന ഇപ്പോഴും ''ആയിക്കൊണ്ടിരിക്കുക'' എന്ന പ്രക്രിയയിലാണ് എന്നതു തന്നെ കാരണം. 1969ൽ നടന്ന ഒൻപതാം കോൺഗ്രസ്സിൽ വച്ച് വീണ്ടെടുത്തതായി കരുതപ്പെടുന്ന ഐക്യത്തിനടിയിൽ ഇപ്പോഴും വൈരുധ്യങ്ങളുണ്ട്. അവ വീണ്ടും പരസ്യമായി പൊട്ടിത്തെറിച്ചെന്നു വരാം. വിപ്ലവത്തിന്റെ ചുക്കാൻ ആരുടെ നിയന്ത്രണത്തിലായിരിക്കണം എന്നതിനെക്കുറിച്ച്, പാർടി ഭാഷയിൽ പറയുന്ന ''രണ്ടു വ്യത്യസ്ത ലൈനുകൾ'' തമ്മിൽ വീണ്ടും ഏറ്റുമുട്ടിയെന്നു വരാം.

1967ൽ മാവോ ഇങ്ങനെ പറഞ്ഞു. ''ഒന്നോ രണ്ടോ മൂന്നോ അല്ലെങ്കിൽ നാലോ സാംസ്കാരിക വിപ്ലവങ്ങൾ കഴിഞ്ഞാൽപോലും പൂർണമായ സമാധാനവും ശാന്തിയുമുണ്ടാകുമെന്ന് നമ്മുടെ പാർടി അംഗങ്ങളും ജനങ്ങളും കരുതിക്കൂടാ. അവർ എപ്പോഴ്പ്പോഴും ജാഗ്രത കൈവിടാതെ, ജാഗ്രതകരായിരിക്കേണ്ടതാണ്.'' മറ്റൊരു സന്ദർഭത്തിൽ അദ്ദേഹം പറഞ്ഞു: ''വർഗങ്ങൾ പൂർണമായി നിഷ്കാസനം ചെയ്യപ്പെട്ടുകഴിഞ്ഞാൽ പോലും സൈദ്ധാന്തികവും രാഷ്ട്രീയവുമായ സമരങ്ങൾ തുടർന്നുകൊണ്ടേയിരിക്കും, അവ ഒരിക്കലും അവസാനിക്കുകയില്ല. *അസംതുലിതാവസ്ഥ, പൊതുവായ വസ്തുനിഷ്ഠമായ ഒന്നാണ്. അസംതുലിതാവസ്ഥ സ്വാഭാവികവും കേവലവുമാണ്. സംതുലിതാവസ്ഥയാകട്ടെ താല്കാലികവും ആപേക്ഷികവുമാണ്.* [2]

---

[1] പീപ്പിൾസ് ഡെയ്ലി, മെയ് 5, 1967.

[2] ഊന്നൽ ഞാൻ ചേർത്തതാണ്. ആധികാരികമെന്ന് അംഗീകരിച്ചതും പേരില്ലാത്തതുമായ ഒരു സമാഹാരത്തിൽ ഇങ്ങനെ കാണുന്നു. ''ചൈനീസ് കമ്യൂണിസ്റ്റ് പാർടിയുടെ കേന്ദ്രആഫീസിൽ നിന്നുള്ള വിപ്ലവത്തിന്റെ നക്കൽ പ്രവർത്തന രീതികളെപ്പററി 60 പോയൻറുകൾ'' - ജനുവരി 31, 1958. ആദ്യമായി ഹോങ്കോങ്ങിലെ അമേരിക്കൻ കോൺസുലേററിന്റെ *കറൻറ് ബാക്ഗ്രൗണ്ടിൽ* തർജുമ ചെയ്യപ്പെട്ടു. (നമ്പർ 892, 21 ഒക്ടോ 1969) യു എസ് സ്റേറ്റു ഡിപ്പാർട്ടുമെൻറ് പുനഃപ്രസിദ്ധീകരിച്ചു. ഇവിടെ ചേർത്തിരിക്കുന്നത് ജെറോം ചെന്നിന്റെ **Mao papers: Anthology and Bibliography, London, 1970 page 65-6**ൽ നിന്നെടുത്ത ഭാഗങ്ങളാണ്.

1966 മുതൽ ഇന്നു വരെ നടന്നിട്ടുള്ള സംഭവങ്ങളെക്കുറിച്ച് പഠിക്കാൻ ആവശ്യമായ മുഖ്യഘടകങ്ങളിലൊന്ന്, മാവോസെതുങ്ങിന്റെ വ്യക്തി പ്രഭാവത്തിനുള്ള കേന്ദ്രസ്ഥാനമാണ്. ഇത് മാവോ തന്നെ തുറന്നു സമ്മതിച്ചിട്ടുള്ള കാര്യവുമാണ്. ഒരർത്ഥത്തിൽ ഈ പ്രഭാവത്തിന്റെ നിയന്ത്രണത്തെച്ചൊല്ലിയായിരുന്നു സമരം. 'ആരായിരിക്കണം' ഈ പ്രഭാവത്തെ നിയന്ത്രിക്കുന്നത്, അതിലുപരി, 'ആര്ക്കു വേണ്ടിയായിരിക്കണം' അത് നിന്ത്രിക്കപ്പെടുന്നത് എന്നിവയായിരുന്നു പ്രശ്നങ്ങൾ.ഈ പ്രഭാവം ഒരു കൂട്ടം പാർട്ടി പ്രമുഖരുടെ കുത്തകയായി, അവരുടെ സ്വാർത്ഥ താല്പര്യങ്ങൾക്കായി ഉപയോഗിക്കുകയും, മാവോ, മഹോന്നത സ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള വെറുമൊരു പ്രതിമയായി മാറുകയുമാണോ വേണ്ടത്? അതോ മാവോയും അദ്ദേഹത്തിന്റെ അർപ്പണ ബോധമുള്ള യഥാർഥ വിശ്വാസികളും ചേർന്ന് ഈ പ്രഭാവമുപയോഗിച്ച്, ജനങ്ങളെ ആശയപരമായി പടച്ചട്ടയണിയിക്കുകയും അങ്ങനെ പ്രത്യേക പരിഗണനകൾ ലഭിച്ചു വരുന്നവരും പിന്തിരിപ്പൻമാരും പ്രതിവിപ്ലവകാരികൾ പോലുമായ 'പുത്തൻ വർഗ'ത്തിനു നേരെ രാഷ്ട്രീയസമരമഴിച്ചു വിടാനും അവരിൽ നിന്ന് അധികാരം പിടിച്ചടക്കാനും ജനങ്ങളെ സജ്ജമാക്കുകയാണോ ചെയ്യേണ്ടത്?

വികാരങ്ങൾ, ഒററയായും കൂട്ടായുമുള്ള കുറും ശത്രുതയും, മാവോയുടെ മാസ്മര ശക്തിയുമായി ഇഴുകിച്ചേർന്നു നിന്നിരുന്ന വ്യക്തിഗതവും ദേശീയവുമായ സ്വയംമതിപ്പ് എന്നിങ്ങനെയുള്ള, തികച്ചും വ്യക്തിനിഷ്ഠങ്ങളായ നിരവധി ഘടകങ്ങൾ, ആ വൻപിളർപ്പിനു കാരണമായ വസ്തുനിഷ്ഠ യാഥാർഥ്യങ്ങളുമായി അത്യധികം കൂടിക്കുഴഞ്ഞു കിടന്നിരുന്നു. അതു കൊണ്ടാണ്,പല പാശ്ചാത്യ നിരീക്ഷകരും കേവലമൊരു കൊട്ടാരം വഴക്കിൽ കവിഞ്ഞ് ഒന്നും സംഭവിക്കുന്നില്ലെന്നു വിധിയെഴുതിയത്.

ഒരു പൊതുതെരഞ്ഞെടുപ്പിന്റെ ചൈനീസ് പതിപ്പായിരുന്നോ ഈ സമരം? പാർടിയുടെയും ഭരണകൂടത്തിന്റെയും മേൽ സാംസ്കാരിക വിപ്ലവം അഴിച്ചുവിട്ട ആക്രമണങ്ങൾ വാസ്തവത്തിൽ വ്യക്തി പ്രതിഭകളെ നേർക്കു നേരായി അണി നിരത്തു

കയാണുണ്ടായതു്. എന്നാൽ ഒരേ സമയത്ത് ഒരു പ്രസിഡൻറിനെ മാത്രമേ ചൈനയ്ക്കു് ഉറപ്പായുള്ളവാൻ കഴിയുകയുള്ളതാനും. ഒരു വശത്തു് ഭരണഘടനാപരമായി തിരഞ്ഞെടുക്കപ്പെട്ട രാഷ്ട്രത്തലവൻ എന്ന നിലയ്ക്കും ദേശീയ പ്രതിരോധ കൗൺസിലിൻെറ മേധാവി എന്ന നിലയ്ക്കും ലിയു ഷാവോചി പ്രതിനിധീകരിക്കുന്ന പ്രൗഢമായ ബ്യൂറോക്രാററിക്ക് ഭരണകൂടം. പാർടി സംഘടനയുടെ അതിശക്തനായ സംഘടകനും കൂടിയാണ് അദ്ദേഹം. മറുവശത്തു്, ഈ മേൽപ്പരയുമായി പൊരുത്തപ്പെട്ടുകൊണ്ട് എന്നു തോന്നുംവിധം, യഥാർഥത്തിൽ അതുമായി വർധിച്ചു വരുന്ന വൈരുധ്യങ്ങളോടെ, നിലകൊള്ളുന്ന മാവോ എന്ന വീരനായകൻെറ രൂപം. അദ്ദേഹം സൈദ്ധാന്തികോപദേഷ്ടാവും വിപ്ലവത്തിൻെറ തലതൊട്ടപ്പനും പാർടിയുടെ നേതാവുമാണ്. പാർടിയുടെ സൈനികകാര്യ കമ്മീഷനിലുള്ള സ്വാധീനം വച്ചു നോക്കുമ്പോൾ സായുധസേനയുടെ വാസ്തവത്തിലുള്ള തലവൻ കൂടിയാണ് മാവോ.

മാവോ തൊടുത്തുവിട്ട ആക്രമണശരങ്ങൾ നിരവധി പാർടി ബ്രാഞ്ചുകളെ നിശ്ചലമാക്കുകയും ഭരണകൂടത്തിൻെറ മേൽപ്പരായ ഏതാണ്ട് പിരിച്ചു വിടലിൻെറ ഘട്ടത്തിലെത്തിക്കുകയും ചെയ്തു ഒരു ആഭ്യന്തര കലാപത്തിലേക്ക് രാഷ്ട്രത്തെ നയിക്കുകയുമുണ്ടായി. ഒരു യഥാർഥ വിപ്ലവം നടന്നു എന്നതിന് ഇതിൽ കൂടുതൽ തെളിവ് ആവശ്യമില്ലല്ലോ. പുനർനിർമാണ പ്രക്രിയയ്ക്കിടയിൽ പാർടിയുടേയും ഗവൺമെൻറിൻേറയും ഭരണഘടന തിരുത്തി എഴുതുകയുണ്ടായി. ഒരു വശത്ത് തൊഴിലാളിവർഗ പ്രാതിനിധ്യത്തിൻെറ കുത്തക അവകാശപ്പെടുന്ന പാർടിയുടെ സർവ വ്യാപിത്വത്തെക്കുറിച്ച് ഉൽഘോഷിക്കുകയും 3 മറുവശത്ത് 'സ്വതന്ത്രമായ ഭരണകൂടം' എന്ന മിഥ്യാധാരണ വച്ചുപുലർത്തുകയും ചെയ്യുന്ന സന്ദർഭമായം.— യു.എസ്സ്.എസ്സ് ആറിലെ സുപ്രീം സോവിയററിൻെറ ഭരണഘടനയിൽ ഈ മിഥ്യാധാരണകൾ ഇപ്പോഴും നിലനില്ക്കുന്നു

---

3 1969 ലെ പാർടി ഭരണഘടനയുടെ പൂർണ രൂപം അനുബന്ധനത്തിൽ ചേർത്തിട്ടുണ്ട്. 1972 ൻെറ ആദ്യം വരെ ഭരണഘടനയുടെ കരടു രൂപം നാഷണൽ പീപ്പിൾസ് കോൺഗ്രസ് അംഗീകരിച്ചിട്ടുണ്ടായിരുന്നില്ല.

ണ്ട്, ഈ ഭരണഘടനയെ മാതൃകയാക്കിക്കൊണ്ടാണ് ചൈനയിലെ നാഷണൽ പീപ്പിൾസ് കോൺഗ്രസ്സിന്റെ ഭരണഘടന്റെ രൂപം നല്കിയിരുന്നത്—അവസാനിപ്പിച്ച്, യാഥാർഥ്യങ്ങളെ തുറന്ന മനസ്സോടെ അഭിമുഖീകരിക്കുന്നതിനു വേണ്ടിയാണ് ഭരണഘടനകൾ തിരുത്തി എഴുതിയത്.

മാവോ, ലിയു ഷാവോചിയുമായുള്ള തന്റെ അവസാനത്തെ തെററിപ്പിരിയലിന് നിശ്ചയിച്ചിരുന്നത് 1965 ജനുവരിയാണെന്ന് ഞാൻ സൂചിപ്പിക്കുകയുണ്ടായല്ലോ. എന്നാൽ അത്തരമൊരു അനിവാര്യ സംഭവത്തിനുള്ള ഒരുക്കങ്ങൾ 1959 ലോ അതിനു മുൻപു തന്നെയോ ആരംഭിച്ചു കഴിഞ്ഞിരുന്നു. അതേ മാസത്തിലാണ്—ജനുവരി 1965—ചെയർമാനോട് വ്യക്തി പൂജയെ സംബന്ധിച്ച ചോദ്യം ഞാൻ ആദ്യമായി ഉന്നയിച്ചതും. ഇക്കാര്യം ഉന്നയിക്കാനുള്ള കാരണം ഇത്തരുണത്തിൽ പ്രസക്തമാണ്. അഞ്ചു വർഷത്തെ ഇടവേളക്കുശേഷം 1964 ലെ ഗ്രീഷ്മ കാലത്തും 1965 ലെ ശൈത്യകാലത്തും ഞാൻ ചൈന സന്ദർശിക്കുകയുണ്ടായി. ആ സന്ദർഭങ്ങളിൽ വീണ്ടും സന്ദർശിക്കാനിടയായ മിക്ക സ്ഥലങ്ങളിലും കാണാനിടയായ വമ്പിച്ച മാററങ്ങൾ എന്നെ തികച്ചും സ്തബ്ധനാക്കി. 1959 ൽ ചൈനയും റഷ്യയും തമ്മിലുള്ള ആശയ പരമായ ഉരസൽ വമ്പിച്ച അകൽച്ചയുടെ വക്കിലെത്തിയിരുന്നു. ക്രൂഷ്ചേവ്, ചൈനയ്ക്കു ഒരു സാമ്പിൾ ആററം ബോബ് നല്കാമെന്ന തന്റെ വാഗ്ദാനം ലംഘിച്ച ഘട്ടമായിരുന്നു അത്. ഇതേ തുടർന്ന് 1960 ൽ റഷ്യ തങ്ങളുടെ സാങ്കേതികോപദേഷ്ടാക്കളെയെല്ലാം ചൈനയിൽ നിന്ന് പിൻവലിച്ചു. ചൈനയുടെ വ്യവസായവൽക്കരണത്തെ സംബന്ധിച്ചിടത്തോളം ജീവൽപ്രധാനമായ നിരവധി കരാറുകൾ റദ്ദാക്കപ്പെട്ടു. 'മഹത്തായ കുതിച്ചു ചാട്ട'ത്തിനിടയിലും കമ്യൂണുകളുടെ സ്ഥാപനത്തിന്റെ പ്രാരംഭഘട്ടത്തിലും (1958-59) സംഭവിച്ച ചില അതിക്രമങ്ങളുടേയും അവയെ പിൻ തുടർന്നു വന്ന ആത്മ വഞ്ചനാപരമായ പ്രവർത്തനങ്ങളുടെയും പാളിച്ചകളുടെയും ഫലമായി ഉത്പാദന രംഗത്ത് കനത്ത തിരിച്ചടികൾ നേരിടേണ്ടി വന്നു. അഭൂത പൂർവമായ വിധം മോശമായ കാലാവസ്ഥയും വിളവുകളും നിമിത്തം 1963 വരെ ഏതാണ്ടൊരു ക്ഷാമ

ത്തിന്റെ അന്തരീക്ഷമാണു ചൈനയിൽ നിലനിന്നിരുന്നതു്. പക്ഷേ, 1964–'65 കാലഘട്ടമായപ്പോഴേയ്ക്കും സമ്പദ് വ്യവസ്ഥസംതുലനാവസ്ഥ ഏതാണ്ടു് വീണ്ടെടുത്തു കഴിഞ്ഞു. 1959–62 കാലഘട്ടത്തിലെ' ക്ഷാമത്തിന്റെ വർഷങ്ങൾ പിന്നിട്ടിരുന്നു. ഭക്ഷണപദാർത്ഥങ്ങൾ താരതമ്യേന സുലഭമായി ലഭിച്ചുതുടങ്ങിയിരുന്നു. അത്യാവശ്യമായ ഉപഭോഗ വസ്തുക്കളും സേവനങ്ങളും കൂടുതൽ പരക്കെ ലഭ്യമായിത്തുടങ്ങി. വ്യവസായ മേഖലയിലെ നഷ്ടം നികത്തപ്പെട്ടു തുടങ്ങുകയും കൂട്ടു കൃഷി സമ്പ്രദായം കൂടുതൽ ഫലപ്രദമായി പ്രവർത്തിച്ചുതുടങ്ങുകയും ചെയ്തിരുന്നു. വിയത്നാമിൽ നിന്നു പടരുന്ന അമേരിക്കൻ യുദ്ധ ഭീഷണിഒഴിച്ചാൽ പൊതുവെ എല്ലാവരുടെയും മനസ്സിൽ ലാഘവത്വവും ശുഭപ്രതീക്ഷയുമായിരുന്നു.

രാജ്യം, രാഷ്ട്രീയമായി, മുമ്പെന്നത്തേക്കാളുമേറെ മാവോ സെതുങ്ങിനു പിന്നിൽ അടിയുറച്ചു നില്ക്കുന്നതായി തോന്നി.

തിരിച്ചു പോരുന്നതിനോടടുപ്പിച്ചു് രണ്ടു് പഴയ സുഹൃത്തുക്കളെത്തത്തു് ആഹാരം കഴിക്കവെ, ഞാനവരോടു പറഞ്ഞു: ''ഈ ചുററുപാടിൽ ഒരു കാര്യം മാത്രമാണ് എന്നെ വല്ലാതെ കുഴയ്ക്കുന്നതു്''. മാവോ സെ തുങ്ങിനു് നൽകപ്പെടുന്ന അമിതമെന്നു തോന്നിക്കുന്ന പ്രാധാന്യത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞതു്. തെരുവുകളിലെങ്ങും അദ്ദേഹത്തിന്റെ പടുകൂററൻ ചിത്രങ്ങൾ പ്രത്യക്ഷപ്പെട്ടിരുന്നു. എല്ലാ അറകളിലും മാവോയുടെ അർധകായ പ്രതിമകൾ. എല്ലായിടത്തും അദ്ദേഹത്തിന്റെ പുസ്തകങ്ങളും ഛായാപടങ്ങളും മാത്രം. മററുള്ളവരെയെല്ലാം ഒഴിച്ചുനിർത്തിയിരിക്കുന്നതു പോലെ തോന്നി. നാലു മണിക്കൂർ ദൈർഘ്യമുള്ള *കിഴക്കു ചുവപ്പാണ്* എന്ന നൃത്തസംഗീത ശില്പത്തിൽ ഒരേയൊരു കഥാനായകനേയുള്ളൂ—മാവോ സെ തുങ്ങ്. അഫ്ഗാനിസ്ഥാനിലെ മുഹമ്മദ് സാഹിർഷാ രാജാവും അദ്ദേഹത്തിന്റെ പത്നിയും ചൈന സന്ദർശിച്ച അവസരത്തിൽ അവർക്കുവേണ്ടി രണ്ടായിരത്തിലധികം അഭിനേതാക്കളെ പങ്കെടുപ്പിച്ചുകൊണ്ടു് ഈ ശിൽപ്പം പ്രദർശിപ്പിക്കപ്പെട്ടു. അതിന്റെ രസമൂർച്ഛയിൽ, 1946ൽ ഞാനെടുത്ത മാവോയുടെ ഒരു ഫോട്ടോ ഏതാണ്ടു് 30 അടിയോളം വലുതാക്കി വരച്ചു് പ്രദർശിപ്പിക്കപ്പെടുകയുണ്ടായി. ആ ദൃശ്യം എന്നിലുണർത്തിയതു് ഒരുത

തരം സമ്മിശ്രവികാരമാണ്. ഒരു വശത്ത് അതു് ഞാനെടുത്ത ഫോട്ടോ ആണല്ലോ എന്ന അഭിമാനബോധം. മറുവശത്ത് അതു് എന്റെ മനസ്സിൽ യുദ്ധകാല റഷ്യയിൽ പ്രത്യക്ഷപ്പെട്ട അമിതമായ സ്റ്റാലിൻ ആരാധനയെക്കുറിച്ചുള്ള അസുഖകരമായ ഓർമകളുണർത്തി.

ഓഫീസുകളിലും മററു സ്ഥാപനങ്ങളിലും ലിയു ഷാവോചി, ചൂ എൻ ലായ്, പെങ്ങ്ചെൻ, ടെങ്ങ് *സിയാവോപിങ്ങ്* തുടങ്ങിയവരുടെയും മററു പൊളിററ് ബ്യൂറോ അംഗങ്ങളുടെയും ഛായാപടങ്ങൾ കാണാമായിരുന്നു. ലിയു ഷാവോചിയുടെ കൃതികൾ എല്ലായിടത്തും ലഭ്യമായിരുന്നു. മാവോപൂജ പൂർണമായും പരന്നുകഴിഞ്ഞിരുന്നില്ല. പക്ഷെ, അതിലേക്കാണ് നീക്കം എന്നത് തികച്ചും വ്യക്തമായിക്കഴിഞ്ഞിരുന്നു.

യെങ്ങ് ചിങ്ങ് സർവകലാശാലാ ബിരുദധാരിയായ കങ്ങ്പെങ്ങും[4] അവരുടെ ഭർത്താവ് ചിയാവോ കുവാൻ ഹുവായുമായിരുന്നു എന്റെ ആതിഥേയർ. ഇരുവരും വിദേശകാര്യവകുപ്പിലെ ഉപ മന്ത്രിമാരായിരുന്നു. ഞാൻ അവരോട് ഇങ്ങനെ തുടർന്നു: ''വ്യാപകമായ ഇത്തരം പ്രദർശനങ്ങൾ മാത്രമാണ് എന്നിൽ ഇവിടെ ചെയർമാനു് ശത്രുക്കളുണ്ടോ എന്ന സംശയമുളവാക്കുന്ന ഒരേയൊരു കാര്യം. വിപ്ലവത്തിന്റെ മുഖ്യശില്പി അദ്ദേഹം തന്നെയാണ് എന്ന കാര്യം എല്ലാവർക്കും വ്യക്തമായി അറിയാം. വ്യക്തിപരമായി ഈ രൂപത്തിലുള്ള അമിതമായ പ്രകീർത്തനമൊന്നും തന്നെ അദ്ദേഹത്തിനു ആവശ്യമില്ല എന്ന കാര്യം വ്യക്തമല്ലേ. ആ വിലയ്ക്ക് അദ്ദേഹത്തിനു് ഇതിന്റെ ആവശ്യമുണ്ടോ?''

ഞാൻ പറഞ്ഞതു മനസ്സിലാക്കിയിട്ടെന്നവണ്ണം കങ്ങ്പെങ്ങ് പുഞ്ചിരിതൂകി. ''പല വിദേശീയർക്കും ഈ രീതിയിലാണ് തോന്നുന്നതു് എന്നെനിക്കറിയാം.'' അവർ തുടർന്നു: ''ഞാനൊരു കഥപറയാം. വിപ്ലവത്തിന്റെ ആദ്യഘട്ടത്തിൽ അത്ഭുതകരമായ ഒരു കാര്യമുണ്ടായി. ഒക്ടോബർ വിപ്ലവദിനം ആഘോഷിക്കാനെത്തിയ കർഷകർ, മാവോ നിന്നിരുന്ന പീഠത്തിനടുത്തെത്തിയപ്പോൾ അദ്ദേഹത്തിന്റെ മുൻപിൽ കൗ–തൗ (സാഷ്ടാംഗപ്രണാമം) ചെയ്യുകയുണ്ടായി. കർഷ

---

4 ശരിക്കും ഒരു മഹതി. ഇവർ 1970ൽ അന്തരിച്ചു.

കർ ചെയർമാൻെറ മുന്നിൽ സാഷ്ടാംഗം പ്രണമിക്കുന്നതു തടയാൻ ഞങ്ങൾക്കു് ഗാർഡുകളെ നിയോഗിക്കേണ്ടി വന്നു. ചെയർമാൻ മാവോ ചക്രവർത്തിയോ ദൈവമോ അല്ലെന്നും കർഷകർ മനുഷ്യരെപ്പോലെ നിവർന്നു നില്ക്കുന്നതു് കാണാൻ ആഗ്രഹിക്കുന്ന ഒരു വ്യക്തിമാത്രമാണു് അദ്ദേഹമെന്നും ജനങ്ങളെ ബോധ്യപ്പെടുത്താൻ ഒട്ടേറെ സമയം വേണ്ടി വന്നു. ഇപ്പറഞ്ഞതിൽ നിന്നും ചില ആളുകൾ ഏതതിരുവരെ പോകുമെന്ന കാര്യം താങ്കൾക്കു മനസ്സിലായോ? അത്രമായി തട്ടിച്ചു നോക്കുമ്പോൾ ചെയർമാനു് എത്ര നേരിയ തോതിലുള്ള ബഹുമാനമാണു് ഇപ്പോൾ ലഭിക്കുന്നതു്.''

അവരുടെ റാക്കുകൾ, ചൈനയുടെ മൂവായിരം വർഷത്തെ രാജാരാധനാ പാരമ്പര്യത്തെക്കുറിച്ചു് ഓർമിക്കാൻ എനിക്കവസരം നല്കി. ഞാനവരോടു് നന്ദി പ്രകാശിപ്പിച്ചു. എന്നാലും പിന്നീടു് ചെയർമാനെ കാണാനവസരം ലഭിച്ചപ്പോൾ ഞാനദ്ദേഹത്തോടു ചോദിച്ചു, ''ചൈന വ്യക്തിപ്രഭാവം വച്ചു പൂജിക്കുന്നു എന്ന വിമർശനം സോവിയററ് യൂണിയനിൽ ഉയർന്നു വന്നിട്ടുണ്ടു്. അതിനെന്തെങ്കിലും അടിസ്ഥാനമുണ്ടോ?''

ഒരു പക്ഷെ ഉണ്ടായിരിക്കാം എന്നായിരുന്നു മാവോയുടെ മറുപടി. സ്റ്റാലിൻ വ്യക്തിപൂജയുടെ കേന്ദ്രമായിരുന്നെന്നും ക്രൂഷ്ചേവിനെ ചുററിപ്പററി അങ്ങനെ യാതൊന്നുമുണ്ടായിരുന്നില്ലെന്നും പറയുന്നു. ചൈനീസ് ജനതയ്ക്കും ഇത്തരത്തിലുള്ള ചില വികാരങ്ങളും പെരുമാററ രീതികളും ഉണ്ടെന്നാണു് വിമർശകർ പറയുന്നതു്. ഇത്തരത്തിലുള്ള കുറെ സംഭവങ്ങൾ (കൂടി) ഉണ്ടാകാൻ മതിയായ കാരണങ്ങളുമുണ്ടു്. അദ്ദേഹം ഇങ്ങനെ പറഞ്ഞു നിർത്തി: *ഒരു പക്ഷെ ഇത്തരമൊരു വ്യക്തി പ്രഭാവത്തിൻെറ അഭാവം ആയിരിക്കാം ക്രൂഷ്ചേവിൻെറ പതനത്തിന് കാരണമായതും.*

ഇതിലെ സൂചന വളരെ വ്യക്തമായിരുന്നു. മാവോയ്ക്കു് ചില ശത്രുക്കളുണ്ടു്. അതേ സമയം ചൈനയിലെ 95 ശതമാനം ആളുകളും സോഷ്യലിസത്തിനു വേണ്ടി നിലകൊള്ളുന്നവരാണെന്നും കേവലം 5 ശതമാനം പേർ മാത്രമേ തന്നെ എതിർക്കുന്നുള്ളു എന്നും അദ്ദേഹം പറഞ്ഞു. ആരാണീ അഞ്ചു ശതമാനം? മാവോയുടെ പിൻഗാമിയായി നാമനിർദേശം ചെയ്യപ്പെട്ടിട്ടുള്ള

വ്യക്തിയാണ് ഇപ്പട്ടത്തിന്റെ നേതാവെന്നും പൊളിററ് ബ്യൂറോയിലെ പകുതിയോളം അംഗങ്ങൾ ഇപ്പട്ടത്തിൽ പെട്ടതെന്നും ഞാനോ (ഭൂരിഭാഗം ചൈനാക്കാരോ) അറിഞ്ഞിരുന്നില്ല. സംഭവഗതികളെ എങ്ങനെ വ്യാഖ്യാനിക്കണമെന്ന് അറിയാവുന്നവർക്ക് ചില തെളിവുകൾ ലഭിച്ചിരുന്നു. പക്ഷെ, പൊളിററ് ബ്യൂറോയുടെ ഐക്യദാർഢ്യം, അവരുടെ ഐക്യത്തിൽ വന്നിട്ടുള്ള വിള്ളലുകളെ പുറമെ നിന്നു നോക്കുന്നവർക്ക് കാണാത്ത വിധം മറച്ചു പിടിച്ചിരുന്നു.

ഈ ഘട്ടത്തിൽ, 1970 ലെ ഒക്ടോബർ പരേഡിനോടനുബന്ധിച്ച് ഞാൻ മാവോയെ കണ്ടപ്പോൾ അദ്ദേഹം പ്രകടിപ്പിച്ച ചില അഭിപ്രായങ്ങളിലേക്ക് തിരിച്ചു വരാം.

ഞാൻ എഴുതിയ ചില കാര്യങ്ങളുടെ പേരിൽ ഞാൻ വിമർശന വിധേയനാവുന്നുണ്ട്, അദ്ദേഹം പറഞ്ഞു. വിമർശന വിധേയമായ ഭാഗങ്ങളെല്ലാം അദ്ദേഹം വീണ്ടും വായിച്ചിരുന്നു. അതിലൊന്നും തന്നെ അപകടകരമായി എന്തെങ്കിലും ഉള്ളതായി അദ്ദേഹത്തിനു കാണാൻ കഴിഞ്ഞില്ല. എല്ലാ വിഷയങ്ങളിലും എല്ലാവരും തന്നോടു യോജിക്കണമെന്ന് ആരും നിർബ്ബന്ധിക്കുന്നതല്ലോ. ഞാൻ സ്വതന്ത്രമായ ഒരു വീക്ഷണം വച്ചു പുലർത്തുന്നതിൽ യാതൊരു തെററുമില്ല. വ്യക്തിപ്രഭാവത്തെക്കുറിച്ച് ഞാനെഴുതിയ കാര്യങ്ങളെക്കുറിച്ചാണെങ്കിൽ, വ്യക്തിപ്രഭാവം നിലവിലുണ്ട് എന്നത് വസ്തുതയാണ്. പിന്നെ അതേക്കുറിച്ച് എഴുതിയാലെന്താണ്?

ഡിസംബർ 18-ാം എന്നെ പ്രാതലിനു ക്ഷണിച്ചപ്പോൾ ഈ പ്രശ്നം അദ്ദേഹംതന്നെ വീണ്ടും ഉന്നയിക്കുകയുണ്ടായി. സാമൂഹ്യ പ്രതിഭാസങ്ങളെക്കുറിച്ച് ശാസ്ത്രീയമായി പഠിക്കുന്നവരുടെ പക്ഷത്താണു താൻ എന്നദ്ദേഹം പറഞ്ഞു. ഡാർവിൻ, കാൻറ് എന്നിവരേയും പ്രാകൃതസമൂഹങ്ങളെക്കുറിച്ച് പഠനങ്ങൾ നടത്തിയ ലൂയിസ് ഹെൻറി മോർഗനെപ്പോലുള്ള ചില അമേരിക്കൻ ശാസ്ത്രജ്ഞന്മാരെയും അദ്ദേഹം പേരെടുത്തു പറഞ്ഞു. മാർക്സും എംഗൽസും ഇപ്പറഞ്ഞവരുടെ കൃതികൾ ഇഷ്ടപ്പെട്ടിരുന്നു. ഇറോക്വിസ് ഇന്ത്യാക്കാരെക്കുറിച്ചും, ടൈബൽ മതങ്ങളെക്കുറിച്ചും ''ആരാധനയുടെ ആവശ്യ''ത്തെക്കുറിച്ചും മോർഗൻ നടത്തിയ ഗവേഷണങ്ങൾ ചരിത്രപരമായ ഭൗതിക

വാദത്തെയും വർഗ സമരമെന്ന സങ്കൽപ്പത്തെയും പിൻതാങ്ങുന്നവയായിരുന്നു, മാവോ പറഞ്ഞു. ചെയർമാനുമായി, ഞാൻ നേരത്തെ നടത്തിയ സംഭാഷണങ്ങളുടെ വെളിച്ചത്തിൽ ദൈവത്തിലോ ദൈവങ്ങളിലൊ തത്തുല്യമായ സങ്കല്പങ്ങളിലോ അഭയം കണ്ടെത്താനുള്ള മനുഷ്യന്റെ ത്വരയെക്കുറിച്ച് അദ്ദേഹം ഗാഢമായി ചിന്തിക്കുകയും—മാർക്സിന്റെയും എംഗൽസിന്റെയും നാസ്തിക ചിന്തകൾക്കു പുറമേ—അതിൽ നിന്ന് സ്വന്തമായി ചില രാഷ്ട്രീയ പാഠങ്ങൾ ഉരുക്കഴിച്ചെടുക്കുകയും ചെയ്തിട്ടുണ്ട് എന്ന കാര്യം വ്യക്തമായിരുന്നു.

പിന്നീടൊരിക്കൽ താൻ 1965ൽ പറഞ്ഞിരുന്ന ഒരു കാര്യം അദ്ദേഹം എന്നെ ഓർമിപ്പിച്ചു. ചെറിയ തോതിൽ വ്യക്തിപ്രഭാവം ഇപ്പോഴുംതന്നെ നിലവിലുണ്ടെന്നും എന്നാൽ അൽപ്പം കൂടി വർധിച്ച അളവിൽ അതു് ഉണ്ടാവേണ്ടതുണ്ടെന്നുമാണു അന്നദ്ദേഹം പറഞ്ഞിരുന്നതു്. അന്നു് പാർടിയുടെ കടിഞ്ഞാൺ അദ്ദേഹത്തിന്റെ പിടിയിൽ നിന്നു് വിട്ടിരുന്നു.

പക്ഷെ, ഇപ്പോൾ സ്ഥിതിഗതികളിൽ മാററം വന്നിരിക്കുന്നു. മാവോ പറഞ്ഞു, അതു് (വ്യക്തിപ്രഭാവം) ആവശ്യത്തിൽക്കവിഞ്ഞ് ഉപയോഗിക്കപ്പെടുകയുമുണ്ടായി, അതിനു് അനാവശ്യമായ ഔപചാരിക രൂപം നൽകപ്പെടുകയുണ്ടായി. ഉദാഹരണമായി നാല് മഹാൻ പദങ്ങൾ—മഹാനായ ഗുരുനാഥൻ, മഹാനായ നേതാവ്, മഹാനായ സേനാധിപൻ, മഹാനായ അമരക്കാരൻ—എത്ര അസംബന്ധമാണവ! അതെല്ലാം ഏറെത്താമസിയാതെ ഒഴിവാക്കേണ്ടിയിരിക്കുന്നു, ഗുരുനാഥൻ (അധ്യാപകൻ) അതായത് സ്കൂളധ്യാപകൻ,എന്ന വിശേഷണം മാത്രം നിലനിറുത്തിയാൽ മതി. താൻ എക്കാലവും ഒരു സ്കൂളധ്യാപകനായിരുന്നു. ഇപ്പോഴും അതെ. ബാക്കിയുള്ളതെല്ലാം ഒഴിവാക്കപ്പെടും. ●

II

സംസ്ക്കാരം

ഈ ഗുരുനാഥൻ പഠിപ്പിക്കാൻ ശ്രമിച്ചുപോന്നതും എന്നാൽ ജനങ്ങളിലേക്ക് എത്തിച്ചേരാതിരുന്നതുമായ സന്ദേശങ്ങൾ എന്തെല്ലാമായിരുന്നു? ചെയർമാന്റെ നിയന്ത്രണത്തിൽ നിന്നു വിട്ടുമാറിപോയിരുന്നതും ഒരുപക്ഷെ ഒട്ടുംആത്മാർഥതയില്ലാത്തതുമായ പാർടി പ്രചരണ വിഭാഗം തെരുവീഥികളിൽ പ്രതിഷ്ഠിച്ചിരുന്ന അർധകായ പ്രതിമകൾക്കും ചിത്രങ്ങൾക്കും അപ്പുറത്തുള്ള പരമപ്രധാനമായ ആ സത്ത എന്തായിരുന്നു?

നാലു ക്വാറൻ വാല്യങ്ങളിലായി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള *മാവോയുടെ തെരഞ്ഞെടുത്ത കൃതികൾ* ഔദ്യോഗികമായി പ്രസിദ്ധീകരിക്കപ്പെട്ടു കഴിഞ്ഞിട്ടില്ലെങ്കിലും പാർടി വൃത്തങ്ങളിൽ പ്രചരിച്ചു കഴിഞ്ഞിരുന്നു. *തെരഞ്ഞെടുത്ത കൃതികളുടെ* മറ്റൊരു വാല്യം, എണ്ണമററ പ്രസ്താവനകൾ, റിപ്പോർട്ടുകൾ എന്നിവയായിരുന്നു മാവോ ചിന്തയുടെ അടിസ്ഥാനം. പക്ഷെ എല്ലാ ചോദ്യങ്ങൾക്കുമുള്ള ഏററവും ലഘുവായ ഉത്തരമാണ 1966 അഗസ്റ്റ് 8-ാം തീയതി (സാംസ്കാരിക വിപ്ലവത്തിന്റെ ആരംഭഘട്ടത്തിൽ) പാർടി കേന്ദ്രക്കമ്മിററിയുടെ (എട്ടാം കോൺഗ്രസ്സ്) പതിനൊന്നാം പ്ലീനം നല്കിയത്. കേന്ദ്രക്കമ്മിററി അവിഷ്കരിച്ച പതിനാറിന പരിപാടിയിൽ പതിനാറാമത്തെ ഇനത്തിൽ ഇങ്ങനെ പ്രസ്താവിച്ചിരുന്നു:

> മഹത്തായ സാംസ്കാരിക വിപ്ലവത്തിലൂടെ മാവോ സെതുങ്ങ് ചിന്തയുടെ രക്തപതാക ഉയർത്തിപ്പിടിക്കുകയും തൊഴിലാളി വർഗ രാഷ്ട്രീയത്തെ അമരത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്യേ തീരൂ. മാവോചിന്തയായിരിക്കും

• •

സാംസ്കാരിക വിപ്ലവ പ്രവർത്തനങ്ങൾക്ക് മാർഗ ദർശനം നല്കുന്നത്.....

എല്ലാതലങ്ങളിലുമുള്ള പാർടിക്കമ്മററികൾ ചെയർമാൻ മാവോയുടെ കൃതികൾ കൂടുതൽ ബോധപൂർവമായും സർഗാത്മകമായും പഠിക്കുകയും പ്രയോഗിക്കുകയും ചെയ്യേണ്ടതാണ്. പ്രത്യേകിച്ച് സാംസ്കാരിക വിപ്ലവത്തെക്കുറിച്ചും പാർടിയുടെ നേതൃത്വ രീതികളെക്കുറിച്ചും മാവോ രചിച്ചിട്ടുള്ള പുസ്തകങ്ങൾ (*പുതിയ ജനാധിപത്യത്തെക്കുറിച്ച്, യെനാൻ കലാ-സാഹിത്യ ഫോറത്തിൽ നടത്തിയ പ്രസംഗങ്ങൾ, ജനങ്ങൾക്കിടയിലുള്ള വൈരുധ്യങ്ങൾ ശരിയാംവിധം കൈകാര്യം ചെയ്യുന്നതു സംബന്ധിച്ച്, ചൈനീസ് കമ്യൂണിസ്ററ് പാർടിയുടെ പ്രചാരണ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നാഷണൽ കോൺഫറൻസിൽ നടത്തിയ പ്രസംഗം, നേതൃത്വ രീതികളെ സംബന്ധിച്ചുള്ള ചില പ്രശ്നങ്ങൾ, പാർടി കമ്മററികളുടെ പ്രവർത്തന രീതി*[1] ഇവയെല്ലാം അവർ വീണ്ടും വീണ്ടും വായിച്ചു പഠിക്കേണ്ടതാണ്.

ഈ ഗുരുനാഥന്റെ ഉപദേശങ്ങൾ മുഴുവൻ-പാർടിയുടെയും വിപ്ലവത്തിന്റെയും ചരിത്രത്തെ മുഴുവൻ പുല്കുന്നവയാണവ—ക്രോഡീകരിക്കുക എന്നത് അത്ര എളുപ്പമല്ല. പക്ഷെ സായുധ മേധാവി ലിൻ പിയാവോ അതു ചെയ്തിട്ടുണ്ട്. അദ്ദേഹമാണ് പിൽക്കാലത്ത് ''കൊച്ചു ചെമപ്പുപുസ്തകം'' എന്ന പേരിൽ എല്ലായിടത്തും പ്രസിദ്ധമായി തീർന്ന മാവോ സൂക്തങ്ങൾ സമാഹരിച്ചത്. 1962 ൽ ജനകീയ വിമോചന സേനയുടെ മുഖ പത്രമായ *ചി ഹാങ് ചുൻ പാവോ*യിൽ (വിമോചന ദിന പത്രം) ദിവസേന ഒരു സൂക്തം എന്ന കണക്കിന് ലിൻ പ്രസിദ്ധീകരിച്ചു തുടങ്ങി (ഉടനീളം മാവോയെ പിൻതാങ്ങിയ ഒരേ ഒരു ദിനപത്രം ഇതായിരുന്നു). 1964 ൽ ഏററവും ശക്തമായ സൂക്തങ്ങൾ (അവയിൽ ചിലതു് ദീർഘമായ ഉദ്ധരണികളായിരുന്നു, ചിലതു് പൂർണമായി കൊടുത്തിരുന്നു.) ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു പോക്കററ് ബുക്ക് അദ്ദേഹം പുറത്തിറക്കി.

---

[1] വിശദ വിവരങ്ങൾക്ക് അനുബന്ധത്തിൽ കൊടുത്തിരിക്കുന്ന പാർടി കോൺഗ്രസ്സിന്റെ പതിനൊന്നാം പ്ളീനം പാസാക്കിയ പ്രമേയം—പതിനാറിന പരിപാടി—നോക്കുക.

എല്ലാ സായുധ സേനാംഗങ്ങൾക്കും സൗകര്യ പ്രദമായി പോക്കറ്റിലിട്ടു നടക്കാവുന്ന സൈസിലാണ് അതു് പുറത്തിറക്കിയിരുന്നതു്. സായുധ സൈനികരെ സൈദ്ധാന്തിക കവചമണിയിക്കാനും ചൈനയിലെ ബഹുഭൂരിപക്ഷം വരുന്ന കർഷകരെ ആവേശഭരിതരാക്കാനും അതുപയോഗിക്കപ്പെട്ടു. 1966ൽ നഗരങ്ങളിൽ കൊച്ചു ചെമപ്പു പുസ്തകത്തിൻെറ ഒരു പ്രളയം തന്നെയുണ്ടായി. കോടിക്കണക്കിനു പ്രതികൾ പ്രസിദ്ധീകരിക്കപ്പെട്ടു. പിന്നീടു് ലോകത്തിലെ എല്ലാ പ്രധാന ഭാഷകളിലും ഈ പുസ്തകം പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി. ഈ പുസ്തകത്തിലെ ''സ്ഥിരമായി വായിക്കപ്പെടുന്ന മൂന്നു ലേഖനങ്ങൾ'' ഏതു സന്ദേശമാണ് മാവോ എല്ലാ ചൈനീസ് മനസ്സുകളിലും പടർത്താനാഗ്രഹിച്ചതു്, എന്നതിൻെറ സരളമായ ഒരേകദേശ രൂപം നൽകും.

'ജനങ്ങളെ സേവിക്കാൻ' എന്ന ലേഖനം, 'ജനങ്ങൾക്കു വേണ്ടി', 'അഭിമാനാർഹമായ മരണം' കൈവരിച്ച ഒരു സാധാരണ പട്ടാളക്കാരനെക്കുറിച്ചുള്ളതാണ്. ആ പട്ടാളക്കാരൻെറ മരണസമയത്തു് മാവോ നടത്തിയ പ്രശംസാപ്രസംഗവും (1944) അതിലുണ്ട്. ആ ഘട്ടത്തിലാണ് മാവോ മരണം കൈവരിക്കുന്ന ഓരോ സഖാവിൻെറയും പേരിൽ — അയാൾ ഭടനോ അടുക്കള ജോലിക്കാരനോ ആവട്ടെ—അനുസ്മരണ സമ്മേളനങ്ങൾ വിളിച്ചുകൂട്ടുന്ന പതിവ് ആരംഭിച്ചതു്. അങ്ങനെ മരിച്ചവരെ ബഹുമാനിക്കാനും 'എല്ലാ ജനങ്ങളേയും ഏകോപിപ്പിക്കുവാനു'മാണ് അദ്ദേഹം ശ്രമിച്ചതു് (*ജനങ്ങളെ സേവിക്കൽ*)

ചൈനീസ് വിപ്ലവത്തിനുവേണ്ടി സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കെ മരണം കൈവരിച്ച കനേഡിയൻ ഡോക്ടർ 'ഡോ. നോർമൻ ബെഥൂണെയുടെ സ്മരണയ്ക്കുവേണ്ടി'' നടത്തിയ മറെറാരു പ്രശംസാ പ്രസംഗത്തിൽ(1939)മാവോ ബെഥൂണെയുടെ ''അങ്ങേ അററത്തെ സേവനസന്നദ്ധതയെ''പുകഴ്ത്തുകയും 'എല്ലാ കമ്യൂണിസ്റ്റുകളും പഠിക്കേണ്ട ഒരു പാഠമാണ്'' അതെന്നു് ആഹ്വാനിക്കുകയും ചെയ്തു.അദ്ദേഹം 'മഹാമനസ്ക്കനും പരിശുദ്ധനുമായിരുന്നു.' 'ജനങ്ങളെ സംബന്ധിച്ചിടത്തോളം ഒരമൂല്യസമ്പത്തായിരുന്നു.' 'അദ്ദേഹത്തിൻെറ

സാർവദേശീയത' തൊഴിലാളിവർഗങ്ങൾ തമ്മിലുള്ള പരസ്പര സഹകരണത്തിലുള്ള ഉജ്വലമായ ഒരുദാഹരണമാണ്, മാവോ ആ പ്രസംഗത്തിൽ പറഞ്ഞു. (*സാർവദേശീയത*)

'മലകളെ കിളച്ചു മാററിയ വിഡ്ഢിയായ കിഴവൻ'' എന്ന ലേഖനമാണ് മൂന്നാമത്തേത്. ഒരു ചൈനീസ് നാടോടിക്കഥയെ ആസ്പദമാക്കി എഴുതിയിട്ടുള്ള ഈ ലേഖനം അസാധ്യമെന്നു കരുതിയ ഒരു കാര്യം നേടുന്നതിനുവേണ്ടി പരിശ്രമിച്ച ഒരു കർഷകനെ കുറിച്ചുള്ളതാണ്. ആ കർഷകൻ തന്റെ പുത്രന്മാരോടൊപ്പം തങ്ങളുടെ വീടിനു ചുററുമായി സ്ഥിതി ചെയ്യുന്ന രണ്ട് പടുകൂററൻ മലകൾ കിളച്ചുമാററാൻ പരിശ്രമിച്ചു. ബുദ്ധിശാലികളായ സർവരും വൃദ്ധനെ കളിയാക്കി. പക്ഷെ വരാനിരിക്കുന്ന തലമുറകൾ, പിറക്കാനിരിക്കുന്ന സന്തതി പരമ്പരകൾ, താൻ തുടങ്ങി വച്ച ജോലി തുടരുകയും ആത്യന്തികമായ വിജയം കൈവരിക്കുകയും ചെയ്യുമെന്ന് പറഞ്ഞുകൊണ്ട് കിഴവൻ ജോലി തുടർന്നു. നാടോടിക്കഥയുടെ അന്ത്യത്തിൽ അവർ വിജയം കൈവരിക്കുന്നുമുണ്ട്—ദൈവങ്ങളുടെ സഹായത്തോടെയാണ് എന്നുമാത്രം. മാവോ, ഈ രണ്ട് മലകളെ, ചൈനയുടെ പുരോഗതിക്ക് വിഘാതമായി നിൽക്കുന്ന രണ്ട് മൃതാരങ്ങളോട്—ഫ്യൂഡലിസവും സാമ്രാജ്യത്വവും—താരതമ്യപ്പെടുത്തി. 'ദൈവങ്ങളുടെ' സ്ഥാനത്ത് അദ്ദേഹം 'ജനങ്ങ'ളെ പ്രതിഷ്ഠിച്ചു. ജനങ്ങൾ കൂട്ടായി കിളച്ച് ഈ രണ്ട് ആപത്തുകളെയും ചൈനയിൽ നിന്ന് നീക്കം ചെയ്യും എന്നാണദ്ദേഹം ഈ ലേഖനത്തിൽ പറഞ്ഞത്.

1945ൽ എഴുതപ്പെട്ട 'കിഴവന്റെ കഥ' ഗൗരവതരമായ നിരവധി രാഷ്ട്രീയ പാഠങ്ങൾ ഉൾക്കൊള്ളുന്നതാണ്. അമേരിക്കൻ സാമ്രാജ്യത്വം ചിയാങ്ങ് കൈഷേക്കിനു നൽകാൻ പോകുന്ന പിന്തുണയ്ക്കെതിരെ ജാഗ്രതകരായിരിക്കാനും അതേസമയം അമേരിക്കൻ സർക്കാരിനെയും അവിടത്തെ ജനതയെയും വേർതിരിച്ചുകാണാനും അത് ആഹ്വാനം ചെയ്യുന്നുണ്ട്. ഇത് ഇന്ന് തികച്ചും പ്രസക്തമായ ഒരു വിഷയമാണ് (*സ്വയം പര്യാപ്തതയും തീവ്രമായ സമരവും*) തനിക്കും തന്റെ കുടുംബത്തിനും പ്രാധാന്യം കല്പിക്കുകയും സമൂഹത്തെ അവഗണിക്കുകയും ചെയ്യുക എന്ന ആശയം വച്ചുപുലർത്തുന്ന ചൈനീസ്

വിദേശിയ ബൂർഷ്വാകളുടെ പഴയ സ്വഭാവങ്ങൾ, ആചാരങ്ങൾ, പഴഞ്ചൻ ആശയങ്ങൾ, പഴയ സംസ്ക്കാരം എന്നിവ ശക്തിതിരെ പടപൊരുതുന്നതിന് ചൈനീസ് കമ്യൂണിസ്റ്റുകൾ പ്രയോഗിക്കുന്ന പ്രചാരണങ്ങളിൽ ഇത്തരത്തിലുള്ള സരളവും നിഷ്ക്കപടവുമായ ധാരാളം ഉദാഹരണങ്ങൾ കാണാം. അതേസമയം മൂർത്തമായ പ്രശ്നങ്ങളെ വ്യവസ്ഥാപിതവും ഏകീകൃതവുമായ രീതിയിൽ അപഗ്രഥിച്ച് സംക്ഷേപിക്കുന്നതിന്വേണ്ട പ്രചാരണ പ്രവർത്തനങ്ങൾ—പ്രാമാണിക സിദ്ധാന്തങ്ങൾ ഉപയോഗിച്ചുള്ള വസ്തുനിഷ്ഠമായ അപഗ്രഥനങ്ങൾ—നടത്തുന്നതിന് മാവോയുടെ ഏററവും പ്രധാനമായ സൈദ്ധാന്തിക കൃതികൾ നല്ലപോലെ പഠിക്കേണ്ടതുണ്ട്. *വൈരുധ്യങ്ങളെക്കുറിച്ച്, പ്രയോഗത്തെക്കുറിച്ച്, ജനങ്ങൾക്കിടയിലുള്ള വൈരുധ്യങ്ങൾ ശരിയാംവിധം കൈകാര്യം ചെയ്യുന്നതു സംബന്ധിച്ച്* എന്നീ കൃതികളാണ് ഇക്കൂട്ടത്തിൽ ഏററവും പ്രധാനപ്പെട്ടവ.

ഞാൻ സാംസ്ക്കാരിക വിപ്ലവമെന്ന മുഖ്യകഥയിൽ നിന്ന് ഒട്ടു വളരെ വ്യതിചലിച്ചതായി തോന്നാം. പക്ഷെ അതിനു കാരണമുണ്ട്. മാവോയുടെ നേതൃത്വം ചൈനയിലെ ജനങ്ങൾക്കിടയിൽ വളർത്തിയതും വളർത്തിയെടുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതുമായ ചിന്തകളുടെ ''സ്വഭാവം'' മനസ്സിലാക്കാനുള്ള ചില പാർശ്വ പഥസഞ്ചാരങ്ങൾ ഇവിടെ അനിവാര്യമാണ്. ഇവയുടെ സഹായമില്ലാതെ, സംഭവഗതികളെ കാലക്രമമനുസരിച്ച് വിവരിക്കുന്നതുകൊണ്ടു മാത്രം സാംസ്കാരിക വിപ്ലവത്തിന്റെ ''സ്രോതസ്സ്''കളെ കുറിച്ച് ഗ്രഹിക്കാനാവില്ല.

അപ്പോൾ ലിയു ഷാവോചി നേരത്തെ സൂചിപ്പിച്ച ലേഖനങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള നന്മകൾക്കും ധർമോപദേശങ്ങൾക്കും എതിരായിരുന്നോ? തീർച്ചയായും അല്ല. മാവോ—ലിയു സംഘർഷത്തിന്റെ തുടക്കം മററുചില പ്രശ്നങ്ങളിൽ നിന്നാണ്. പാർടി, ലിയുവിന്റെ നേതൃത്വത്തിൽ ഒരു 'പ്രായോഗിക' നയം, *യു—മിങ്ങ്വുഷി* നയം (പേരിനു മാത്രമുള്ളതു്, അസ്തിത്വമില്ലാത്തതു്), പിൻതുടരുകയും മാവോയുടെ സിദ്ധാന്തത്തെ ജനജീവിതവുമായി ബന്ധപ്പെടുത്തുന്നതിൽപരാജയപ്പെടുകയും ചെയ്തതിനെ തുടർന്നാണ് ഈ സംഘർഷം ആരംഭിച്ചതു്.

ലിയു ഐക്യം കാത്തു സൂക്ഷിക്കാൻ പാകത്തിൽ മാത്രം മാവോയെ പിൻതാങ്ങി വന്നു. അതോടൊപ്പം തന്നെ, തൻെറ സംഘടനയെ സംരക്ഷിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തുവന്നു. തൻെറ സംഘടനയുടെ പ്രായോഗിക ഭരണകാര്യങ്ങൾ വ്യവസ്ഥാപിതമാം വിധം, വെറും സാധാരണക്കാരനു ചേർന്നരൂപത്തിൽ, ആവേശഭരിതമാകാതെ, തികച്ചും ബ്യൂറോക്രാററിക് രീതിയിൽ നിർവഹിക്കുന്നതിൽ ഇടപെടാൻ ആരെയും അദ്ദേഹം അനുവദിച്ചിരുന്നില്ല.

പ്രവർത്തന ശൈലിയുടെയും മനോഭാവത്തിൻെറയും കാര്യത്തിൽ ലിയുവും മാവോയും തികച്ചും വ്യത്യസ്തരാണ്. ലിയുവിനു് മാവോയെക്കാൾ ഏഴുവയസ്സിനു ഇളപ്പമാണ്. മാവോയുടെ ഹുനാൻ പ്രവിശ്യയിൽ തന്നെയാണ്, ലിയുവും ജനിച്ചതു്. രണ്ടുപേരും ഒരേ വിദ്യാലയത്തിലാണ് വിദ്യയഭ്യസിച്ചതു്. രണ്ടുപേരുടെയും ലക്ഷ്യം അധ്യാപകനാവുക എന്നതുതന്നെയായിരുന്നു. പക്ഷെ അധ്യാപനത്തെക്കുറിച്ചുള്ള ഇവരുടെയും ആശയങ്ങൾ ഒട്ടുവളരെ വ്യത്യസ്തമായിരുന്നു. ഇരുവരും ധനിക കർഷക കുടുംബങ്ങളിൽ നിന്നാണ് വരുന്നതു്. മാവോ തൻെറ പിതാവുമായി കലഹിച്ചു പിരിഞ്ഞു. ലിയു അതു ചെയ്തില്ല. ഇരുവരും പാർടിയിൽ ചേർന്നതു് 1921ലാണ്. ലിയു പാർടിയിൽ ചേർന്നതു് മോസ്കോവിൽ വച്ചാണ് (കൊമിൻേറൺ ചൈനയിൽ നിന്നു റിക്രൂട്ടുചെയ്ത പാർടിയിൽ) അതേ സമയം മാവോ ഷെൻഷിയിൽ രൂപീകൃതമായ തദ്ദേശീയ പാർടിയുടെ സ്ഥാപകൻ എന്ന നിലയിലാണ് തൻെറ രാഷ്ട്രീയ ജീവിതം ആരംഭിച്ചതു്.

ലിയു ഒരു റഷ്യൻ അനുഭാവി, ആയിരുന്നില്ല. പക്ഷെ റഷ്യയിൽ കഴിച്ചുകൂട്ടിയ ആദ്യകാല വർഷങ്ങൾ അദ്ദേഹത്തെ സ്വാധീനിച്ചിരുന്നു. കർഷക ഗറില്ലകളെ റിക്രൂട്ടുചെയ്തുകൊണ്ടാണ് മാവോ വിപ്ലവത്തെക്കുറിച്ചു പഠിച്ചതു്. ലിയു, കർഷക ജീവിതത്തിനു് അത്ര പ്രാധാന്യമൊന്നും കൽപ്പിച്ചിരുന്നില്ല. നഗരങ്ങളിലെ ഗൂഢാലോചനാ പ്രവർത്തനങ്ങളിലായിരുന്നു അദ്ദേഹത്തിനു താല്പര്യം. തൊഴിലാളികളേയും ബുദ്ധിജീവികളേയും സംഘടിപ്പിക്കുന്നതിൽ ഒരു വിദഗ്ധനായിരുന്നു ലിയു. ആവേശത്തിൽ നിന്നും ആഹ്വാനങ്ങളിൽ നിന്നും ലഭി

ക്കുന്നതിനേക്കാൾ ഫലം. വേണ്ട വിധം സംഘടിപ്പിച്ചിട്ടുള്ള പ്രവർത്തകരെ ഉപയോഗിച്ച്— ഒരു പ്രൊഫഷണൽ മനുഷ്യയന്ത്രം ഉപയോഗിച്ച്— നേടാം എന്ന വിശ്വാസമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്.

മാവോ, നാഗരിക ജീവിതത്തെ വെറുക്കുകയും അവിശ്വസിക്കുകയും ചെയ്തു. 1949ന് മുൻപുള്ള കാലങ്ങളിൽ ഭൂരിഭാഗവും, യോദ്ധാവായ ഒരു രാഷ്ട്രീയ പ്രവർത്തകൻ എന്ന നിലയ്ക്കാണ് അദ്ദേഹം കഴിഞ്ഞുകൂടിയത്. തോക്കുപയോഗിക്കുകയോ ബോംബ് തൊടുക്കുകയോ ചെയ്യാത്ത 'വിദഗ്ധ'രേയും, ബുദ്ധിജീവികളേയും അദ്ദേഹത്തിന് വെറുപ്പായിരുന്നു. ദരിദ്ര കർഷകരെ അദ്ദേഹത്തിന് ബഹുമാനമായിരുന്നു—അദ്ദേഹത്തിന്റെ ഏററവും നല്ല യോദ്ധാക്കളെല്ലാം ഇവരുടെയിൽ പെടുന്നവരായിരുന്നു. ഗ്രാമപ്രദേശങ്ങളിലെ തൊഴിലാളി വർഗ്ഗത്തിൽ നിന്നു വന്ന പുതിയ തൊഴിലാളികളുടെ ആവശ്യങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നതിലും അവരെ നാഗരികതയുടെ അഴിമതികളിൽ നിന്ന് സംരക്ഷിക്കുന്നതിലും മാവോ താല്പര്യം കാണിച്ചു. സാധാരണക്കാരായ കർഷകർ അദ്ദേഹത്തെ ഉന്മേഷഭരിതനാക്കി. അവരുടെ ആത്മവിശ്വാസം, ആദർശ നിഷ്ഠ, രാജ്യസ്നേഹം എന്നിവയെക്കുറിച്ചുള്ള ആഹ്വാനങ്ങളിലൂടെയാണ് അദ്ദേഹം ചുറ്റുപുറക്കുള്ള പിൻഗാമികളെ നേടിയെടുത്തിരുന്നത്—ചരിത്രത്തിന്റെ ഉജ്വലമായ താളുകൾ, പ്രകൃതിയെ മെരുക്കുവാൻ മനുഷ്യൻ നടത്തിയ നിരന്തര സമരത്തെക്കുറിച്ചുള്ള ഐതിഹ്യാസിക സൂചനകൾ, മനുഷ്യൻ ദൈവമായിക്കൊണ്ടിരിക്കുന്നു എന്ന സങ്കൽപ്പം, ഇവയെല്ലാം കലർന്ന ഒരു മിശ്രിതത്തിൽ നിന്ന് തന്റെ കവിതകൾക്കുള്ള വിഷയങ്ങൾ അദ്ദേഹം തെരഞ്ഞെടുത്തിരുന്നതുപോലെ.

മുഖ്യമായും ഒരു കാർഷിക രാജ്യമായിരുന്ന ചൈന, ഒരു വ്യാവസായിക സമൂഹമായി മാറിക്കൊണ്ടിരുന്ന കാലഘട്ടത്തിൽ ഈ രണ്ടു വ്യക്തികളും തികച്ചും അനുയോജ്യമായ വിധം പരസ്പര പൂരകങ്ങളായി വർത്തിക്കുന്നതുപോലെ തോന്നി. 1958ൽ പോലും ഇതു തന്നെയായിരുന്നു സ്ഥിതി. ആ വർഷത്തിലാണ് ലിയുവിന് പീപ്പിൾസ് റിപ്പബ്ളിക്കിന്റെ ചെയർമാൻ സ്ഥാനം ഒഴിഞ്ഞു കൊടുത്തു. തന്റെ മുഴുവൻ സമയവും

പാർടി പ്രവർത്തനത്തിനായി (അങ്ങനെയാണ് പറയപ്പെട്ടിരുന്നത്) വിനിയോഗിക്കുന്നതിനുവേണ്ടി മാവോ ചെയർമാൻ സ്ഥാനം രാജിവച്ചത്. അതേ വർഷത്തിൽ തന്നെയാണ് ''പ്രവർത്തന രീതികളെക്കുറിച്ചുള്ള അറുപത്പോയിൻറുകൾ'' എന്ന മഹത്തായ രേഖ മാവോ അവതരിപ്പിച്ചത്. അതിൽ അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചിരുന്നു. ''ഇതിലെ മുഖ്യ പോയിൻറുകളെല്ലാം തന്നെ (നിയമങ്ങൾ, നിയന്ത്രണങ്ങൾ എന്നിവയെ സംബന്ധിച്ചുള്ളവ) മേഖലകളിൽ പ്രവർത്തിക്കുന്ന സഖാക്കളുമായി ചർച്ച നടത്തിയശേഷം സഖാവ് ലിയു ഷാവോചി തയ്യാറാക്കിയിട്ടുള്ളതാണ്'' 2

റഷ്യയുമായി തെററിപ്പിരിഞ്ഞ സന്ദർഭം, രീതി, എന്നിവയെക്കുറിച്ചുള്ള അഭിപ്രായവ്യത്യാസങ്ങൾ മൂലം 1959 മുതൽ മാവോ–ലിയു ബന്ധം താറുമാറായി തുടങ്ങി. റഷ്യ-ചൈനാ പ്രശ്നം, 1957ൽ മോസ്കോയിൽ നടന്ന സമ്മേളനം മുതലാണ് ആരംഭിച്ചത്. 1959ൽ ക്രൂഷ്ചേവ് ക്യാമ്പ് ഡേവിഡ് സന്ദർശിക്കുകയും അതേ തുടർന്ന് അദ്ദേഹം ചൈനക്ക് ആററം ബോംബുകൾ നൽകാമെന്ന വാഗ്ദാനം പിൻവലിക്കുകയും ചെയ്തതോടെ റഷ്യ–ചൈനാ പ്രശ്നം തികച്ചും പ്രകടമായി തീർന്നു. സെപ്തമ്പറിൽ, ക്രൂഷ്ചേവ് ഐസൻ ഹോവറെ സന്ദർശിച്ചു. അത്യധികം സംശയത്തോടെയാണ് മാവോ ഈ സന്ദർശനത്തെ വീക്ഷിച്ചിരുന്നത്. അതേ മാസത്തിൽ പെങ്ങ് തെ–ഹുവായ്, പ്രതിരോധമന്ത്രി സ്ഥാനത്തു നിന്നു പിരിച്ചുവിടപ്പെട്ടു.

ലൂഷനിലെ നിർണായകരായ കേന്ദ്രക്കമ്മററി പ്ലീനത്തെ തുടർന്നാണ് ഇതുണ്ടായത്. ഇവിടെ വച്ച്, പെങ്ങ് മാവോയെ എതിർത്തു. ഈ യോഗത്തിൽ പെങ്ങിനെതിരെയുള്ള വിശ്വാസ വോട്ട് നേടുന്നതിനു മാവോയ്ക്ക് തൻെറ മുഴുവൻ പ്രശസ്തിയും ഉപയോഗപ്പെടുത്തേണ്ടി വന്നു.

ആരാണ് പെങ്ങ് തെ ഹുവായി?—അദ്ദേഹത്തിന് പെക്കിങ്ങ് മേയർ പെങ്ങ് ചെന്നുമായി ബന്ധമൊന്നുമില്ല. (പെങ്ങ് ചെന്നിൻെറ പ്രവർത്തനം പ്രധാനമായും നഗരത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു). കഠിന പ്രകൃതിക്കാരനും

2 ജെറോം ചെൻ, Mao papers. നേരത്തെ ഉദ്ധരിച്ചിട്ടുണ്ട്

ജാഗ്രതകനമായ ഒരു യോദ്ധാവായിരുന്നു പെങ്ങ് തെ ഹുവായി. കർഷക കുടുംബത്തിലാണ് ജനനം. കേവലം രണ്ടു വർഷം മാത്രമേ സ്കൂളിൽ പഠിച്ചിട്ടുള്ളു. 1899ൽ, ഹുനാൻ പ്രവിശ്യയിൽ മാവോയുടെ അതേ കൗണ്ടിയിൽ ജനിച്ചു. സ്വന്തം വീട്ടിലെ ഭീകരാവസ്ഥയിൽ നിന്നു രക്ഷപ്പെടുന്നതിനു വേണ്ടി ചെറുപ്പത്തിലേ അവിടെ നിന്ന് ഒളിച്ചോടി. കുറെക്കാലം അലഞ്ഞു നടന്നു. പിന്നീട്, കൗമാരത്തിൽ തന്നെ പട്ടാളക്കാരനായി. 1928ൽ അദ്ദേഹം ഒരു നാഷണലിസ്റ്റ് റെജിമെൻറിൻെറ നേതാവായിരുന്നു. ആ ഘട്ടത്തിൽ ഒരു കലാപത്തിനു നേതൃത്വം നൽകികൊണ്ട് തൻെറ റെജിമെൻറിനോടൊപ്പം അദ്ദേഹം മാവോ സെ തുങ്ങിൻെറ ഗറില്ലാ സംഘത്തോടു ചേർന്നു. അതിനുശേഷം അദ്ദേഹം മാവോയെ പിൻതാങ്ങി വന്നു. പെങ്ങിൻെറ രാഷ്ട്രീയ ഗുരുവും മാവോ തന്നെ. സമരങ്ങളിലും സൈദ്ധാന്തിക കാര്യങ്ങളിലും പെങ്ങ് നിരവധി തെററുകൾ വരുത്തിയിട്ടുണ്ട്. (അക്കാര്യം അദ്ദേഹം എപ്പോഴും തുറന്നു സമ്മതിക്കുമായിരുന്നു.) പക്ഷെ അദ്ദേഹം കഴിവുററ ഒരു സൈനിക തന്ത്രജ്ഞനായിരുന്നു. മാവോ അദ്ദേഹത്തെ വിശ്വസിക്കുകയും ഇഷ്ടപ്പെടുകയും ചെയ്തു. മാവോയുടെ വിശ്വാസമാർജിക്കുവാൻ കഴിഞ്ഞതു മൂലമാണ് നായുധസേനയിൽ മററു പലരെക്കാളും വളരെ വേഗത്തിൽ ഉയരാൻ പെങ്ങിനു സാധ്യമായതു്.

കൊറിയയിലെ ചൈനീസ് വളണ്ടിയർമാരെ നയിച്ചിരുന്നതു പെങ്ങാണ്. (തുടക്കത്തിൽ, ലിൻ പിയാവോ അവരുടെ നേതൃത്വം വഹിച്ചിരുന്ന ഹ്രസ്വമായ കാലം ഒഴിച്ച്) അങ്ങനെ അദ്ദേഹം ദേശീയ പ്രശസ്തിയാർജിച്ചു. അതേ തുടർന്ന് ഫീൽഡ് മാർഷലിൻെറ പദവിയിലേക്കും പിന്നീട് പ്രതിരോധ മന്ത്രി പദത്തിലേക്കും ജനകീയ വിമോചന സേന (പി. എൽ. ഏ) യുടെ നേതാവ് എന്ന പദവിയിലേക്കും ഉയർത്തപ്പെട്ടു.

കൊറിയയിൽ വച്ച് റഷ്യക്കാരുമായി വളരെ അടുത്തു പ്രവർത്തിക്കുവാൻ പെങ്ങിനു് അവസരം ലഭിച്ചു. ഇക്കാലത്ത് റഷ്യക്കാരുടെ സമര സംവിധാനങ്ങളും ചൈനയുടെ സായുധസേനാ വ്യവസായങ്ങൾ നവീകരിക്കുന്നതിനു് അവർ നല്കുന്ന

സഹായ സഹകരണങ്ങളും അദ്ദേഹത്തിൽ മതിപ്പുളവാക്കി. 1959 ൽ പെങ്ങ് റഷ്യ, കിഴക്കൻ യൂറോപ്പ് എന്നിവിടങ്ങളിൽ സുദീർഘമായ ഒരു യാത്ര നടത്തുകയുണ്ടായി. ഈ യാത്രയ്ക്കിടയിൽ അദ്ദേഹം ക്രൂഷ്ചേവിനെ സന്ദർശിച്ചിരുന്നു. ക്രൂഷ്ചേവിന്റെ 'അപകട'കരമായ ക്യാമ്പ് ഡേവിഡ് സന്ദർശനത്തിനു തൊട്ടു മുൻപാണ് ഇതു നടന്നത്. പിൽക്കാലത്ത് പെങ്ങ് തന്റെ സന്ദർശന വേളയിൽ മാവോയെ വിമർശിച്ചു കൊണ്ടുള്ള ഒരു ലേഖനം ക്രൂഷ്ചേവിന് നൽകുകയുണ്ടായി എന്ന ഒരാരോപണം പ്രചാരണവിഭാഗങ്ങൾ ഉയർത്തുകയുണ്ടായി. എന്നാൽ പ്രസ്തുത കത്ത് ഇതുവരെയും ഹാജരാക്കപ്പെട്ടിട്ടില്ല.

ഏതായാലും ലൂഷൻ സമ്മേളനത്തിൽ പങ്കെടുക്കുന്നതിനു വേണ്ടി തിരിച്ചെത്തിയ പെങ്ങ്, മാവോയുടെ നേതൃത്വത്തിൽ പാർട്ടിക്കുണ്ടായ പരാജയങ്ങളെ ശക്തമായി വിമർശിച്ചു. മഹത്തായ കുതിച്ചു ചാട്ടം, ജനകീയ കമ്യൂണുകൾ, പൊതുലൈൻ, റഷ്യയുമായുള്ള ഭിന്നിപ്പ് എന്നിവയുടെ പരാജയത്തിന്റെ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചു കൊണ്ട് പെങ്ങ് മാവോയെ പരോക്ഷമായി വിമർശിച്ചു. വീട്ടുമുറ്റത്തെ ഉരുക്ക് ഫാക്ടറി തുടങ്ങിയ രംഗങ്ങളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ പെരുപ്പിച്ചു കാണിക്കാനുള്ള പ്രചാരണങ്ങളെ അദ്ദേഹം ചോദ്യം ചെയ്തു (ഈ പരീക്ഷണം ചൈനയ്ക്ക് ചുരുങ്ങിയത് 100 കോടി ഡോളർ നഷ്ടമുണ്ടാക്കിയിട്ടുണ്ട് എന്നദ്ദേഹം തറപ്പിച്ചു പറഞ്ഞു.) പെങ്ങിനെ പിൻതാങ്ങിയവരിൽ പ്രമുഖർ, അദ്ദേഹത്തിന്റെ കീഴിലുള്ള സായുധ സേനാ മേധാവി ഹുവാങ് കെ-ചെങ്ങ്, മുൻ പാർട്ടി ജനറൽ സെക്രട്ടറി ചാങ്ങ് വെൻ ടിയൻ— അദ്ദേഹം ഒരു പഴയ മാവോ വിരോധിയാണ്— എന്നിവരായിരുന്നു.

1936 ലാണ് ഞാൻ പെങ്ങ് തെ ഹുവായിയെ ആദ്യമായി കണ്ടത്. അന്ന് അദ്ദേഹം ഒന്നാം ഫ്രണ്ട് റെഡ് ആർമിയുടെ ഡെപ്യൂട്ടി കമാണ്ടറാണ്. ഊർജസ്വലത നിറഞ്ഞു തുളുമ്പുന്ന ഒരു പരുക്കൻ പച്ച മനുഷ്യൻ. പക്ഷെ മാർക്സിസ്റ്റ് പരിശീലനത്തിന്റെ അഭാവം അദ്ദേഹത്തിൽ പ്രകടമായിരുന്നു. ഒരു ബുദ്ധിജീവി എന്ന നിലയ്ക്ക് പെങ്ങ് മാവോയുടെ അടുത്തെങ്ങുമെത്തില്ല. 1959ൽ അദ്ദേഹം എളുപ്പം പരാജിതനായി;

തെററുകൾ സമ്മതിച്ച് മാപ്പു പറഞ്ഞു. പെങ്ങിൻെറ ഏററവും വലിയ ഗുണങ്ങൾ ധൈര്യവും തൻെറ നേതാവിൻെറ സായുധ—രാഷ്ട്രീയ നയനങ്ങളോടുള്ള കൂറുമാണ് എന്നു കരുതിയിരുന്നു. മാവോയിൽ പെങ്ങിൻെറ ചേരിമാററൽ വ്യക്തിപരമായി കഠിനമായ ഒരാഘാതമുണ്ടാക്കിയിരിക്കണം. പെങ്ങ് പോളിററ് ബ്യൂറോയിൽ നിന്ന് നിഷ്ക്കാസിതനായെങ്കിലും കേന്ദ്രക്കമ്മിററിയിൽ തുടർന്നു. താൻ കൃഷിപ്പണികളിൽ ഏർപ്പെടുന്നതിനായി റിട്ടയർ ചെയ്യുകയാണ് എന്നു പെങ്ങ് പ്രസ്താവിക്കുകയുണ്ടായി.

1960—61ൽ, ലിയു ഷാവോചിയുടെയും കൂട്ടരുടെയും പ്രോത്സാഹനത്തോടെയാണെന്നു പറയപ്പെടുന്നു, പെങ്ങ് പല സ്ഥലങ്ങളിലും യാത്രചെയ്ത് അഞ്ചു ഫീൽഡ് 'നിരീക്ഷണ റിപ്പോർട്ടുകൾ' എഴുതാൻ സമയം കണ്ടെത്തി. ഇവയിൽ വീണ്ടും മാവോയുടെ നേതൃത്വത്തിനെതിരായുള്ള വിമർശനങ്ങൾ ഉന്നയിച്ചിരുന്നു. ഈ റിപ്പോർട്ടുകൾ കേന്ദ്രക്കമ്മിററി അംഗങ്ങൾക്കിടയിൽ വിതരണം ചെയ്യുകയുണ്ടായി. 1962 സെപ്തമ്പറിൽ നടന്ന കേന്ദ്രക്കമ്മററിയുടെ പത്താം പ്ലീനറി സമ്മേളനത്തിൽ പെങ്ങ് 80000 വാക്കുകളുള്ള ഒരു രേഖ സമർപ്പിച്ചു. ഈ രേഖയിൽ അദ്ദേഹം തൻെറ ആരോപണങ്ങൾ ആവർത്തിക്കുകയും വിശദീകരിക്കുകയുമാണ് ചെയ്തിരുന്നത്. ഇത്തവണ പെങ്ങിന് ലിയു ഷാവോചിയുടെയും പാർടി ജനറൽ സെക്രട്ടറിയായ തെങ്ങ് ഹ്സിയാവോ ടെങ്ങിൻേറയും—പെങ്ങിൻെറ കാര്യം പുനർവിചാരം ചെയ്യുകയും അദ്ദേഹത്തെ പുനസ്ഥാപിക്കുകയും ചെയ്യണം എന്നു വാദിച്ചിരുന്ന ആളാണ് ടെങ്ങ്—അനുഗ്രഹാശിസ്സുകൾ ലഭിച്ചിരുന്നു എന്നു വേണം കരുതുവാൻ.

നേരത്തെ സൂചിപ്പിച്ചിട്ടുള്ള മററു രണ്ടുകാര്യങ്ങൾ കൂടി ഇത്തരണത്തിൽ സ്മരിക്കേണ്ടതുണ്ട്. സായുധസേനയിലെ ചില ആളുകൾ രഹസ്യമായി പെങ്ങിനെ പിൻതാങ്ങിയിരുന്നു—'പ്രൊഫഷണൽസ്' എന്ന പേരിലാണ് ഇക്കൂട്ടർ അറിയപ്പെട്ടിരുന്നത്—ഇക്കൂട്ടർ റഷ്യയുമായി ചൂരങ്ങിയതു് ഒരു താല്ക്കാലിക യോജിപ്പിനെയെങ്കിലും സ്വാഗതം ചെയ്യുന്നവരായിരുന്നു. ബോംബടക്കമുള്ള കാര്യങ്ങളിൽ സാങ്കേതിക നവീകരണം പൂർത്തിയാക്കുന്നതിന് റഷ്യൻക്കാരുടെ സഹായം ആവശ്യ

മാണ് എന്നായിരുന്നു അവരുടെ അഭിപ്രായം. വാഴ്സാ ഉടമ്പടിയിലെ സാമന്തരെപ്പോലെ തുല്യമല്ലാത്തതും റഷ്യക്ക് കീഴിലുള്ളതും ആയ ഒരു സ്ഥാനം സ്വീകരിക്കാൻ തയാറാകുമെങ്കിലേ അവരുടെ സഹായം ലഭിക്കുമായിരുന്നുള്ളൂ. ഇത്തരമൊരു ബന്ധത്തിന് മാവോ അങ്ങേഅററം എതിരായിരുന്നു. അവർക്ക് മറെറാരുദ്ദേശം കൂടിയുണ്ടായിരുന്നു. ഇതാണ് നേരത്തെ സൂചിപ്പിച്ച കാര്യങ്ങളിൽ രണ്ടാമത്തേതു്.

റഷ്യയിൽ നിന്നുള്ള ആയുധ സഹായം തുടരുക എന്നതിനർഥം, ചൈനീസ് സൈനിക മേധാവികളും റഷ്യൻ സായുധസേനാ നേതൃത്വവും തമ്മിൽ പ്രവർത്തനതലത്തിലുള്ള സഹകരണം തുടർന്നു നിലനിർത്തുക എന്നതാണ്. ഇതിൻെറ ഫലമായി, റഷ്യയുടെമേൽ ചൈനയ്ക്കുണ്ടാകുന്ന ആശ്രയത്വത്തെ ചൂഷണം ചെയ്യാനും അതുവഴി പാർടി നേതാക്കൾ, പ്രധാനമായും മാവോ, ചെലുത്തുന്ന പരാധികാരത്തെ ചെറുക്കുകയും ഒരു പരിധിവരെ നിയന്ത്രിക്കുകയും ചെയ്യാൻ കെൽപ്പുള്ള ഒരു ''പ്രൊഫഷണൽ ക്ലിക്കിന്'' രൂപം നൽകുകയുമായിരുന്നു അവരുടെ ലക്ഷ്യം. റഷ്യൻ മാതൃകയിൽ ഒരു കൂട്ടം 'തനി' സായുധ ഓഫീസർമാരെ, അതായത് സൈനികേതര ഉത്പാദന ശ്രമങ്ങളുമായും ജനസേവന പ്രവർത്തനങ്ങളുമായും ബന്ധപ്പെടാത്ത, സൈനിക ബ്യൂറോക്രസിയുമായി അടുത്തു ബന്ധപ്പെട്ട ഒരു വിഭാഗം ഓഫീസർമാരെ സൃഷ്ടിച്ചെടുക്കാനാണ് അവർ ആഗ്രഹിച്ചിരുന്നതു്. സായുധസേനയിൽ മാവോയ്ക്കുള്ള സ്വാധീനം തകർക്കാനും അദ്ദേഹത്തിൽ നിന്ന് തങ്ങൾക്കുള്ള 'സ്വാതന്ത്ര്യം' ഉപയോഗപ്പെടുത്തി വ്യക്തിപ്രഭാവം അവസാനിപ്പിക്കുകയോ നിയന്ത്രിക്കുകയോ ചെയ്യാനും സൈനിക നയങ്ങൾ രൂപപ്പെടുത്താനും അവർ ആഗ്രഹിച്ചിരുന്നു.

പാർടിയുടെ പ്രചാരണ സംവിധാനത്തിൽ പെങ്ങിനെ പിൻതാങ്ങുന്ന ധാരാളംപേരുണ്ട് എന്ന കാര്യം തീർച്ചയായിരുന്നു. 1950 കളിൽ പ്രത്യക്ഷപ്പെട്ട *ക്രോധത്തിൻെറ തിരമാലകൾ* എന്ന ചലച്ചിത്രവും *യെനാൻെറ പ്രതിരോധം* എന്ന നോവലും ഇക്കാര്യം വ്യക്തമാക്കുകയുണ്ടായി. രണ്ടിലും പെങ്ങിനെ നേരിയ തോതിൽ പ്രകീർത്തിക്കാനും മാവോയെ താഴ്ത്തിക്കാണിക്കാനും ഉള്ള ശ്രമം പ്രകടമായിരുന്നു. സാം

സ്ഥാരിക വിപ്ലവം, ലിയു ഷാവോചിയുടെ ''ഹെഡ് ക്വാർട്ടേഴ്സ് തകർക്കുന്ന'' ഘട്ടത്തിലേക്കു കടന്നപ്പോൾ *ഹായ് ജൂയി പിരിച്ചു വിടപ്പെടുന്നു* മുതലായ പിൽക്കാല കൃതികളോടൊപ്പം മേൽപ്പറഞ്ഞ സിനിമയും പുസ്തകവും ശക്തമായി വിമർശിക്കപ്പെടുകയുണ്ടായി.

ഇനി ഈ തർക്കങ്ങളിൽ ലിയു ഷാവോചിക്കുള്ള പങ്ക് പരിശോധിച്ചു നോക്കാം.

1962 നു മുൻപ് ഒരിക്കലും ലിയു ഷാവോചി മാവോയെ പരസ്യമായി എതിർത്തിട്ടില്ല. ലൂഷാനിൽ വച്ച്, അർധസമ്മതത്തോടെയാണെങ്കിലും പെങ്ങിന്റെ സ്ഥാനത്തു ലിൻ പിയാവോയെ നിയമിക്കാനുള്ള തീരുമാനം, ലിയു അംഗീകരിക്കുകയുണ്ടായി. 1959-'60 കാലഘട്ടത്തിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങളിലും പ്രസംഗങ്ങളിലും എല്ലാം അദ്ദേഹം മാവോയുടെ പരമമായ നേതൃത്വത്തെ പൂർണമായും പിൻതാങ്ങുകയും മഹത്തായ കൃതിച്ചാട്ടം, കമ്യൂണുകൾ, പൊതുലൈൻ, എന്നിവയെയെല്ലാം സ്തുതിക്കുകയും ചെയ്തിരുന്നു. പക്ഷെ, 1960 ഡിസംബറിൽ മാവോയും ക്രൂഷ്ചേവും തമ്മിൽ പൂർണമായി തെററിപ്പിരിഞ്ഞത് അൽപ്പം ചില മാസങ്ങൾക്കുശേഷം, ലിയുവിന്റെ മോസ്ക്കോ സന്ദർശനത്തോടനുബന്ധിച്ച് പ്രസിദ്ധീകരിക്കപ്പെട്ട ഒരു പ്രസംഗത്തിൽ, ആശ്ചര്യകരമാം വിധം അപ്രസക്തമായ ചില സൂചനകൾ പ്രത്യക്ഷപ്പെടുകയുണ്ടായി. റഷ്യയിൽ നടത്തിയ പത്തു പൊതു പ്രസംഗങ്ങളിൽ, ഒരിടത്തൊഴികെ ബാക്കി എല്ലായിടത്തും മാവോയുടെ നേതൃത്വത്തിനു് അഭിവാദനങ്ങൾ അർപ്പിക്കാൻ ലിയു 'മറക്കുക'യുണ്ടായി. ഒരിടത്തു് മാവോയെ ഉദ്ധരിച്ചു കൊണ്ടു്, ''മാവോ റഷ്യയുടെ മാർഗം പിൻതുടരാൻ ആഗ്രഹിക്കുന്നു'' എന്ന ആശ്ചര്യകരമായ നിഗമനത്തിലും ലിയു എത്തിച്ചേരുകയുണ്ടായി. അദ്ദേഹം ഇങ്ങനെ കൂട്ടിച്ചേർത്തു; ''എന്റെ വ്യക്തിപരമായ അനുഭവങ്ങളും അതു തന്നെയാണു് സൂചിപ്പിക്കുന്നതു്''. 1964 മുതൽ 66 വരെയുള്ള കാലഘട്ടത്തിൽ ചൈനയ്ക്കുകവും, കൊറിയ, പാക്കിസ്ഥാൻ, ദക്ഷിണ പൂർവേഷ്യ, ഇന്തോനേഷ്യ എന്നിവിടങ്ങളും സന്ദർശിക്കവെ, ചെയർമാൻ മാവോയെപ്പററി പേരിനു മാത്രം അവിടവിടെ ഓരോന്നും പറയുക മാത്രമാണുണ്ടായതു്.

അതിനിടയ്ക്ക് 1960ലും 61ലും സോഷ്യലിസ്റ്റ് പാതയിൽ നിന്ന്—ലെനിന്റെ കാലത്തെ ന്യൂ ഇക്കണോമിക് പോളിസിക്ക് സമാനമായ ഒരു പരിപാടിയിലേക്ക്—താൽക്കാലികമായി പിൻവാങ്ങാൻ കേന്ദ്രക്കമ്മിററി നിർബന്ധിതമായി. 'ആദ്യം കാർഷിക രംഗത്തിന് പ്രാമുഖ്യം നൽകുക' എന്ന പരിപാടിക്ക് ഘന വ്യവസായങ്ങളേക്കാൾ പ്രാധാന്യം ലഭിച്ചു, ഭൂമിയുടെ മൗലികമായ ഉടമാവകാശം കമ്യൂണുകൾക്ക് (സഹകരണ സ്ഥാപനങ്ങൾ) ലഭിച്ചു. ചെറിയ ഫാം വീടുകൾ, സ്വകാര്യ പ്ലോട്ടുകൾ എന്നിവയുടെ ഉടമാവകാശം കുടുംബങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടു, ചുരുങ്ങിയ തോതിൽ സ്വതന്ത്ര വ്യാപാരം അനുവദിക്കപ്പെട്ടു, വ്യവസായ രംഗത്ത് ബോണസ്സ് വ്യവസ്ഥയും മററ് ഭൗതിക പ്രചോദനങ്ങളും നടപ്പാക്കപ്പെട്ടു.

അതു് പ്രായോഗിക വാദികളുടെ കാലമായിരുന്നു. ലിബർമാനിസത്തിലേക്കുള്ള നീക്കത്തിനു—ചൈനയിൽ ഇതിന് ഇക്കണോമിസം, സാമ്പത്തികവാദം എന്നുപറയുന്നു—ഒരു പ്രവണത പ്രകടമായിരുന്നു. ധനിക കർഷകർ കുലാക്കുകളായി മാറി തുടങ്ങി.

1962ൽ വിവിധ പാർട്ടി യോഗങ്ങളിൽ വച്ച് മാവോയുടെ 'മൂന്നു ചെമപ്പുബാനറുകളെ—ജനകീയ കമ്യൂണുകൾ, മഹത്തായ കുതിച്ചുചാട്ടം, 'പൊതുലൈൻ' :(സോഷ്യലിസ്റ്റ് നിർമാണത്തിന്) എന്നിവ—ലിയു വിമർശിക്കുകയുണ്ടായി. സാംസ്കാരിക വിപ്ലവത്തിനു ശേഷം ഈ വിമർശനത്തെ സംബന്ധിച്ചുള്ള റിപ്പോർട്ടുകളൊന്നും പരസ്യമായി പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായില്ല. അടുത്തവർഷം വമ്പിച്ച പ്രാധാന്യമുള്ള ഒരു പൊതു സംഭവം നടക്കുകയുണ്ടായി. പൊളിററ് ബ്യൂറോ അംഗമായ ലു തിങ്—യി യുടെ നേതൃത്വത്തിലുള്ള പാർട്ടി പ്രസിദ്ധീകരണ വിഭാഗം ലിയു ഷാവോചിയുടെ *എങ്ങനെ ഒരു നല്ല കമ്യൂണിസ്ററാകാം* വൻതോതിൽ പുനഃപ്രസിദ്ധീകരിക്കുകയുണ്ടായി [3]. ഒരിക്കൽ കൂടി ഈ സംഭവത്തിന്റെ പ്രാധാന്യം വിദേ

3 കമ്യൂണിസ്ററ് യൂത്ത് ലീഗ് അംഗങ്ങൾക്കു സീനി

ശങ്ങളിലെ നിരവധി ചൈനാ നോട്ടക്കാരുടെ ശ്രദ്ധയിൽ പെടാതെ പോയി.

യർ കുാഡർമാർക്കുമുള്ള സൈദ്ധാന്തിക പഠനങ്ങൾക്കുവേണ്ടി ഇത് വിപുലമായി ഉപയോഗിക്കപ്പെടുകയുണ്ടായി. ഇത് **How to be a good Communist** എന്ന പേരിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി. **Foreign Language Press Peking, 1951, On Inner Party Struggle On Internationalism** (രണ്ടും **F. L. P.** പ്രസിദ്ധീകരണങ്ങൾ) എന്നീ കൃതികളും സാംസ്കാരിക വിപ്ലവത്തിനുമുൻപ് എല്ലാതലങ്ങളിലുമുള്ള പാർടി വിദ്യാഭ്യാസത്തിനുപയോഗിച്ചിരുന്നു.

12

പ്രചാരണം വഴിയുള്ള ഗൂഢാലോചന

1939ൽ, *എങ്ങനെ നല്ല കമ്യൂണിസ്റ്റാകാം* എന്ന പുസ്തകം യെനാനിൽ ആദ്യമായി പ്രത്യക്ഷപ്പെടുമ്പോൾ, കമ്യൂണിസ്റ്റുകാർ കേവലമൊരു ന്യൂനപക്ഷമായിരുന്നു. അവർ ചാങ്ങ്ചാട്ടക്കാരായ ബുദ്ധിജീവികളേയും പെററി ബൂർഷ്വാ വിഭാഗങ്ങളേയും ദേശീയ ബൂർഷ്വാസിയേയും ജപ്പാനെതിരായുള്ള യുദ്ധത്തിൽ തങ്ങളുടെ കൊടിക്കീഴിൽ അണിനിരത്താനുള്ള ശ്രമത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. *എങ്ങനെ നല്ല കമ്യൂണിസ്റ്റാകാം* എന്ന ഗ്രന്ഥം, വർഗസമരത്തെ കുറിച്ച് വളരെ കുറച്ചു മാത്രം പറയുകയും അച്ചടക്കം, സ്വയം വിമർശനം എന്നിവസ്സ് ഊന്നൽ കൊടുക്കുകയുമാണ് ചെയ്തിരുന്നത്. ഒരു കമ്യൂണിസ്റ്റായി ത്തീരുക എന്നതിനർഥം സംശുദ്ധമായ ഒരു ഉറംക്കാഴ്ച ആർജിക്കുക എന്നതാണെന്നും ഇതാണെങ്കിൽ ഏതൊരാൾക്കും സാധ്യമാണെന്നുമായിരുന്നു അതിലെ സൂചന. *ഹ്സിയൂ-യാങ്ങ്* അഥവാ 'സ്വയം വളർത്തൽ' എന്ന സങ്കല്പത്തിന് ഒരു കൺഫ്യൂഷിയൻ പശ്ചാത്തലമുണ്ട്. അതേ സമയം 'വർഗസമന്വയ'മാണ് കമ്യൂണിസ്റ്റ് ആദർശമെന്ന് ഒരു സൂചനയും അതുൾക്കൊള്ളുന്നു.

ഐക്യമുന്നണി കാലഘട്ടത്തെ ഉദ്ദേശിച്ചുകൊണ്ട് രചിക്കപ്പെട്ട ഒരു ഗ്രന്ഥമായിരുന്നതുകൊണ്ട്, അതിൽ പറഞ്ഞിട്ടുള്ള പല കാര്യങ്ങളും 1960 ലെ സാഹചര്യങ്ങളുമായി പൊരുത്തപ്പെടാത്തവയായിരുന്നു. തൊഴിലാളി വർഗ സർവാധിപത്യം നിലവിൽ വരികയും ലോക വിപ്ലവ പ്രസ്ഥാനത്തിന്റെ സൈദ്ധാന്തിക നേതൃത്വം പിടിച്ചു പററുന്നതിനുവേണ്ടി ചൈന, റഷ്യയുമായി മത്സരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു

ക്കണം. ലിയു ഷാവോചി പുതുതായി ചില കാര്യങ്ങൾ കൂട്ടിച്ചേർക്കുകയും പഴയ ചില കാര്യങ്ങൾ ഒഴിവാക്കുകയും ചെയ്തുവെങ്കിലും പുസ്തകത്തിന്റെ ഉള്ളടക്കത്തിലോ ഊന്നലിലോ യാതൊരു മാററവുമുണ്ടായില്ല.[1] എന്തായിരുന്നു അതിലെ തകരാറ്? ഒരു ഉദാഹരണം പരിശോധിക്കാം. ലെനിനെ ഉദ്ധരിച്ചുകൊണ്ടെഴുതിയ ഒരു പ്രധാന ഭാഗത്തു് ലിയു സംശയ ലേശമെന്യേ വിട്ടു കളഞ്ഞ ഒരു വാചകം നോക്കുക. ''തൊഴിലാളിവർഗ സർവാധിപത്യം എന്നാൽ നിരന്തരമായ സമരം—അതു് രക്തരൂക്ഷിതമോ രക്തരഹിതമോ ആവട്ടെ, അക്രമാസക്തമോ സമാധാനപരമോ ആവട്ടെ, സായുധ സമരമോ സാമ്പത്തിക സമരമോ ആവട്ടെ—പഴയ സമൂഹത്തിന്റെ പാരമ്പര്യങ്ങൾക്കെതിരായുള്ള നിരന്തരമായ സമരം, എന്നാണർത്ഥം''. 1962 ലെ പതിപ്പിലാകട്ടെ കൂടുതൽ പ്രകടമായ വിധത്തിൽ ഇനി പറയുന്ന വാചകത്തിലെ ഊന്നൽകൊടുത്ത ഭാഗങ്ങൾ വിട്ടു കളയപ്പെട്ടു. ''ഈ കാരണങ്ങളെല്ലാംതന്നെ *തൊഴിലാളി വർഗ സർവാധിപത്യം അനിവാര്യമാണെന്നും* നിശ്ചയ ദാർഢ്യത്തോടു കൂടിയ ഒരു ജീവന്മരണ പോരാട്ടത്തിലൂടെ മാത്രമേ ബൂർഷ്വാസിയെ പരാജയപ്പെടുത്താൻ കഴിയൂ എന്നുമാണു് സൂചിപ്പിക്കുന്നതു്.''

അടിസ്ഥാന പരമായി, സ്വഭാവ വൈശിഷ്ട്യം വളർത്തിയെടുക്കുന്നതിനെ സംബന്ധിച്ചുള്ള ഉന്നതാദർശങ്ങളെപ്പററി പ്രതിപാദിക്കുന്ന ഒരു സാന്മാർഗിക പ്രബന്ധമാണു് 'നല്ല കമ്യൂണിസ്റ്റാകൽ'. ഗ്രന്ഥത്തിലുടനീളം, തൊഴിലാളി വർഗത്തിനു് അധികാരം പിടിച്ചെടുക്കുന്നതിനുള്ള അടിസ്ഥാനോപാധി എന്ന നിലയ്ക്കു് ഫ്യൂഡലിസത്തിനും സാമ്രാജ്യത്വത്തിനുമെതിരായ ജനകീയ യുദ്ധത്തിൽ സായുധ സമരത്തിനുള്ള പ്രാധാന്യത്തെ, തന്റെ സന്ദേശവുമായി സംയോജിപ്പിക്കുന്നതിൽ ലിയു പരാജയപ്പെട്ടിരുന്നു. എല്ലാററിനുമുപരിയായി, യുദ്ധകാലത്തും അതിനു മുൻപുമായി മാവോ രചിച്ച *ജനകീയ ജനാധിപത്യ സർവാധിപത്യത്തെക്കുറിച്ച്*, *ജനങ്ങൾക്കിടയിലുള്ള വൈരുധ്യങ്ങൾ ശരിയാം വിധം കൈകാര്യം ചെയ്യുന്നതിനെക്കുറിച്ച്*, എന്നീ സുപ്രധാന ഗ്രന്ഥങ്ങളെ ലിയു തീർത്തും അവഗണിച്ചിരുന്നു.

---

1 *ലിയു ഷാവോചി, തെരഞ്ഞെടുത്ത കൃതികൾ* 1958-1967 ഫോറിൻ ലാംഗ്വേജ് പ്രസ്സ്, പെക്കിങ്ങ്.

പിൽക്കാലത്ത് ലിയു ഷാവോചിക്കെതിരെ അഴിച്ചു വിടപ്പെട്ട രൂക്ഷമായ ആക്രമണങ്ങളിൽ മേൽപ്പറഞ്ഞ പ്രശ്നങ്ങൾക്കാണ് ഊന്നൽ നൽകിയിരുന്നത്. എങ്കിലും പുസ്തകത്തിന്റെ മററു ഭാഗങ്ങൾ അദ്ദേഹം പെങ്ങ് തെ ഹുവായിയെ പിൻതാങ്ങുകയും ചെയർമാൻ മാവോയുടെ നേതൃത്വത്തെ എതിർക്കുകയും ചെയ്യുന്നതായി സൂചിപ്പിക്കുന്നുണ്ട്. ലിയു ഇപ്രകാരം പ്രഖ്യാപിച്ചു:

''നമ്മുടെ പാർട്ടിക്കകത്ത് വരട്ടുതത്വ വാദത്തിന്റെ ചില പ്രതിനിധികളുണ്ട്. ഒരു കാലത്ത് വളരെ കഷ്ടമായിരുന്നു അവരുടെ സ്ഥിതി. അവർ 'ചൈനയുടെ മാർക്സ്' 'ചൈനയുടെ ലെനിൻ' എന്നിങ്ങനെ സ്വയം കണക്കാക്കുകയും നമ്മുടെ പാർട്ടി അംഗങ്ങൾ (മാർക്സിനെയും ലെനിനെയും അവരുടെ അനുയായികൾ ആദരിച്ചിരുന്ന അതേ രീതിയിൽ) അവരെയും ആദരിക്കണമെന്നും അവരെ നേതാക്കളായി കണക്കാക്കി ആദരവോടും കൂറോടും കൂടി പെരുമാറണമെന്നും അഹന്താപൂർവം ആവശ്യപ്പെടുകയും ചെയ്തിരുന്നു. അവരെ നമ്മുടെ പാർട്ടി അംഗങ്ങൾ നിഷ്ക്കാസനം ചെയ്തു എന്നതു് ശരി തന്നെ. പക്ഷെ, അത്തരമാളുകൾ പാർട്ടിക്കകത്ത് വീണ്ടും പ്രത്യക്ഷപ്പെടുകയില്ല എന്ന് നമുക്ക് ഉറപ്പു പറയാൻ കഴിയുമോ? ഇല്ല. അങ്ങനെ പറയാനാവില്ല. തന്നെ പാർട്ടിയുടെ നേതാവാക്കി നില നിറുത്താൻ അണികൾ പിൻതുണ നൽകണമെന്ന് അവകാശപ്പെടാൻ ഒരു പാർട്ടി അംഗത്തിനും അധികാരമില്ല.''

മൂലാർഥത്തിൽ ലിയുവിന്റെ വിമർശനം, വാങ്മിങ്, ലി ലിസാൻ തുടങ്ങി മാവോയുടെ എതിരാളികളായ ചില പ്രബല പാർട്ടിനേതാക്കളെ ലക്ഷ്യമാക്കിക്കൊണ്ടുള്ളതായിരുന്നു എന്നത് വ്യക്തമാണ്. അവരാകട്ടെ അവഹേളനാ പാത്രങ്ങളാവുകയും പാർട്ടിയിൽ നിന്ന് പുറത്താക്കപ്പെടുകയും ചെയ്തിരുന്നു. ലിയുവിന്റെ ഇത്തരത്തിലുള്ള ദ്വയാർഥപ്രയോഗങ്ങൾക്ക് ഉദാഹരണമായ മററനേകം ഭാഗങ്ങൾകൂടി ഇതേ പുസ്തകത്തിൽ അടങ്ങിയിരുന്നു. പെങ്ങ്, തന്റെ 80000 വാക്കുകളുള്ള വിമർശനം പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നതിനെപ്പററി അറിസാഹചര്യമാണ് 1960 ൽ നിലവിലുണ്ടായിരുന്നത് എന്നോർ

ഞ്ഞിട്ടുപോലും എന്തുകൊണ്ടാണ് ലിയു 1962 ആഗസ്റ്റിൽ തന്നെ—അപ്രസക്തമായ മററുപല ഭാഗങ്ങളും വിട്ടുകളഞ്ഞപ്പോൾ—ഈ ഭാഗം പുന:പ്രസിദ്ധീകരിക്കാനൊരുങ്ങിയതു്.

അതിനിടയിൽ ലിയു തൻെറ ''നല്ല കമ്യൂണിസ്റ്റാകൽ'' (50,000 വാക്കുകൾ) പീപ്പിൾസ് ഡെയ്‌ലിയിലും റെഡ് ഫ്ളാഗിലും (പാർടിയുടെ സൈദ്ധാന്തിക ജിഹ്വ) പ്രസിദ്ധീകരിപ്പിച്ച് അതിനു് വിപുലമായ പ്രചാരം നൽകുകയുണ്ടായി. എന്തുകൊണ്ടാണ് ജനകീയ വിമോചനസേന(പി. എൽ.എ)യുടെ മേധാവി ലോ ജ്ഞയി—ചിങ്ങ് സായുധ സേനാംഗങ്ങൾക്കിടയിൽ ഒരു പഠന വിഷയമെന്ന നിലയ്ക്കു് ലിയുവിൻെറ പുസ്തകം വിതരണം ചെയ്യുന്നതിനു് മുൻ കയ്യെടുത്തത്? അദ്ദേഹത്തിൻെറ മേലധികാരി ലിൻപിയാവോ മാവോ ചിന്താ സംഗ്രഹങ്ങൾ ഉപയോഗിച്ച് സൈദ്ധാന്തിക വിദ്യാഭ്യാസം ഏകീകരിക്കാനുള്ള കഠിന ശ്രമത്തിലേർപ്പെട്ടിരുന്ന സമയമാണ് അതെന്നോർക്കണം. പാർടി തന്നെ, അതോ മാവോ പോലുമോ, മാവോ ചിന്തകൾക്കു്, മാവോയ്ക്കു തന്നെയും ഉപരിയായി ലിയുവിനെ വളർത്തിയെടുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നോ? എതിർ പ്രചാരണങ്ങൾ നടത്തുന്ന ഒരു റിവിഷനിസ്റ്റ് വിഭാഗത്തെ സൃഷ്ടിച്ചെടുക്കാൻ ലിയു പരിശ്രമിച്ചിരുന്നു എന്ന കാര്യം വ്യക്തമാണ്. ഏതായാലും, 1967ൽ 'ചൈനയിലെ ക്രൂഷ്ചേവി'നു് എതിരായി ഉയർത്തപ്പെട്ട സൈദ്ധാന്തിക വിമർശനങ്ങളുടെ പിന്നിലുള്ള മുഖ്യ സംഗതി ഇതായിരുന്നു.

ഇതിനു് മാനുഷികവും രാഷ്ട്രീയവുമായ മറെറാരുവശം കൂടിയുണ്ടായിരുന്നു. 1961 മുതൽ മാവോയും ലിയുവും ഇടയ്ക്കിടെ ദീർഘമായ കാലയളവുകളിൽ പരസ്പരം കാണാൻ ഇടവരാത്ത സാഹചര്യങ്ങൾ ഉണ്ടായി തുടങ്ങി. ഗ്രാമപ്രദേശങ്ങളും സായുധ സേനാ വിഭാഗങ്ങളും സന്ദർശിക്കുന്നതിനായി ഇടയ്ക്കിടെ മാവോ ദീർഘനാളത്തേക്കു് പെക്കിങ്ങ് വിട്ടു് പോവുക പതിവായിരുന്നു. അത്തരം സന്ദർഭങ്ങളിൽ, പാർടി പൊളിററ് ബ്യൂറോയും 'പ്രവർത്തന സമ്മേളനങ്ങ'ളും എടുക്കുന്ന സുപ്രധാനമായ ചില തീരുമാനങ്ങൾ, അദ്ദേഹവുമായി കൂടിയാലോചിക്കാതെ തന്നെ നടപ്പിലാക്കാൻ തുടങ്ങി. പിന്നീ

ടൊരിക്കൽ, മാവോ ഇതേപ്പററി പരാതിപ്പെടുകയുണ്ടായി. പൊളിററ് ബ്യൂറോയുടെ അഞ്ചംഗ സ്റാൻഡിങ്ങ് കമ്മിററിയിലെ അംഗവും അതിൻെറ ജനറൽ സെക്രട്ടറിയുമായ ടെങ്ങ് ഹ്സിയാവോ പിങ്ങിനെക്കുറിച്ചായിരുന്നു മാവോയുടെ പരാതി. ഇതേപ്പററി മാവോ ഇങ്ങനെ പറഞ്ഞു: ''ടെങ്ങ്ഹ്സിയാവോ പിങ്ങിന് കേൾവി അൽപം കുറവാണ്. എങ്കിയും യോഗങ്ങളിൽ അദ്ദേഹം എന്നിൽ നിന്നു വളരെ അകലെയാണ് ഇരിക്കുക. 1959നു ശേഷം, കഴിഞ്ഞ ആറുവർഷങ്ങളായി, അദ്ദേഹം തൻെറ ജോലിയെക്കുറിച്ച് എനിക്ക് യാതൊരു റിപ്പോർട്ടും നൽകിയിട്ടില്ല. സെക്രട്ടറിയേററിലെ ജോലികളുടെ കാര്യത്തിൽ അദ്ദേഹം പെങ്ങ് ചെന്നിനെ മാത്രം ആശ്രയിച്ചു വരികയാണ്.'' 2

ടെങ്ങ് ഹ്സിയാവോ പിങ്ങ്, മാവോയ്ക്ക് റിപ്പോർട്ട ചെയ്യാതിരുന്ന പ്രധാനപ്പെട്ട കാര്യങ്ങളുടെ കൂട്ടത്തിൽ, ചൈനീസ് ഭാഷയിൽ *സാൻത്സ്യൂയി പാവോ* (മൂന്നു സ്വാതന്ത്ര്യങ്ങളും ഒരു കരാറും) എന്നു ചുരുക്കിപ്പറയുന്ന നയവും ഉൾപ്പെട്ടിരുന്നിരിക്കാം. ഈ ചൈനീസ് പ്രയോഗം കൊണ്ട് ഉദ്ദേശിക്കുന്നതിതാണ്. ''സ്വകാര്യ ഉപയോഗത്തിനും സ്വതന്ത്ര വിപണികൾക്കുംവേണ്ടി കൂടുതൽ ഭൂമി ലഭ്യമാക്കുക, സ്വന്തം ലാഭനഷ്ടങ്ങളുടെ ഉത്തരവാദിത്തം സ്വയം വഹിക്കുന്ന സ്വകാര്യ സംരംഭങ്ങളുടെ എണ്ണം വർധിപ്പിക്കുക, കുടുംബാംഗങ്ങളുടെ (വ്യക്തിപരമായ സംരംഭങ്ങളുടെ) അടിസ്ഥാനത്തിൽ കമ്യൂണുകളുടെ ഉല്പാദനത്തിന് കേന്ദ്ര നിശ്ചയിക്കുക''. ഈ നയം 'സാമ്പത്തികവാദ' (*ഇക്കണോമിസം*) ത്തിലേക്കും റിവിഷനിസത്തിലേക്കുമാണ് വിരൽ ചൂണ്ടിയിരുന്നത്. സോഷ്യലിസ്റ് വിദ്യാഭ്യാസപ്രസ്ഥാനത്തിന് കടകവിരുദ്ധമായിരുന്നു. അവസാനം സോഷ്യലിസ്റ് വിദ്യാഭ്യാസ പ്രസ്ഥാനത്തിൻെറ 'നവീന ശുചീകരണ പരിപാടി'യുടെ (രാഷ്ട്രീയം, സിദ്ധാന്തം, സംഘ

---

2 *ചെയർമാൻ മാവോയുടെ തെരഞ്ഞെടുത്ത കൃതികൾ*എന്ന റെഡ്ഗാർഡ് രേഖയിൽനിന്ന്. ''സെൻട്റൽ കമ്മററിയുടെ രാഷ്ട്രീയപ്രവർത്തന റിപ്പോർട്ടു സംബന്ധിച്ചു നടന്ന യോഗത്തിൽ (1966 ഒക്ടോബർ 24) നടത്തിയ പ്രസംഗം'' Joint Publishing Research Service, 49826, 12 Feb 1970 Washigtonn D. C. Page 12.

ടന, സമ്പദ്വ്യവസ്ഥ എന്നീ നാല്മണ്ഡലങ്ങളിൽ സോഷ്യലിസ്റ്റ് അടിസ്ഥാനത്തിൽ തെററുതിരുത്തൽനടപ്പാക്കുക എന്നതായിരുന്നു ഈ പരിപാടിയുടെ ലക്ഷ്യം)ഫലമായി മേൽപ്പറഞ്ഞ നയം പാടേ തുത്തെറിയപ്പെടുകയാണുണ്ടായത്.

1964 ആയപ്പോഴേക്കും സമ്പദ് വ്യവസ്ഥ ഭേദപ്പെട്ടു കഴിഞ്ഞിരുന്നു. അതേ തുടർന്ന്, പ്രയോജന തത്വവാദികളായ (തൻകാര്യക്കാരായ) കാഡറുകൾ ഭൗതിക പ്രചോദനങ്ങൾ വർധിപ്പിക്കണമെന്ന് വാദിക്കാനാരംഭിച്ചു. ഈ വാദത്തെ മാവോ സായുധസേനയുടെ സഹായത്തോടെ ശക്തമായി എതിർത്തു. സായുധസേനയിലും ഗ്രാമപ്രദേശങ്ങളിലും പുതുതായി ആരംഭിച്ച സോഷ്യലിസ്റ്റ് വിദ്യാഭ്യാസ പ്രസ്ഥാനത്തിൻെറ രൂപത്തിലാണ് ഈ പ്രത്യാക്രമണം ആരംഭിച്ചത്. 1966 ആഗസ്റ്റിൽ പ്രഖ്യാപിക്കപ്പെട്ട പതിനാറിന സാംസ്കാരിക വിപ്ലവ മാനിഫെസ്റ്റോയ്ക്കു[3] അടിസ്ഥാനമായി തീരത്തക്കവണ്ണം പിന്നീട് ഈ പ്രസ്ഥാനം സമൂല പരിഷ്കരണത്തിന് വിധേയമാക്കപ്പെടുകയുണ്ടായി. അതിനിടയ്ക്കും ലിൻ പിയാവോ പൊതു രാഷ്ട്രീയ ഡിപ്പാർട്ടുമെൻറ്—ജനകീയ വിമോചന സേനയിലെ പാർടി ഘടകം—മുഖേന, ഏതാണ്ട് പത്തുലക്ഷത്തോളം മാവോയിസ്റ്റ് ആക്ററിസിസ്ററുകൾ അടങ്ങുന്ന ഒരു സേനാ വിഭാഗം സംഘടിപ്പിച്ചു കഴിഞ്ഞിരുന്നു. ഇവർ, ഗ്രാമപ്രദേശങ്ങളിലെ ''മുതലാളികളാവാനുള്ള അത്യാവേശ''ത്തിന് അടിമകളായി തീർന്നിരുന്നവർക്കെതിരെ ശക്തമായ ആക്രമണം അഴിച്ചു വിട്ടു. കമ്യൂണുകളിലാവട്ടെ, ഭൂരിഭാഗം വരുന്ന ദരിദ്രരും ഇടത്തരക്കാരുമായ കർഷകർ, അവസരവാദികളായ കർഷകരുടെ പെട്ടെന്നു പണക്കാരാകാനുള്ള ത്വരയെ ചെറുക്കുകയും അങ്ങനെ വിഷനിസത്തിലേക്കുള്ള വ്യതിയാനത്തിന് കടിഞ്ഞാണിടുകയും ചെയ്തു വന്നു. ഇനിയുള്ളതു് പട്ടണങ്ങളുടെ ഊഴമാണ്.

എന്തുകൊണ്ടാണ് ഈ പ്രസ്ഥാനത്തിന് 'സാംസ്കാരിക' വിപ്ലവം എന്നു പേരുവന്നതു്.? കാരണമിതാണ്; തുടക്ക

---

[3] ഇതിൻെറ പൂർണ രൂപം 'സെൻട്റൽകമ്മിററിയുടെ 11—ാം പ്ളീനം പാസാക്കിയ പ്രമേയങ്ങൾ'—പതിനാറിന പരിപാടി എന്ന ശീർഷകത്തിൽ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.

ത്തിൽ, അതിൻെറ ഊന്നൽ മുഴുവൻ ബൂർഷ്വാ മാർഗം അഥവാ 'മുതലാളിത്ത പാത' സ്വീകരിക്കുകയും മാവോ സിദ്ധാന്തങ്ങളെ തുരങ്കം വയ്ക്കുകയും ചെയ്തുകൊണ്ടിരുന്ന പാർടിയിലെ പ്രചാരണ (സാംസ്കാരിക) നേതാക്കൾക്കെതിരായുള്ള ആക്രമണങ്ങളിലായിരുന്നു. അറുപതുകളുടെ തുടക്കത്തിൽ തന്നെ, കലാരംഗങ്ങളിലും പത്രങ്ങളിലും മാവോയുടെ നേതൃത്വത്തിനെതിരായുള്ള ആക്രമണങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിരുന്നു; പക്ഷെ അവ അത്ര പ്രകടമായ രൂപത്തിലായിരുന്നില്ല എന്നു മാത്രം. തുടർന്ന് ചെയർമാനെതിരായുള്ള വിമർശനാത്മകവും പ്രതീകാത്മകവുമായ സൂചനകൾ കൂടുതൽ പ്രത്യക്ഷപ്പെട്ടു തുടങ്ങി.

1965 അവസാനത്തോടെ ഇക്കൂട്ടത്തിൽ ഏററവും 'ഭീകര'നും 'രാക്ഷസ സദൃശ'നുമായി ഒരാൾ വിശേഷിപ്പിക്കപ്പെട്ടു തുടങ്ങിയിരുന്നു—വൂഹാൻ. പെക്കിങ്ങിലെ ആറു ഡപ്യൂട്ടി മേയർമാരിൽ ഒരാളും പെക്കിങ്ങ് മേയർ പെങ്ങ് ചെന്നിൻെറ ഏററവുമടുത്ത സുഹൃത്തുമായിരുന്നു വൂഹാൻ. ടെയ്ഡ് യൂണിയൻ പ്രസ്ഥാനത്തിലൂടെ ഉയർന്നു വന്ന പെങ്ങ് ചെൻ, ലിയു ഷാവോചിയുടെ ഏററവുമടുത്ത ആളാണ്. വടക്കൻ ചൈനയിൽ നിന്നുള്ള പൊളിററ് ബ്യൂറോ അംഗങ്ങളിൽ ഏററവും പ്രബലനായി കണക്കാക്കപ്പെട്ടിരുന്നതു് പെങ്ങ് ചെന്നാണ്. വൂഹാനാകട്ടെ മിങ്ങ് കാലഘട്ടത്തിൽ സ്പെഷ്യലൈസു ചെയ്തിട്ടുള്ള ഒരു പ്രൊഫഷണൽ ചരിത്രകാരനും നല്ലൊരെഴുത്തുകാരനുമാണ്. ഒരു ബൂർഷ്വാ ലിബറൽ ചരിത്രകാരൻ എന്ന നിലയ്ക്ക് വൂഹാനെ എനിക്കു നേരത്തെ അറിയാം. അദ്ദേഹം ഒരിക്കലും ഒരു പാർടി അംഗമായിട്ടില്ല. പക്ഷെ, ചിയാങ്ങ് കൈഷേക്കിനെതിരായി അദ്ദേഹം കമ്യൂണിസ്ററു പാർടിയെ പിൻതാങ്ങിയിരുന്നു. വൂഹാൻ തൻെറ ഏററവും പ്രിയപ്പെട്ട ചരിത്ര പുരുഷനായ ഹായ് ജൂയിയെ—മിങ്ങ് രാജ്യത്തിനെതിരെ ശബ്ദമുയർത്തുകയും അക്കാരണത്താൽ അന്യായമായി ശിക്ഷിക്കപ്പെടുകയും ചെയ്ത ഒരു മാതൃകാ ബ്യൂറോക്രാററാണ് ഹായ് ജൂയി—പ്രശംസിച്ചു കൊണ്ട് പല രചനകളും പ്രസിദ്ധീകരിക്കയുണ്ടായി. വൂഹാൻെറ ആദ്യത്തെ നാടകമാണ് *ഹായ് ജൂയി ചക്രവർത്തിയെ ശകാരിക്കുന്നു*. അതിനൊരനുബന്ധമായാണ് 1961 ൽ *ഹായ് ജൂയി ചിരിച്ചു വിടപ്പെടുന്നു* എന്ന നാടകം എഴുതിയതു്. ഈ നാടകം വമ്പിച്ച വിജയമായിരുന്നു.

ഭരണകൂടത്തിലെ പ്രബലരായ നേതാക്കന്മാരുടെ പിൻതു ണയുടെ ബലത്തിൽ വു—വെറുമൊരായുധം?— മററുചിലരുമാ യി ചേർന്ന് ഈസോപ്പിയൻ ശൈലിയിൽ സുദീർഘമായ പത്രലേഖനങ്ങൾ എഴുതാൻ ആരംഭിച്ചു.

യെൻഷാമിലെ സായാഹ്ന സൊറകൾ,മുക്കുടുംബഗ്രാ മം 4 എന്നീ ശീർഷകങ്ങളിലുള്ള ലേഖനങ്ങൾ ഇക്കൂട്ടത്തിൽ പെടുന്നു. ഇക്കാര്യത്തിൽ വൂവിനോടൊപ്പം പ്രവർത്തിച്ചിരു ന്നതു് പെങ്ങ് ചെന്നിന്റെ സാംസ്കാരികോപദേഷ്ടാവായ ടെങ്ങ് ടൊ, പെങ്ങിന്റെ ഐക്യമുന്നണി പ്രവർത്തനോപദേ ഷ്ടാവായ ലിയാവെ മോഷ എന്നിവരാണ്. പ്രചാരണ വിഭാ ഗത്തിന്റെ മേൽനോട്ടം വഹിക്കുന്ന പൊളിററ്ബ്യൂറോ അംഗം ലൂടിങ്ങ്—യി, അദ്ദേഹത്തിന്റെ ഡെപ്യൂട്ടിയും കേന്ദ്രക്കമ്മിററി അംഗവുമായ ചൂയാങ്ങ് എന്നിവരുടെ പിൻതുണയില്ലായിരു ന്നെങ്കിൽ മേൽപ്പറഞ്ഞ ലേഖനങ്ങൾ പ്രസിദ്ധീകരിക്കാൻ ക ഴിയുമായിരുന്നില്ല എന്ന കാര്യവും ശ്രദ്ധേയമാണ്.

വൂഹാനും ടെങ്ങ്ടോയും ലിയാവോ മോഷയും, തങ്ങളുടെ ഉദ്ദേശങ്ങൾ കൗശലപൂർവം മറച്ചുവയ്ക്കാൻ ശ്രമിച്ചിരുന്നുവെങ്കി ലും തികച്ചും നിരുപദ്രവകരങ്ങളെന്നു തോന്നിക്കുന്ന ചരിത്രോ പാഖ്യാനങ്ങളും നാടോടിക്കഥകളും ഉപയോഗിച്ച് മാവോയെ യും 'മൂന്നു ചെമപ്പു ബാനറുകളെയും' അപഹസിക്കുകയും വില യിടിച്ചു കാണിക്കുകയും ചെയ്യുക എന്ന അവരുടെ ഇരട്ടനയം പാർടിയുടെ ഉൾവൃത്തങ്ങൾ മനസ്സിലാക്കാതിരുന്നില്ല. എന്നാൽ ആദ്യഘട്ടത്തിൽ ചൈനാക്കാരടക്കം, ഒരു ചൈനാ വിദഗ്ധ നും ഈ സൂചനകൾ മനസ്സിലാക്കുകയുണ്ടായില്ല. മേൽപ്പറഞ്ഞ ആരോപണം ഉന്നയിക്കപ്പെട്ടതു് പിൽക്കാലത്തു മാത്രമാണ്. 1961മുതൽ 63വരെയുള്ള കാലഘട്ടത്തിൽ ഇത്തരം കഥകൾ ധാ രാളം പ്രത്യക്ഷപ്പെട്ടു. എന്തുകൊണ്ടാണ് ആ ഘട്ടത്തിൽ തന്നെ

---

4 ഗ്രാമീണരും ബുദ്ധിജീവികളും തമ്മിലുള്ള സംഭാ ഷണങ്ങളുടെ രൂപത്തിൽ എഴുതപ്പെട്ട ഈ ലേഖനത്തിൽ, പുരാവൃത്തങ്ങളും ചരിത്രസംഭവങ്ങളും ഉപയോഗിച്ച് 'മൂന്നു ചെമപ്പുബാനറുകളെ' അഥവാ മാവോയുടെ മുഖ്യ സോഷ്യലിസ്ററ് ലൈനിനെ പരോക്ഷമായി വിമർശിക്കു കയാണ് ചെയ്തിരുന്നത്.

അവയെ അടിച്ചമർത്തുവാനുള്ള ഒരു നീക്കവും മാവോ നടത്താതിരുന്നത്.

വുഹാനു്, മാവോയുമായി ഏററുമുട്ടുക എന്നൊരു കിറുക്കൻ ഉദ്ദേശമുണ്ടായിരുന്നോ എന്ന കാര്യം വ്യക്തമല്ല. എന്നാൽ *ഹായ്ജൂയി പിരിച്ചുവിടപ്പെടുന്നു* എന്ന നാടകത്തെ ചില നേതാക്കൾ അങ്ങനെയാണു് വ്യാഖ്യാനിച്ചിരുന്നതു് എന്ന കാര്യം തികച്ചും വ്യക്തമാണു്. അവരെ സംബന്ധിച്ചിടത്തോളം പെങ്ങ് ചെന്നിന്റെ പിന്തണിയിൽ നിന്നുള്ള സഹായത്തോടെ മാവോസ്തുതിരായി ആരംഭിച്ച ഒരു ഉരസലിന്റെ പ്രതിഫലനമായിരുന്നു അതു്. പെങ്ങ്ചെന്നിനു് ലിയു ഷാവോചിയുടെ പൂർണമായ പിൻതുണ ഉണ്ടായിരുന്നോ? ലിയു ഇക്കാര്യം പിന്നീട് നിഷേധിക്കുകയുണ്ടായി. ''ഹായ്ജൂയി'' യിലെ കേന്ദ്രവസ്തു അതിലെ പിരിച്ചുവിടൽ തന്നെയാണു്, മാവോ 1967ൽ എഴുതി: ''ചിയാചിങ്ങ് രാജാവ് ഹായ്ജൂയിയെ പിരിച്ചുവിട്ടു; 1955ൽ നാം പെങ്ങ്ടെ ഹുവായിയെ നിഷ്ക്കാസനം ചെയ്തു. പെങ്ങ് *തന്നെയാണ്* ഹായ്ജൂയി 5.'' പക്ഷെ 1967ൽ മാത്രമാണു് മാവോ ഇതുപറഞ്ഞതു്; 1965ൽ ഇത്തരമൊരു ആക്രമണത്തിനു് സ്വയം തുടക്കം കുറിക്കാൻ അദ്ദേഹത്തിനു കഴിയുമായിരുന്നില്ല. അദ്ദേഹത്തിനുവേണ്ടി ആ ജോലി ആരാണു് നിർവഹിക്കുക?

പ്രബലന്മാരുടെ തണലിൽ കഴിയുന്ന വുഹാന്റെ തനിനിറം തുറന്നു കാണിക്കാൻ അനുയോജ്യനായ ഒരു പാർടി പ്രവർത്തകനെയോ ബുദ്ധിജീവിയേയോ കണ്ടെത്താൻ കഴിയാതിരുന്നതിനെ തുടർന്നാണു്, ഉന്നതസ്ഥാനങ്ങളിലിരിക്കുന്ന ചില പാർടി നേതാക്കളെ നിഷ്കാസനം ചെയ്യുന്നതിനു വേണ്ടി നടത്തപ്പെടുന്ന ഒരു രണ്ടാം വിപ്ലവത്തിൽ കുറഞ്ഞ ഒന്നുകൊണ്ടും ചൈനീസ് രാഷ്ട്രത്തെയാകമാനം തന്റെ വിപ്ലവ മാർഗത്തിൽ —അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒരേയൊരു മാർഗം അതായിരുന്നു—ഉറപ്പിച്ചു നിർത്താനാവില്ല എന്നു് മാവോസ്തു്

---

5 സ്വയം വിമർശനമെന്ന രീതിയിൽ ചെങ്ങ്ടെ-ഹുവായി പിന്നീട് നടത്തിയ ഒരു പ്രസ്താവനയിൽ, തന്നെത്തന്നെയാണു് ഹായ് ജൂയി ആയി ചിത്രീകരിച്ചത് എന്നു സമ്മതിക്കുകയുണ്ടായി.

ബോധ്യമായതു്. വുഹാനെ തുറന്നു കാണിക്കാൻ കെൽപ്പുള്ള വ്യക്തിയെ—യാവോ വെൻ യുവാൻ—തേടിപ്പിടിക്കാൻ അദ്ദേഹത്തിനു് ഷാങ്ങ്ഹായ് വരെ പോകേണ്ടി വന്നു. താരതമ്യേന ചെറുപ്പക്കാരനായ ഒരെഴുത്തുകാരനായിരുന്നു യാവോ വെൻ—യുവാൻ. കലാ രംഗത്തും പത്ര പ്രവർത്തന രംഗത്തും തലയുയർത്തി തുടങ്ങിയിരുന്ന ബൂർഷ്വാ പ്രവണതകൾക്കെതിരെ അദ്ദേഹം നടത്തിയ ശക്തമായ ആക്രമണങ്ങൾ 1957 ൽ തന്നെ മാവോയുടെ പ്രശംസ പിടിച്ചു പററിയിരുന്നു. യഥാർഥത്തിൽ ചിയാങ്ങ് ചിങ്ങാണു് (മാവോയുടെ ഭാര്യ), യാവോ വെൻ യുവാനുമായി ചർച്ചകൾ നടത്തിയതു്. യാവോ അവരുടെ ഒരു പഴയ സുഹൃത്തു കൂടിയായിരുന്നു: 1965 ഓടെ വുഹാനും ഷാങ്ങ്ഹായിലെ ലിയു പക്ഷക്കാർക്കുമെതിരായി ചിയാങ്ങ് ചിങ്ങും രംഗത്തിറങ്ങിക്കഴിഞ്ഞിരുന്നു. തൊഴിലാളി വർഗ സമീപനം ഉൾക്കൊള്ളുന്ന നാടകങ്ങൾ, ഓപ്പറാകൾ, ബാലേകൾ—സാധാരണക്കാർക്കു വേണ്ടിയുള്ള കല എന്ന മാവോയുടെ സങ്കല്പത്തോടു നീതി പുലർത്തുന്ന നാടകങ്ങൾ—എന്നിവയെക്കുറിച്ചുള്ള അവരുടെ സങ്കല്പങ്ങളെ ലിയു പക്ഷക്കാരും പെക്കിങ്ങിലെ സാംസ്കാരിക പ്രചാരണ വിഭാഗവും ശക്തമായി എതിർത്തിരുന്നു.

ഹായ് ജുവായിക്കും വുഹാനും എതിരായുള്ള വിമർശനം തയ്യാറാക്കിയതു് യാവോ വെൻയുവാനാണ്. യാവോ തയ്യാറാക്കിയ വിമർശനം പതിനൊന്നു തവണ മാററി എഴുതപ്പെട്ടു എന്നാണ് പറയപ്പെടുന്നതു്. ഒടുവിൽ ചിയാങ്ങ് ചിങ്ങിന്റേയും മാവോയുടെയും അംഗീകാരത്തോടെ നവംബറിൽ ഷാങ്ങ്ഹായിലാണ് അതു പ്രസിദ്ധീകരിക്കപ്പെട്ടതു്. ഇതു് അച്ചടിക്കാൻ മാവോയ്ക്കു് പെക്കിങ്ങിലെ പാർടിപ്രസ്സ് ഉപയോഗിക്കാൻ കഴിഞ്ഞില്ല എന്ന കാര്യം നേരത്തെ സൂചിപ്പിച്ചതു് ഓർക്കുമല്ലോ.

യാവോ, തന്റെ ലേഖനത്തിൽ വുഹാന്റെ കൃതികളിൽ ആശയപരമായ നിരവധി പിശകുകളുള്ളതായി ആരോപിച്ചിരുന്നു. ഒരു ഫ്യൂഡൽ വ്യക്തിത്വത്തെ ആദർശവൽക്കരിക്കാനും ചക്രവർത്തി, ബ്യൂറോക്രാററുകൾ, ജന്മികൾ എന്നിവർക്കെതിരെയുള്ള ജനങ്ങളുടെ മുഖ്യമായ വർഗസമരത്തെ അവഗ

ണിക്കാനുമാണ് വുഹാൻ ശ്രമിച്ചിരിക്കുന്നതു് എന്നു് യാവോ ആരോപിച്ചു. ഹായ് ജൂയി ആവശ്യപ്പെടുന്ന 'പരിഷ്ക്കരണം' ഉയർന്ന ഉദ്യോഗസ്ഥന്മാർ പിടിച്ചെടുത്ത ഭൂമിയുടെ പകുതിഭാഗം, സാമൂഹ്യവ്യവസ്ഥയുടെ സ്ഥിരത കാത്തുസൂക്ഷിക്കുന്നതിനായി, ജന്മിമാർക്ക് തിരിച്ചു നൽകണം എന്നതുവരെ മാത്രമേ എത്തുന്നുള്ളു. ഏറെ താമസിയാതെ, കൂടുതൽ വ്യക്തമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടും പ്രചാരണ സംവിധാനത്തിന്റെ ചുമതല വഹിക്കുന്നവർക്കെതിരെ—അവരിൽ വുഹാനൊഴികെ മററാരുടേയും പേർ അന്നു് എടുത്തു പറഞ്ഞിരുന്നില്ല—ശക്തമായ പ്രത്യാക്രമണങ്ങൾ ഉയർത്തിക്കൊണ്ടുള്ള മററു ലേഖനങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങി.

ഇതുയുമായപ്പോൾ, കഠിന സമ്മർദത്തിനു വിധേയനായ പെങ്ങ്ചെൻ, വുഹാനെ രക്ഷിക്കാനുള്ള മാർഗങ്ങളാരായാൻ തുടങ്ങി. വുഹാന്റെ പ്രശ്നം പെങ്ങ്ചെന്നിന്റെയും പ്രശ്നമായിരുന്നു. വുഹാനും, അയാളുമായി ബന്ധപ്പെട്ട മററാളുകളും ആശയപരമായ ശത്രുക്കളും പ്രതിവിപ്ലവകാരികളുമായി മുദ്രകുത്തപ്പെടുകയാണെങ്കിൽ, പെങ്ങ് ആയിരിക്കും, അതിനുത്തരവാദി. സാംസ്കാരിക വിപ്ലവത്തിന്റെ ചുമതല വഹിക്കുന്നതിനായി കേന്ദ്രക്കമ്മിററി 1965 ഒക്ടോബറിൽ രഹസ്യമായി നിയമിച്ച അഞ്ചംഗക്കമ്മിററിയിൽ പെങ്ങും ഉൾപ്പെട്ടിരുന്നു. 1966 ഫെബ്രുവരിയിൽ പെങ്ങ്, ഈ കമ്മിററിയുടെ പേരിൽ പാർടിയുടെ എല്ലാ ബ്രാഞ്ചുകൾക്കും കമ്പിമാർഗം സർക്കുലറുകൾ അയച്ചു. വുഹാന്റെ തെററ് കേവലം അക്കാദമികമാണെന്നും അതു് ഗുരുതരമായി കാണേണ്ടതില്ലെന്നും സ്ഥാപിക്കാനുള്ള ഒരു ശ്രമമാണ് പെങ്ങ് ഇതിലൂടെ നടത്തിയതു്. തന്റെ സർക്കുലറിൽ സാംസ്കാരിക വിപ്ലവത്തിന്റെ മുഖ്യലക്ഷ്യങ്ങളെപ്പററി പറഞ്ഞിരുന്നുമില്ല. 'മുതലാളിത്ത മാർഗം സ്വീകരിച്ചിട്ടുള്ള പാർടിയിലെ ഉന്നതന്മാരെ പുറത്താക്കുക' എന്നതാണ് സാംസ്കാരിക വിപ്ലവത്തിന്റെ ലക്ഷ്യം എന്നു് മാവോ അതിനകം തന്നെ വ്യക്തമാക്കിക്കഴിഞ്ഞിരുന്നു. ബന്ധപ്പെട്ട മുഖ്യ(പാർടി) സംഘടനകളുടെ അംഗീകാരത്തോടു കൂടിയുള്ള വിമർശനങ്ങളിൽ ഒതുങ്ങിനിൽക്കുന്ന ഒരു പ്രസ്ഥാനം ആവിഷ്ക്കരിക്കുക എന്നതായിരുന്നു പെങ്ങിന്റെ ആഹ്വാനം.

പെങ്ങിന്റെ ടെലഗ്രാം അഞ്ചംഗക്കമ്മററിയിലെ മററംഗങ്ങളോ താനോ കാണുകയുണ്ടായില്ല എന്ന് മാവോ ആരോപിച്ചു. ഈ സംഭത്തിൽ രോഷാകുലനായ ചെയർമാൻ, കേന്ദ്രക്കമ്മററിയുടെ ഒരു പ്രത്യേകയോഗം വിളിച്ചുകൂട്ടി പെങ്ങിന്റെ റിപ്പോർട്ട് തീർത്തും നിഷേധിച്ചു. 1966 മെയ് 16-ാം തീയതിയാണ് ഇതുണ്ടായത്. പെങ്ങിനെയും കൂട്ടരെയും സംബന്ധിച്ചിടത്തോളം കേന്ദ്രക്കമ്മററിയുടെ മെയ് 16ലെ സർക്കുലർ ടെലഗ്രാം വമ്പിച്ച ആഘാതമായിരുന്നു. 'പാർടിയിലും ഗവണ്മെൻറിലും സായുധസേനയിലും വിവിധ സാംസ്കാരിക തലങ്ങളിലും നുഴഞ്ഞു കയറിയിട്ടുള്ളബൂർഷ്വാ പ്രതിനിധികളിൽ' ഒന്നാമനായി പെങ്ങിനെയാണ് ചിത്രീകരിച്ചത്. അതായത് പെങ്ങ് ഒരു പ്രതിവിപ്ലവകാരിയായി മുദ്രകുത്തപ്പെട്ടു, സർക്കുലർ ഇങ്ങനെയാണ് അവസാനിച്ചിരുന്നത്.

> അനുയോജ്യമായ സാഹചര്യങ്ങൾ ലഭിച്ചു കഴിയുമ്പോൾ ഇക്കൂട്ടർ അധികാരം കയ്യാളുകയും തൊഴിലാളി വർഗ സർവാധിപത്യത്തിനുപകരം ബൂർഷ്വാസിയുടെ സർവാധിപത്യം സ്ഥാപിക്കുകയും ചെയ്യും. ഇവരിൽ പലരേയും നാം തിരിച്ചറിഞ്ഞു കഴിഞ്ഞിരിക്കുന്നു. പക്ഷെ ഇനിയും പലരുമുണ്ട്. ഇവരിൽ പലരേയും നാമിപ്പോഴും വിശ്വസിക്കുകയും നമ്മുടെ പിൻഗാമികളായി തീരേണ്ടവർ എന്ന മട്ടിൽ പരിശീലിപ്പിച്ചു വരികയും ചെയ്യുന്നുണ്ട്. ക്രുഷ്ചേവിനെപ്പോലുള്ള പലരും ഇപ്പോഴും നമ്മുടെ തുണലിൽ കഴിയുന്നുണ്ട്. 6

അവിടുന്നങ്ങോട്ടു നടന്നതു് ഏറെക്കുറെ തോക്കുകളില്ലാത്ത ഒരഭ്യന്തരയുദ്ധം തന്നെയായിരുന്നു. ●

---

6 ജെറോം ചെൻ

13

തുറന്ന യുദ്ധം

1965 ലെ ശരത്കാലം മുതൽ മാവോ പൊതു വേദികളിൽ നിന്നു അപ്രത്യക്ഷനായി. 1966 മെയ് 16ൽ നടന്ന യോഗമോ പ്രസ്താവനയോ അദ്ദേഹം എവിടെയാണ് എന്ന കാര്യം വെളിപ്പെടുത്തിയില്ല. യോഗത്തെയും പ്രസ്താവനയെയും സംബന്ധിച്ചുള്ള വിവരങ്ങൾ അടുത്ത വർഷംവരെ രഹസ്യമായി സൂക്ഷിക്കപ്പെടുകയാണുണ്ടായത്. കേന്ദ്രക്കമ്മിററിയിൽ, പെങ്ങ് ചെൻ ഗ്രൂപ്പിനെ മാററി തൽസ്ഥാനത്ത് നിയമിക്കപ്പെട്ട ചെറിയ സാംസ്കാരിക വിപ്ലവഗ്രൂപ്പിലെ അംഗങ്ങൾക്കു മാത്രമേ മാവോയുടെ നീക്കങ്ങൾ അറിയാമായിരുന്നുള്ളൂ. മാവോ രോഗബാധിതനാണെന്നും വിശ്രമമെടുക്കുകയാണെന്നും മററുള്ള ഒരു തോന്നൽ പരക്കെ ഉളവായി.

ബോധപൂർവമല്ലെങ്കിലും, അത്തരമൊരു തോന്നൽ ഉണ്ടാക്കുന്നതിൽ എനിക്കും ഒരു പങ്കുണ്ടായിരിക്കാം. 1665 ജനുവരിയിൽ ഞാൻ അദ്ദേഹവുമായി അഭിമുഖ സംഭാഷണം നടത്തിയ വേളയിൽ അദ്ദേഹത്തിനു തൻെറ പഴയ ഉത്സാഹം നഷ്ടപ്പെട്ടിരിക്കുന്നതായി എനിക്കു തോന്നി. രണ്ടുവട്ടം ഭാവിയെ സൂചിപ്പിച്ചു കൊണ്ടെന്നോണം താൻ ''താമസിയാതെ ദൈവത്തെ കാണാൻ പോവുകയാണ്'' 1 എന്ന് അദ്ദേഹം പറയുകയുണ്ടായി. ഭാവി 'പിൻഗാമികൾ'ക്ക് വിട്ടുകൊടുക്കാൻ താൻ സന്നദ്ധനാണ് എന്ന നിലയുള്ള ചില അഭിപ്രായ പ്രകടനങ്ങളും അദ്ദേഹം നടത്തുകയുണ്ടായി. ഇതെന്നും, തീർച്ചയായും

മലകൾക്ക് തെക്ക്, കടലുകൾക്ക് വടക്ക്, അനുബന്ധം നോക്കുക.

വരാനിരിക്കുന്ന ഒരു മഹാ സമരത്തിനുള്ള തയാറെടുപ്പിനെ സൂചിപ്പിക്കുന്ന വാക്കുകളായിരുന്നില്ല. തന്റെ ശത്രുക്കളെ തെററിദ്ധരിപ്പിക്കുന്നതിനുവേണ്ടിയായിരിക്കും അദ്ദേഹം അങ്ങനെയെല്ലാം അഭിപ്രായപ്പെട്ടതെന്നു പെക്കിങ്ങിൽ വച്ച് ചിലരൊക്കെ എന്നോട് പറയുകയുണ്ടായി. അങ്ങനെ ശത്രുക്കളെ പരസ്യമായി പുറത്ത് വരാൻ പ്രേരിപ്പിക്കുകയും അതിനിടയിൽ ഒരു പ്രത്യാക്രമണത്തിന് ഒരുക്കൂട്ടുകയും ചെയ്യുക, ഇതായിരുന്നിരിക്കാം അദ്ദേഹത്തിന്റെ ഉദ്ദേശ്യം എന്നാണവർ പറഞ്ഞത്. പക്ഷെ ഇതും വെറും ഊഹാപോഹം മാത്രമാണ്.

യഥാർഥത്തിൽ നവംബറിൽ മാവോ രഹസ്യമായി ഷാങ്ങ് ഹായ് സന്ദർശിക്കുകയും യാവോ വെൻ യുവാൻ, ചാങ്ങ് ചുൻ ചിയാവോ തുടങ്ങിയ യുവനേതാക്കളെമായി ചർച്ചകൾ നടത്തുകയുണ്ടായി. യുവാക്കളായ ഇവരാണ് പിൽക്കാലത്ത് സാംസ്കാരിക വിപ്ലവത്തിന് നേതൃത്വം നൽകുന്ന പാർടി പ്രക്ഷോഭകാരികളായി മാറിയത്. ഏറെ താമസിയാതെ അവിടത്തെ പാർടിയുടേയും തൊഴിലാളി യൂണിയനുകളുടെയും സാംസ്കാരിക സ്ഥാപനങ്ങളുടെയും ചുക്കാൻ പിടിച്ചിരുന്ന ലിയു ഷാവോചി പക്ഷക്കാരെ നിഷ്ക്കാസനം ചെയ്യുന്നതിനായി കലാപം സംഘടിപ്പിച്ചതും ഇവർ തന്നെ. മാവോയ്ക്ക് യാതൊരു രോഗവുമുണ്ടായിരുന്നില്ല. എന്നു മാത്രമല്ല, അദ്ദേഹം ചൈനയുടെ തെക്കൻ ഭാഗങ്ങളിൽ പാർടിപ്രവർത്തകർക്കു നിർദേശങ്ങൾ നൽകിക്കൊണ്ട് തിരക്കിട്ട സഞ്ചരിക്കുകയുമായിരുന്നു. വടക്കൻ പ്രദേശങ്ങളിലാവട്ടെ, കേന്ദ്രക്കമ്മിററിയുടെ സാംസ്കാരിക വിപ്ലവ ഗ്രൂപ്പ്, പെങ്ങിനും, 'മുതലാളിത്തപാത സ്വീകരിച്ചുകൊണ്ടിരിക്കുന്ന ഒന്നാം നമ്പർ പാർടി നേതാവിനും' (പേരു് പരസ്യമാക്കിക്കഴിഞ്ഞിരുന്നില്ല.) ശക്തമായൊരു തിരിച്ചടി നടത്താൻ തയ്യാറെടുത്തുകൊണ്ടിരിക്കുകയായിരുന്നു. 1962ൽ കേന്ദ്രക്കമ്മിററിയുടെ പത്താം പ്ലീനറിസമ്മേളനത്തിൽ മാവോ ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി:

ഒരു രാഷ്ട്രീയ ശക്തിയെ കീഴടക്കുന്നതിന് ആദ്യമായി പൊതുജനാഭിപ്രായം സൃഷ്ടിച്ചെടുക്കുകയും സൈദ്ധാന്തിക മണ്ഡലത്തിൽ പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്. ഇക്കാര്യം വിപ്ലവവർഗത്തിനും പ്രതി വിപ്ലവ വർഗത്തിനും ഒരുപോലെ ബാധകമാണ്. • •

ഷാങ്ഹായിലേയും പെക്കിങ്ങിലെയും ജനകീയ വിമോചനസേനയുടെ മുഖപത്രങ്ങൾ ഒഴിച്ചുള്ള ഔദ്യോഗിക പത്രങ്ങളെല്ലാം മാവോയുടെ നിയന്ത്രണത്തിനു വെളിയിലായിരുന്ന സന്ദർഭത്തിലാണ് ഷാങ്ഹായിലെ അനൗദ്യോഗിക പത്രങ്ങളിൽ [2] വൂഹാനെക്കുറിച്ചുള്ള യാവോ വെൻ യുവാന്റെ വിമർശനങ്ങൾ പ്രത്യക്ഷപ്പെട്ടത്. 1966 ജൂണിൽ പെക്കിങ്ങിലെ സായുധസേനാ ദിനപ്പത്രം, കേന്ദ്രക്കമ്മിററിയുടെ മുഖപ്പത്രമായ *പീപ്പിൾസ് ഡെയ്ലിയും* പാർട്ടി കേന്ദ്രത്തിന്റെ സൈദ്ധാന്തിക ജേർണലായ *ഹുവാങ്ചിയും* [3] ഏററെടുത്തു. അതു് 'കറുത്ത, പാർട്ടി വിരുദ്ധനയ'ങ്ങളെ നിഷ്ക്കാസനം ചെയ്യുന്നതിനും വിദ്യാഭ്യാസം, സാഹിത്യം, പത്രപ്രവർത്തനം, നാടകങ്ങൾ, മററു സാംസ്കാരിക വേദികൾ എന്നിവയിലെല്ലാം തൊഴിലാളി വർഗ സിദ്ധാന്തം വളർത്തിയെടുക്കുന്നതിനും വേണ്ടി, 'രൂക്ഷമായ വർഗ സമരം' പ്രഖ്യാപിച്ചു.

ജൂൺ 3-ാം തീയതിയിലെ *പീപ്പിൾസ് ഡെയ്ലിയിൽ* അതിന്റെ മുൻ പത്രാധിപ സമിതിയെ മുഴുവൻ പുറത്താക്കിക്കൊണ്ടുള്ള ഒരു 'കേന്ദ്രക്കമ്മിററി തീരുമാനം' പ്രസിദ്ധീകരിക്കുകയുണ്ടായി. അതോടൊപ്പം തന്നെ ലോങ്ങ് മാർച്ചിലെ നേതാവും പൊളിററ് ബ്യൂറോ അംഗവും പൊതു സുരക്ഷാ മന്ത്രിയുമായ ലി സു ഫെങ്ങിന്റെ നേതൃത്വത്തിൽ പെക്കിങ്ങ് പാർട്ടിക്കമ്മിററി പുനസ്സംഘടിപ്പിച്ചിരിക്കുന്നതായും പ്രഖ്യാപിച്ചിരുന്നു. പെങ്ങ് ചെന്നിന്റെ പേരു് എടുത്തു പറഞ്ഞിരുന്നില്ല. പക്ഷെ, ആ സമയമായപ്പോഴേക്കും അദ്ദേഹത്തെ എല്ലാ ഔദ്യോഗിക, പാർട്ടി സ്ഥാനങ്ങളിൽ നിന്നും ഒഴിവാക്കിയിരുന്നു. പെങ്ങിനോടൊപ്പം, വൂഹാനും അദ്ദേഹത്തിന്റെ മററു അക്കാദമിക സഹയാത്രികരും രാഷ്ട്രീയമായി പിൻനിരയിലേക്ക് തള്ളപ്പെട്ടു. ലൂപിങ്ങ്, പെങ്ങ്, പി-യു വാൻ എന്നിവരെ പെക്കിങ്ങ് യൂനിവേഴ്സിററിയുടെ നേതൃത്വ

---

2 *വെൻ ഹുയി പാവോ* (സായാഹ്ന പത്രം)

3 'കേന്ദ്രം' എന്നു പറഞ്ഞാൽ പാർട്ടിയുടെ കേന്ദ്ര കമ്മിററിയും, വിശിഷ്ട അതിന്റെ നിർവഹണ സമിതിയായി പ്രവർത്തിക്കുന്ന പോളിററ് ബ്യൂറോവിന്റെ സ്ററാൻഡിങ്ങ് കമ്മിററിയുമാണ്.

ത്തിൽ നിന്നു് പുറന്തള്ളിക്കൊണ്ടുള്ള മറ്റൊരു സുപ്രധാന കല്പനയും പുറപ്പെടുവിക്കുകയുണ്ടായി. അവരുടെ നേതൃത്വത്തിലുള്ള പാർടിക്കമ്മിററിയെ പെക്കിങ്ങ് പാർടിക്കമ്മിററി തെരഞ്ഞെടുക്കുന്ന ഒരു 'പുതിയ പ്രവർത്തക ടീമി'ന്റെ നേതൃത്വത്തിൽ പുനസ്സംഘടിപ്പിക്കാനായിരുന്നു തീരുമാനം.

മെയ് 16ന് നടന്ന രഹസ്യയോഗത്തിൽ ആരെല്ലാം പങ്കെടുത്തിരുന്നു എന്ന കാര്യവും കേന്ദ്രക്കമ്മിററി മേൽപ്പറഞ്ഞ തീരുമാനങ്ങളിൽ എങ്ങനെയാണ് എത്തിച്ചേർന്നത് എന്ന കാര്യവും വ്യക്തമല്ല. ഇത്തരം യോഗങ്ങളിൽ പങ്കെടുക്കേണ്ടവരെ സസൂക്ഷ്മം തെരഞ്ഞെടുക്കുകയാണോ പതിവ്? അതോ ഒന്നിടവിട്ട് സായുധസേനാംഗങ്ങളേയും സാധാരണ പൗരന്മാരേയും ഇടകലർത്തി പങ്കെടുപ്പിക്കുകയാണോ പതിവ്? മാവോയ്ക്ക് രേണഘടനാപരമായി തെരഞ്ഞെടുത്തിട്ടുള്ള രാഷ്ട്രത്തലവനെ പുറന്തള്ളാൻ ആവശ്യമായ ഭൂരിപക്ഷം കേന്ദ്രക്കമ്മിററിയിൽ ഇല്ലായിരുന്നോ? അതോ ആ രീതി ഉപയോഗിക്കാൻ ഇഷ്ടമില്ലാഞ്ഞിട്ടാണോ അദ്ദേഹം രാഷ്ട്രീയവും അക്കാദമികവുമായ പ്രമുഖസ്ഥാനങ്ങളിൽ ഉപവിഷ്ടരായിട്ടുള്ള മാവോവിരുദ്ധ ബ്യൂറോ ക്രാററുകളെ (റിവിഷനിസ്ററുകൾ) തുരത്തുന്നതിനുവേണ്ടി പാർടിക്കു പുറത്തുള്ള ബഹുജനങ്ങളിലേക്ക് തിരിഞ്ഞതും ലക്ഷക്കണക്കിന് യുവാക്കളെ സംഘടിപ്പിച്ച് അവരെ സിദ്ധാന്തത്തിന്റെ പടച്ചട്ടയണിയിക്കാൻ ഒരുങ്ങിയതും. (സായുധസേനയോട് ഇടതുപക്ഷത്തെ പിൻതുണക്കാൻ നിർദേശിച്ചതും?)

ജൂൺ മാസമായപ്പോഴേക്കും മെയ് 16-ാം തീയതിയിലെ പ്രഖ്യാപനത്തിൽ പറയുന്ന വിപ്ലവത്തിന്റെ സന്ദേശം എല്ലായിടത്തും പരന്നു കഴിഞ്ഞിരുന്നു; ആഗസ്റ്റ് മാസത്തിൽ വിളിച്ചു കൂട്ടുമെന്നു പ്രഖ്യാപിച്ചിരുന്ന കേന്ദ്രക്കമ്മിററിയുടെ പതിനൊന്നാം പ്ലീനറി സമ്മേളനത്തിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു കഴിഞ്ഞിരുന്നു. സ്കൂളുകൾ അടച്ചിടപ്പെട്ടു. റെഡ് ഗാർഡുകൾ എല്ലാവിധ സാംസ്കാരിക സ്ഥാപനങ്ങളുടെയും നിയന്ത്രണങ്ങൾ പിടിച്ചു പററുന്നതിനായി സമരമാരംഭിച്ചു. 'രക്ഷസ്'മാരും 'ദുഷ്ട'ന്മാരും 'മുതലാളിത്ത പാത' ക്കാരുമായ പാർടിക്കാരെ മൊത്തത്തിൽ വിമർശിച്ചുകൊണ്ടുള്ള കൂററൻ പോസ്ററുകൾ എങ്ങും നിറഞ്ഞു.

ഈ രാഷ്ട്രീയ കൊടുങ്കാററ് ആഞ്ഞടിച്ചു കൊണ്ടിരിക്കെ, തികച്ചും നാടകീയമായ വിധത്തിൽ ജൂൺ 16-ാം തീയതി മാവോ വീണ്ടും പ്രത്യക്ഷപ്പെട്ടു. മധ്യ ചൈനയിലെ ഒരു പടുകൂററൻ വ്യാവസായിക നഗരമായ വുഹാനിൽ, യാങ്ട്സീ നദിക്കു കുറുകെ നീന്താനുള്ള ഒരുക്കത്തോടെയാണ് ചെയർമാൻ പ്രത്യക്ഷപ്പെട്ടത്. 5000 ത്തോളം റെബൽ വിപ്ളവകാരികളും പത്ര പ്രവർത്തകരുടെയും ടെലിവിഷൻ ക്യാമറക്കാരുടെയും ഒരു വലിയ സംഘവും അദ്ദേഹത്തെ അനുഗമിച്ചിരുന്നു. 'ഞങ്ങളുടെ മനസ്സിൽ പ്രകാശിക്കുന്ന ഒരേ ഒരു സൂര്യൻ'—ബാനറുകളിൽ മാവോയെ അങ്ങനെയാണ് വിശേഷിപ്പിച്ചിരുന്നത്.—എന്ന വിശേഷണത്തെ അന്വർഥമാക്കുന്ന വിധത്തിൽ തന്നെയാണ് മാവോ കാണപ്പെട്ടത്. അദ്ദേഹം തികച്ചും ആരോഗ്യവനായിരുന്നു. അദ്ദേഹത്തിൽ സമരവീര്യം തുളുമ്പി നിന്നു. ചൈനീസ് രാഷ്ട്രത്തിൻെറ ചുക്കാൻ പിടിക്കാൻ അദ്ദേഹം തികച്ചും സന്നദ്ധനായി കഴിഞ്ഞിരുന്നു. നീന്തൽ പൂർത്തിയാക്കിയശേഷം, മാവോ വിജയശ്രീലാളിതനായി പെക്കിങ്ങിലേക്ക് മടങ്ങി.

ഇത്തരമൊരു തുറന്ന യുദ്ധത്തിൽ മാവോ ഉയർത്തിയ വെല്ലുവിളി നേരിടാൻ ഗൗരവപൂർവം എന്തെങ്കിലും ശ്രമം ലിയു ഷാ-വോചി നടത്തിയിരുന്നതായി തോന്നിയില്ല. ആഗസ്റ്റിനു മുൻപ്, സാംസ്കാരിക വിപ്ലവത്തിൻെറ ഒന്നാമത്തെ ഉന്നം താൻ തന്നെയാണ് എന്ന വസ്തുതപോലും ലിയു മനസ്സിലാക്കിയിരുന്നുവോ എന്ന കാര്യം സംശയമാണ്. മാവോയുടെ വ്യക്തിപ്രഭാവത്തെ വെറുമൊരു പുറംമോടി മാത്രമാക്കിച്ചുരുക്കാനും അതിനു പുറകിൽ പാർടിയുടെ നിയന്ത്രണം നിയമാനുസൃതം പ്രവർത്തിക്കുന്നവരുടെ മാത്രം കൈയിലൊതുക്കാനും ലിയു ശ്രമിച്ചിരുന്നു എന്ന കാര്യം വ്യക്തമാണ്. പക്ഷെ ഏതെങ്കിലുമൊരു വ്യക്തിയുടെയോ പ്രഭാവത്തിൻെറയോ നിയന്ത്രണം ഒഴിവാക്കുകയും പകരം കൂട്ടായ നേതൃത്വം നടപ്പാക്കുകയും ചെയ്യണമെന്ന് പാർടി ഭരണഘടന വ്യക്തമായി അനുശാസിക്കുന്നില്ലേ?

....വ്യക്തികളെ അവതാര പുരുഷന്മാരാക്കുന്നതിനു് നമ്മുടെ പാർടി അങ്ങേയററം എതിരാണ്... പുസ്തകങ്ങളിലും

സാഹിത്യ സൃഷ്ടികളിലും നേതാക്കളുടെ പങ്ക് പെരുപ്പിച്ചു കാണിക്കുന്നതിനെ കേന്ദ്രക്കമ്മിററി എക്കാലവും എതിർത്തു പോന്നിട്ടുണ്ട്. വ്യക്തിപ്രഭാവം ദീർഘകാല ചരിത്രമുള്ള ഒരു സാമൂഹ്യ പ്രതിഭാസമാണ് എന്നതു ശരിയാണ്. നമ്മുടെ പാർടിയിലും പൊതുജീവിതത്തിലുമൊക്കെ അതിൻെറ പല പ്രതിഫലനങ്ങളും കണ്ടെന്നും വരും. പക്ഷെ, വ്യക്തികളെ ഉയർത്തിക്കാണിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നതിനെതിരായുള്ള കേന്ദ്രക്കമ്മിററി തീരുമാനങ്ങൾ തുടർന്നും ആത്മാർഥതയോടെ നടപ്പാക്കുവാൻ നാം ബാധ്യസ്ഥരാണ്[4].

ഒരു പക്ഷെ, തനി സംഘടനക്കാരനും നിയമ നിഷ്ഠക്കാരനും പാർടി എസ്റ്റാബ്ലിഷ്മെൻറിൻെറ തലവനുമായ ഈ മനുഷ്യന്—ലിയുവിന്, മാവോയുടെ രണ്ടും കല്പിച്ചുള്ള ഇത്തരം തീരുമാനങ്ങളുടെ യഥാർഥ വ്യാപ്തി ഉൾക്കൊള്ളാനോ മനസ്സിലാക്കാനോ ഉള്ള മാനസികമായ കഴിവില്ലായിരുന്നതാവാം. വ്യക്തിപ്രഭാവം ഉപയോഗപ്പെടുത്തി, പാർടി യന്ത്രത്തെ ആകമാനം ഇളക്കി മറിച്ചു കൊണ്ടുള്ള—ലിയുവിനെ സംബന്ധിച്ചിടത്തോളം പാർടി യന്ത്രം പാർടിയുടെ ജീവനാണ്—ഒരു വിപ്ലവം നടത്താൻ മാവോ ശരിക്കും ഉദ്ദേശിക്കുന്നുണ്ടാകുമോ? മാവോയുടെ മുൻകാല ശുദ്ധീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിരുന്ന ലിയുവിനുണ്ടായിരുന്ന അനുഭവങ്ങളൊന്നും തന്നെ, ഇത്ര രൂക്ഷമായ എന്തിനെയെങ്കിലും കുറിച്ച് പ്രതീക്ഷിക്കുവാനോ അതിന് തയാറെടുക്കാനോ അദ്ദേഹത്തെ പ്രേരിപ്പിക്കുന്നവയായിരുന്നില്ല.

റെഡ് ഗാർഡുകളുടെ ആവിർഭാവം മുൻകൂട്ടി കാണാൻ ആർക്കെങ്കിലും കഴിയുമായിരുന്നോ? മെയ് 16 ലെ പ്രഖ്യാപനം അവരെ അംഗീകരിച്ചിരുന്നുവോ? തീർച്ചയായും ഇല്ല. റെഡ്ഗാർഡുകൾ നിയമ വിരുദ്ധരാണ്—എന്നാണ് ലിയു വിശ്വസിച്ചിരുന്നത്. ഒരു പാർടി സ്ഥാപകൻ ബഹുജനങ്ങളെ

---

4 ചൈനീസ് കമ്യൂണിസ്ററു പാർടിയുടെ ഭരണഘടനയും ടെങ്ങ് സിയാവോ പിങ്ങിൻെറ 'റിവിഷനിസത്തെ സംബന്ധിച്ചുള്ള റിപ്പോർട്ടും'.ചൈനീസ്കമ്യൂണിസ്ററ് പാർടിയുടെ എട്ടാം കോൺഗ്രസ്, Foreign Languages Press, Peking 1956.

അതും, ലിയുവിന്റെ പാർടി വിദ്യാഭ്യാസ പരിപാടിയിലൂടെ പരിശീലനം നേടിയ, അച്ചടക്കമുള്ള, 'ഉപയോഗിക്കാവുന്ന കരുക്കളായി' തീർന്നിട്ടുള്ള യുവ കമ്യൂണിസ്റ്റുകളെയല്ല, പാർടിക്കു പുറത്തുള്ള അറിയപ്പെടാത്ത, അച്ചടക്കമില്ലാത്ത ജനങ്ങളെ പാർടി ഭരണകൂടത്തിനെതിരെ പ്രക്ഷോഭം നടത്താൻ ആഹ്വാനം ചെയ്യുമെന്ന് ആർക്കെങ്കിലും പ്രതീക്ഷിക്കാനാകുമോ? യഥാർഥത്തിൽ ഈ പ്രക്ഷോഭകാരികൾ 1956 ലെ പാർടി ഭരണ ഘടനയിലെ—റഷ്യൻ ഭരണഘടനയുടെ അതേ മാതൃകയിലാണ് അതു് തയ്യാറാക്കപ്പെട്ടിരുന്നതു്—മിക്കവാറും എല്ലാ നിയമങ്ങളും നിഷേധിക്കുകയുണ്ടായി. ലിയുവും പാർടി സെക്രട്ടറിയായ ടെങ്ങ് സിയാവോ പിങ്ങും ദീർഘകാലം, കഠിനാധ്വാനം നടത്തി രൂപം കൊടുത്ത ഒരു രേഖയാണിതു്. ദേശീയ കോൺഗ്രസ്സിന്റെ തെരഞ്ഞെടുക്കപ്പെട്ട പ്രസീഡണ്ടിനെതിരെ നിയമ വിരുദ്ധമായി പ്രവർത്തിക്കുന്നതിനു വേണ്ടി അവർ രാഷ്ട്രത്തിന്റെ ഭരണഘടന താറുമാറാക്കാൻ ഒരുങ്ങാമോ? അതും മാവോയുടെ അകമഴിഞ്ഞ അനുഗ്രഹത്തോടെ? അതെങ്ങനെ സംഭവിക്കും.

ലിയു നിഷ്ക്രിയനായിരുന്നു എന്നല്ല ഇതിനർഥം. മെയ് മാസം മുതൽ താനും ടെങ്ങും കൂടി കഠിനാധ്വാനം ചെയ്തു് കെട്ടിപ്പെടുത്ത സംഘടനയെ മാവോയുടെ അപകടകരവും വിനാശകരവുമായ പാതയിൽ നിന്നു് സംരക്ഷിക്കാനുള്ള ശ്രമത്തിൽ മുഴുകിയിരിക്കുകയായിരുന്നു ലിയു. ഞാൻ സംസാരിക്കാനിടയായ പ്രക്ഷോഭകാരികളെല്ലാം ഇതേ കാര്യമാണ് പറഞ്ഞതു്, പാർടിയിലെ 'തല മുതിർന്നവർ' (ഓൾഡ് ഗാർഡുകൾ) ഈ ആക്രമണത്തെ ചെറുക്കുന്നതിനായി സ്കൂളുകളിലേക്കും ഫാക്ടറികളിലേക്കും ഇൻസ്റ്റിററ്യൂട്ടുകളിലേക്കും നൂറുകണക്കിനു് ക്യാഡറുകളെ വർക്ക് ടീമുകളാക്കി സംഘടിപ്പിച്ച് അയക്കുകയുണ്ടായി. വിപ്ലവ പ്രവർത്തനങ്ങളെ അപകടകരമല്ലാത്ത പാതകളിലേക്കു് 'നയിക്കാ'നും പാർടിയുടെ നൃജ്ജീയസ്സുകളും സെല്ലുകളും പിളർന്നു പോകാതെ സംരക്ഷിക്കാനും 'കഴപ്പക്കാരെ' അവഹേളിച്ചു തള്ളാനുമാണ് ഈ ടീമുകളെ അയച്ചതു്.

പക്ഷേ കേന്ദ്രക്കമ്മിററിയിലെ മാവോയുടെ നേതൃത്വത്തിലുള്ള സാംസ്കാരിക വിപ്ലവ ഗ്രൂപ്പിനും അവരുടേതായ കാഡ

റുകളുണ്ടായിരുന്നു. അവരും പ്രവർത്തനമാരംഭിച്ചിരുന്നു. തുടക്കത്തിൽ അവരുടെ എണ്ണം വളരെ കുറവായിരുന്നുവെങ്കിലും ഉള്ളവർ തികഞ്ഞ നിശ്ചയ ദാർഢ്യത്തോടെയാണ് പ്രവർത്തിച്ചിരുന്നത്. പഠ്യവിഷയങ്ങൾ വിപ്ലവവൽക്കരിക്കുന്നതിനു വേണ്ടി എല്ലാ ക്ലാസ്സുകളും തൽക്കാലത്തേക്ക് നിറുത്തലാക്കാൻ കേന്ദ്രക്കമ്മിററി ഉത്തരവിട്ടു. ചർച്ചകളും നേതാക്കൾക്കെതിരെയുള്ള സ്വതന്ത്രമായ വിമർശനവും യഥേഷ്ടം പ്രോത്സാഹിപ്പിക്കപ്പെടുകയും പ്രക്ഷോഭണങ്ങൾ ന്യായീകരിക്കപ്പെടുകയും ചെയ്തു. അധികാരികളെ ചോദ്യം ചെയ്തുകൊണ്ടുള്ള കൂററൻ അക്ഷര പോസ്റ്ററുകൾ ധാരാളമായി പ്രത്യക്ഷപ്പെട്ടു.

മെയ്മാസത്തിൻെറ അവസാനഘട്ടത്തിൽ, പീത്ത (പെക്കിങ്ങ് യൂണിവേഴ്സിററി)യിലാണ് റെഡ്ഗാർഡുകൾ ആദ്യമായി പ്രത്യക്ഷപ്പെട്ടത്. ലിയുവിൻെറ 'വർക്ക് ടീമുകൾ' അവരെ 'പാർടി വിരുദ്ധരെ'ന്നു വിളിച്ച് യഥാസമയം അടിച്ചമർത്തുകയും ചെയ്തു. യഥാർഥത്തിൽ ആരാണ് റെഡ്ഗാർഡുകൾക്ക് തുടക്കമിട്ടത്, എന്ന കാര്യം അജ്ഞാതമാണ്. ഞാൻ ഹാങ്ങ്ചോവിൽ വച്ചു കണ്ട ജനറൽ സാംസ്കാരിക വിപ്ലവ കാലത്തെ മാവോയുടെ നയപരിപാടികളെക്കുറിച്ച് അടുത്തറിയാവുന്ന ഒരാളാണ്. അദ്ദേഹം പറഞ്ഞത് ഇത്തരമൊരു സംഗതി — റെഡ്ഗാർഡുകൾ — ആരെങ്കിലും ആസൂത്രണം ചെയ്തതോ മുൻകൂട്ടി കണ്ടതോ ആയിരുന്നില്ല എന്നാണ്. പക്ഷെ, ഏറെ താമസിയാതെ തന്നെ മാവോ അതിൻെറ ശക്തി മനസ്സിലാക്കി. പ്രോത്സാഹനം ലഭിച്ചതോടെ, റെഡ് ഗാർഡുകൾ വീണ്ടും പീത്തയിൽ പ്രത്യക്ഷപ്പെടുകയും മറുഭാഗങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്തു. അതിനുശേഷം ജൂണിൽ മാവോ ഇങ്ങനെ പ്രസ്താവിച്ചു. ''റെഡ്ഗാർഡുകൾ നല്ലവരാണ്,'' അതേ തുടർന്ന് വമ്പിച്ചൊരു റെഡ്ഗാർഡ് പൊട്ടിത്തെറിയാണ് രാഷ്ട്രം ദർശിച്ചത്.

ഇക്കാലത്ത് സ്വയം വിമർശനാത്മകമായ പല പ്രസ്താവനകളും [5] പ്രത്യക്ഷപ്പെടുകയുണ്ടായി. പിൽക്കാലത്ത് ലിയു ഷാവോചിയുടേതാണെന്ന് പറയപ്പെട്ട ഈ പ്രസ്താവനകളൊന്നും

---

5 *ലിയു ഷാവോചിയുടെ സമാഹൃതകൃതികൾ* 1958–1967 പേജ് 357–369.

തികച്ചും ആധികാരികമല്ലായിരിക്കും, പക്ഷേ, ഏകാന്തമായ ഒരു തരം അന്തസ്സും അമിതമായ സ്വയം കുറച്ചെടുത്തലിന്റെ അഭാവവും അവയിലെല്ലാം പ്രകടമായിരുന്നു. അതുകൊണ്ടു തന്നെ ചില കാര്യങ്ങളെ സംബന്ധിച്ചിടത്തോളമെങ്കിലും അവ അല്പമൊക്കെ സ്വീകാര്യവുമായിരുന്നു. അക്കൂട്ടത്തിൽ ഒരു പ്രസ്താവനയിൽ പറയുന്നത് ഇപ്രകാരമാണ്: ജൂൺ 1 നു ശേഷം, ആദ്യത്തെ അൻപതു ദിവസങ്ങളിൽ, അതായത് മാവോ പെക്കിങ്ങിലേക്ക് മടങ്ങുന്നതിനു മുൻപ്, ലിയു തന്റെ വർക്ക് ടീമുകൾ വഴി സാംസ്ക്കാരിക വിപ്ലവത്തിന്റെ ലക്ഷ്യങ്ങളായി താൻ കരുതിയിരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനു വേണ്ടി തീവ്രശ്രമം നടത്തിയിരുന്നു. പിന്നീട് മാത്രമാണ്, പ്രക്ഷോഭകാരികളെ എതിർത്തും 'ക്യാഡറുകളെ നിഷ്ക്കാസനം ചെയ്യാനുള്ള സമരങ്ങൾ നടത്തിയും' താൻ വിപ്ലവത്തിന് പാര വയ്ക്കുകയായിരുന്നു എന്ന കാര്യം ലിയു തന്നെ മനസ്സിലാക്കുന്നത്.

പ്രസ്താവനയിൽ ഇങ്ങനെ പറഞ്ഞിരുന്നു. 'ഞാൻ, അനിശ്ചിതാവസ്ഥയെക്കുറിച്ചും അമിത ജനാധിപത്യത്തെക്കുറിച്ചും പ്രതി വിപ്ലവകാരികളുടെ ഉയിർത്തെഴുന്നേല്പിനെക്കുറിച്ചുമുള്ള ഭയത്തിൽ മുങ്ങിപ്പോയി.' ഏതായാലും മാവോ മടങ്ങിയെത്തിയ ശേഷവും ലിയു വ്യക്തിപരമായി ക്യാഡറുകളെയും വർക്ക് ടീമുകളേയും നിയന്ത്രിച്ചിരുന്നു. അതിനു കാരണമായി അദ്ദേഹം പറഞ്ഞത് 'ആഗസ്റ്റ് 5 നു മുൻപ്, തന്റെ മാർഗത്തിലും ലൈനിലുമുള്ള തെറ്റുകൾ' തനിക്ക് മനസ്സിലായിരുന്നില്ലാ എന്നും തന്മൂലം, 'മിക്കപ്പോഴും പഴയ വ്യവസ്ഥിതി നിലനിർത്താനും വിപ്ലവകരമായ പ്രക്ഷോഭത്തിന്റെ സത്തയെ അടിച്ചമർത്താനുമാണ് താൻ ശ്രമിച്ചിരുന്നത്' എന്നുമാണ്.

ആഗസ്റ്റ് 5–ാം തീയതി സംഭവിച്ചതെന്താണ്? 16 ഇനങ്ങളടങ്ങുന്ന സാംസ്ക്കാരിക വിപ്ലവ പരിപാടി അംഗീകരിക്കുകയും ലിയുവിനെ പാർടിയിൽ അദ്ദേഹത്തിനുണ്ടായിരുന്ന 2–ാം സ്ഥാനത്തു നിന്ന് 8–ാം സ്ഥാനത്തേക്ക് താഴ്ത്തുകയും ചെയ്ത കേന്ദ്രക്കമ്മിററിയുടെ നിർണായകമായ 11–ാം സെഷൻ നടക്കുന്നതിന് ഒരാഴ്ച മുൻപാണതുണ്ടായത്. ആ ആഗസ്റ്റ് 5–ാം തീയതിയാണ് മാവോ തന്റെ ക്ലററൻ അക്ഷര പോസ്റ്റർ എഴുതി

സ്ഥാപിച്ചത്. അതിലെ ഉള്ളടക്കം—'ഹെഡ്ക്വാർട്ടേഴ്സ് തകർക്കുക'—രാജ്യത്തുടനീളം ആളിപ്പടർന്നു. ഏറെത്താമസിയാതെ മാവോ തന്റെ കൈത്തണ്ടയിൽ ഒരു ബാൻഡ് ധരിച്ച് പൗസ്യമായി റെഡ്ഗാർഡ് പ്രക്ഷോഭകാരികളോടൊപ്പം ചേർന്നു. ആ സമയത്തിനും നവംബറിനുമിടക്ക് സ്വർഗീയ സമാധാന കവാടത്തിൽ വച്ച് പഴഞ്ചൻ വ്യവസ്ഥിതിയെ നിഷ്ക്കാസനം ചെയ്യുന്ന പ്രവർത്തനത്തിൽ മുഴുകിയിരുന്ന പതിനൊന്നു ദശലക്ഷത്തിലേറെ യുവാക്കളെ അദ്ദേഹം അഭിസംബോധന ചെയ്യുകയുണ്ടായി.

ഒടുവിൽ ആഗസ്റ്റ് 5-ാം തീയതി *പീപ്പിൾസ് ഡെയിലി*യിൽ മാവോ എഴുതിയ വരികൾ വായിച്ചപ്പോൾ മാത്രമാണ് ഹെഡ്ക്വാർട്ടേഴ്സ് എന്നത് താൻ തന്നെയാണ് എന്ന കാര്യം ലിയുവിനു വ്യക്തമായത്. ഇതായിരുന്നു മാവോയുടെ വരികൾ: ഹെഡ്ക്വാർട്ടേഴ്സ് തകർക്കുക—എന്ന ക്ലാററൻ അക്ഷര പോസ്റ്റർ.

> കഴിഞ്ഞ അമ്പതോളം ദിവസങ്ങളായി പാർടിയുടെ കേന്ദ്രതലം മുതൽ പ്രാദേശികതലം വരെയുള്ള പല പ്രമുഖ നേതാക്കളും മഹത്തായ തൊഴിലാളി വർഗ സാംസ്കാരിക വിപ്ലവത്തിന്റെ ശുദ്ധീകരണ പ്രവർത്തനങ്ങളെ ചെറുത്തു വരികയാണ്.... അവർ വസ്തുതകളെ തോന്നും വിധം വളച്ചൊടിക്കുകയും ചെപ്പടി വിദ്യകൾ കാണിക്കുകയും അടിച്ചമർത്തപ്പെട്ട വിപ്ലവകാരികളെ വളയുകയും തങ്ങളുടേതിൽ നിന്നു് വ്യത്യസ്തമായ അഭിപ്രായങ്ങളെയെല്ലാം അടിച്ചമർത്തുകയും വെളുത്ത ഭീകരാവസ്ഥ പടർത്തുകയും തങ്ങളെക്കുറിച്ച് സ്വയം ആഹ്ലാദിക്കുകയും ചെയ്തു വരികയാണ്.

''ചെയർമാൻ മാവോയും പാർടി കേന്ദ്രക്കമ്മിററിയും ചേർന്നാണ് ചെയർമാൻ പെക്കിങ്ങിൽ ഇല്ലാത്ത സന്ദർഭത്തിൽ കേന്ദ്രക്കമ്മിററിയുടെ ചുമതല വഹിക്കണമെന്ന് എന്നോടാവശ്യപ്പെട്ടത്'' ലിയു എഴുതി. അങ്ങനെയാണ് ലിയു ആ അമ്പതു ദിവസത്തെ കഴുപ്പത്തിൽ ചെന്നു ചാടിയത്. വ്യക്തമായ നിർദേശങ്ങളൊന്നുമില്ലാതെ, തന്നെയും താൻ നേതൃത്വം വഹിക്കുന്ന പാർടി യന്ത്രത്തെയും തകർക്കുക എന്നതാണ് താൻ ചെയ്യേണ്ട ജോലി എന്നദ്ദേഹം എങ്ങനെ മനസ്സിലാക്കും?

താൻ മുൻപൊക്കെ ചെയ്തിരുന്നതുപോലെ, ഒരു പക്ഷെ താൻ എങ്ങനെ പ്രവർത്തിക്കുമെന്ന് മാവോ മുൻകൂട്ടി കണ്ടിരുന്നുവോ അതുപോലെ തന്നെ—'കാഡറുകളെ സംരക്ഷിക്കുവാൻ—പ്രവർത്തിക്കുവാനും അങ്ങനെ, കൃത്യമായി കണക്കുകൂട്ടി വച്ചിരുന്ന കെണിയിൽ അകപ്പെടുവാനും മാത്രമേ ലിയുവിനു കഴിയുമായിരുന്നുള്ളു. ജൂലായ് മധ്യത്തിൽ, യാങ്ട്സി നദിയിൽ സ്വച്ഛന്ദം നീന്തികൊണ്ട് ചെയർമാൻ മാവോ പ്രത്യക്ഷപ്പെട്ടപ്പോൾ, ചൈനയിലെ മററാരേയും പോലെ അദ്ദേഹവും ആശ്ചര്യപ്പെട്ടിരിക്കാം.

ലിയുവിനെ സംബന്ധിച്ചിടത്തോളം, യുദ്ധം ഏതാണ്ട് അവസാനിച്ചു കഴിഞ്ഞിരുന്നു—മാവോയുടെ വ്യവസ്ഥകളനുസരിച്ച് അദ്ദേഹം എപ്പോഴെങ്കിലും, അതാരംഭിച്ചിരുന്നെങ്കിൽ—പക്ഷെ അടുത്ത വർഷത്തിൽ മാത്രമാണ് പത്രങ്ങളിൽ അദ്ദേഹം 'ചൈനയിലെ ക്രുഷ്ചേവ്' എന്ന് പരസ്യമായി മുദ്രകുത്തപ്പെട്ടത്. പിന്നെയും കുറെക്കഴിഞ്ഞ് 1968ലെ ശരത്കാലത്തു മാത്രമാണ് കേന്ദ്രക്കമ്മിററി അദ്ദേഹത്തെ നിഷ്കാസനം ചെയ്യുതും കഠിനമായ അവഹേളനത്തിന് പാത്രമായി അദ്ദേഹം പുറത്തുപോയതും.

അക്കാലത്ത്, നിരവധി മാസക്കാലത്തേക്ക് വിപ്ലവം ഒരു ഘട്ടത്തിൽനിന്ന് മറെറാരു ഘട്ടത്തിലേക്ക് എന്ന കണക്കിനു മുന്നേറിക്കൊണ്ടിരുന്നു. യുവാക്കൾ പഴയ സംവിധാനമാകെ തുടച്ചു നീക്കിക്കൊണ്ടിരുന്നു, അവരെ നയിച്ചുകൊണ്ടിരുന്ന സംഘമാകട്ടെ എല്ലാ തലത്തിലുമുള്ള അധികാരം പിടിച്ചു പററാനും അൽപ്പം കൂടി മെച്ചപ്പെട്ട എന്തെങ്കിലും സൃഷ്ടിക്കാനും ശ്രമിച്ചുകൊണ്ടിരുന്നു. ഏതാണ്ട് ഒരു വർഷം കൊണ്ട് അവസാനിക്കും എന്നു മാവോ കണക്കാക്കിയിരുന്ന ആ പ്രസ്ഥാനം മൂന്നു വർഷത്തിലധികം നീണ്ടു നിന്നു. താൻ സൃഷ്ടിച്ചെടുത്ത പാർടിക്കെതിരെയുള്ള ഒരു ബഹുജന പ്രക്ഷോഭത്തിന് നേതൃത്വം നൽകാനുള്ള മാവോയുടെ തീരുമാനത്തോളം തന്നെ അത്ഭുതകരമായിരുന്നു, ഇത്തരമൊരു വമ്പിച്ച പ്രക്ഷോഭണത്തിനെതിരായി പാർടി ഭരണകൂടം പടുത്തുയർത്തിയ ശക്തമായ പ്രതിരോധം. പലരും കരുതിയിരുന്നതിനേക്കാൾ ബലവത്തായാണ് ആ കപ്പൽ നിർമ്മിക്കപ്പെട്ടിരുന്നത്. അതുപോലെ,

പുതിയൊരു കപ്പൽ നിർമിച്ചെടുക്കുക എന്നതു് ഒരു ദിവസം കൊണ്ടു് പൂർത്തിയാകുന്ന കാര്യവുമായിരുന്നില്ല.

നേരത്തെ സൂചിപ്പിച്ചതു പോലെ മേൽ കൊടുത്തിരിക്കുന്ന സംക്ഷിപ്ത വിവരണം, ചരിത്രമെന്ന നിലയ്ക്കു് തീരെ തൃപ്തികരമല്ല, അതു് അപൂർണമാണു്. ഇവിടെ നമുക്കു് പരാജിതരുടെ ഭാഗം കേൾക്കാൻ കഴിയുന്നില്ല. പ്രധാനവും ശോകഗംഭീരങ്ങളുമായ പല വസ്തുതകളും വിട്ടു പോയിട്ടുണ്ടു്: ഉദാഹരണമായി, പഴയ വിപ്ലവകാരികളുടെ ജീവിതത്തിൽ സാംസ്ക്കാരിക വിപ്ലവം ഉണ്ടാക്കിയിട്ടുള്ള ആഘാതങ്ങൾ, സായുധ സേനയടക്കം ജീവിതത്തിന്റെ എല്ലാ തുറകളിലും ഉണർത്തി വിട്ട പരിമിതമെങ്കിലും യഥാർഥമായ ആഭ്യന്തര യുദ്ധത്തിൽ പഴയ കൂറുകൾ പിന്നിക്കീറിപ്പോയ സംഭവങ്ങൾ എന്നിവയൊന്നും പ്രതിപാദിക്കപ്പെട്ടിട്ടില്ല. വീണ്ടും ഉദാഹരിക്കുകയാണെങ്കിൽ ഈ ചട്ടക്കൂട്ടിൽ എവിടെയാണു് ചു എൻ ലായിയെ—ഈ വമ്പിച്ച കോളിളക്കം നടന്നു കൊണ്ടിരിക്കെ മിക്കവാറും ഏകനായി തന്നെ ഉത്പാദന രംഗത്തെയും ഭരണ രംഗത്തെയും മുഖ്യ ശക്തികളെ കൂട്ടിയിണക്കി നിർത്തിയിരുന്നതു് അദ്ദേഹമാണു്—നാം സ്ഥാപിക്കുക?

ഈ ചോദ്യത്തിനും ഇതുപോലുള്ള മററനേകം ചോദ്യങ്ങൾക്കും ഉത്തരം കണ്ടെത്തുന്നതിനു്—ചെറിയ തോതിലെങ്കിലും—ഇയ്യിടെക്കഴിഞ്ഞ സംഭവങ്ങളിൽ നിന്നു് ഇന്നത്തെ, കൊടുങ്കാററിനു ശേഷമുള്ള, താരതമ്യേന ശാന്തമായ സാഹചര്യങ്ങളിലേക്കു് കടക്കുന്നതായിരിക്കും നല്ലതു്.

ഭാഗം നാല്

സൈന്യം, പാർടി, ജനങ്ങൾ

14

സൈനിക സ്വേച്ഛാധിപത്യമോ?

ചൈന മുഴുവനും മാവോ സെ തുങ്ങ് ചിന്തയുടെ ഒരു മഹാവിദ്യാലയമാണ്. സായുധസേനയാണ് മുഖ്യാധ്യാപകൻ. ''ഞങ്ങളെല്ലാം സായുധസേനയുമായി ബന്ധപ്പെട്ടിരിക്കുന്നു''. പ്രധാനമന്ത്രി ചൂ പറഞ്ഞു: ഒരു പക്ഷേ അദ്ദേഹത്തിന് ഇതു കൂടി കൂട്ടിചേർക്കാമായിരുന്നു: ''ഞങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നത് സായുധസേനയാണ്.''

പുന:സംഘടിപ്പിക്കപ്പെട്ട പാർടിയിലേയും ഗവണ്മെൻറിലെയും വ്യക്തികളെ 'സൈനികർ', 'അ-സൈനികർ' എന്നിങ്ങനെ തരം തിരിക്കുന്നതു് എത്രമാത്രം തെററിദ്ധാരണാജനകമാണ് എന്ന കാര്യം ക്ഷമാപൂർവം എനിക്കു വിശദീകരിച്ചു തരികയായിരുന്നു പ്രധാനമന്ത്രി ചൂ. മാവോ സെ തുങ്ങ് ഒരു സൈനികനല്ലേ? ചൈനീസ് സായുധസേനയുടെ പിതാവാണ് മാവോ. അദ്ദേഹമാണ് ചൂട്ടെ യോടൊപ്പം സായുധസേന സംഘടിപ്പിച്ചതു്; ആദ്യകാലത്ത് അതിനെ നയിച്ചതും. അതേസമയം പാർടിയുടെ ആജീവന നേതാവു കൂടിയാണ് മാവോ. റിപ്പബ്ലിക്കിൻെറ ചെയർമാനായിരുന്ന കാലത്ത് (1958വരെ) പാർടി, സായുധസേന, ഗവണ്മെൻറ് എന്നീ മൂന്നു മൂർത്തികളേയും മാവോ തന്നിൽ സമന്വയിപ്പിച്ചിരിക്കുകയായിരുന്നു! പാർടിയുടെ സൈനിക കാര്യ കമ്മീഷൻെറ ചെയർമാൻ എന്ന നിലയ്ക്ക് 1935 മുതലേ സൈന്യത്തിൻെറ യഥാർഥ സർവസൈന്യാധിപനാണദ്ദേഹം.

1936ൽ ചൂവിനെ ഷെൻഷിയിൽ വച്ച് ഞാൻ ആദ്യമായി കാണുമ്പോൾ അദ്ദേഹം പഴയ ചൈനീസ് ചെമപ്പു സേനയുടെ—അത് ജനകീയ വിമോചന സേന ആകുന്നതിനു മുൻ

പ്—കിഴക്കൻ മുന്നണി സേനയുടെ നേതൃത്വം വഹിക്കുന്ന ജനറലായിരുന്നു. 1965ൽ സൈന്യത്തിലെ റാങ്ക് ചിഹ്നങ്ങൾ ധരിക്കുന്ന സമ്പ്രദായം നിർത്തലാക്കുന്നതുവരെ ലിൻപിയാവോ ഒരു മാർഷലിന്റെ നക്ഷത്രങ്ങളാണ് ധരിച്ചിരുന്നത്.

ആദിയിൽ 'വചന'മുണ്ടായി. വചനം 'പാർടി'യായിരുന്നു. പക്ഷെ മാവോ പറഞ്ഞു, ''ജനകീയ സേനയില്ലെങ്കിൽ, ജനങ്ങൾക്ക് ഒന്നുമില്ല'', അതുപോലെ പാർടിക്കും. അവ 'ചുണ്ടുകളേയും പല്ലുകളേയും പോലെ' (അങ്ങനെയാണ് ചൈനക്കാർ പറയുന്നത്) ഒരുമിച്ച്, അന്യോന്യം ആശ്രയിച്ചു വളർന്നു വന്നു.

ആഭ്യന്തര യുദ്ധകാലത്ത് വടക്കു പടിഞ്ഞാറൻ ചൈനയിലെ ചെമപ്പു സേനാ താവളങ്ങൾ ഞാൻ ആദ്യമായി കണ്ടപ്പോൾ പുറമേ നിന്നു നോക്കുന്ന ഒരാൾക്ക് പാർടി പ്രവർത്തകരേയും കമ്യൂണിസ്റ്റ് പോരാളികളെയും എളുപ്പത്തിൽ തിരിച്ചറിയുവാൻ കഴിയുമായിരുന്നില്ല. എല്ലാവരും ഒരേ തരത്തിലുള്ള, നീലയോ ചാരയോ നിറമുള്ള (എത്രത്തോളം പഴകിയിരുന്നു എന്നതനുസരിച്ച്) പത്തി യൂണിഫോറങ്ങളാണ് ധരിച്ചിരുന്നത്. കോളറിൽ പിടിപ്പിച്ചിട്ടുള്ള ചുവന്ന ടാബുകൾ ഒഴികെ മററു റാങ്കുചിഹ്നങ്ങൾ ഒന്നും ഇല്ലായിരുന്നു (ഇപ്പോൾ വീണ്ടും അതേ രീതി നിലവിൽ വന്നിരിക്കുന്നു). എല്ലാവരും ഒരേ താമസ സ്ഥലങ്ങൾ, അല്ലെങ്കിൽ ഒരുപോലുള്ള താമസ സ്ഥലങ്ങൾ ഉപയോഗിച്ചു വന്നു, കർഷകർ കഴിക്കുന്ന അതേ ആഹാരം കഴിക്കുകയും അതേ തരം ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും അഭിമുഖീകരിക്കുകയും ചെയ്തു വന്നു. കാര്യമായ ഭൗതിക പ്രചോദനങ്ങളൊന്നും ആർക്കും ഉണ്ടായിരുന്നില്ല. കമ്മിസ്സാർമാർ പലപ്പോഴും കമാണ്ടർമാരായും മറിച്ചും പ്രവർത്തിച്ചു. ഓരോരുത്തരും മററുള്ളവരിൽ നിന്നു പഠിച്ചു. ജാപ്പാൻ വിരുദ്ധ യുദ്ധകാലത്തും അതേ തുടർന്നുണ്ടായ ആഭ്യന്തര യുദ്ധകാലത്തും ഇതു തന്നെയായിരുന്നു സ്ഥിതി.

1949 ൽ വിജയം കൈവന്നതോടെ മാവോ ഇപ്രകാരം പറഞ്ഞു: ''സായുധസേന ഒരു വിദ്യാലയമാണ്. മൊത്തം 2,100,000 അംഗങ്ങളുള്ള നമ്മുടെ സായുധസേന അനേകായിരം യൂണിവേഴ്സിററികൾക്കും സെക്കൻഡറി സ്കൂളുകൾക്കും സമാനമാണ്. കാഡറുകളെ ലഭിക്കുന്നതിന് നാം മുഖ്യമായും സായുധസേനയെയാണ് ആശ്രയിക്കേണ്ടത്''

നീണ്ട 22 വർഷക്കാലത്തെ ഇടതടവില്ലാത്ത സായുധസമരങ്ങൾ വേണ്ടി വന്നു, ഈ വിപ്ലവ വിദ്യാലയം സ്ഥാപിച്ചെടുക്കാൻ. സായുധസേനയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർക്ക് തീവ്രമായ അനേകം അനുഭവങ്ങൾക്ക് വിധേയരാകേണ്ടിവന്നു. അന്ന് നഗരങ്ങളിലെ തൊഴിലാളിവർഗത്തിൽ പെട്ടന്ന ഭൂരിഭാഗം പേരും രാഷ്ട്രീയമായി തികച്ചും ദുർബലരായിരുന്നു. അവർക്ക് പെററിബൂർഷ്വാ വീക്ഷണമാണുണ്ടായിരുന്നത്. ക്ലാസിക്കൽ മാർക്സിയൻ സങ്കൽപ്പങ്ങൾക്ക് വിരുദ്ധമായി, ഏറെയും കർഷക പാരമ്പര്യമുള്ള കമ്യൂണിസ്റ്റ് പോരാളികളാണ് തൊഴിലാളി വർഗ കാഡറുകളെ സംഘടിപ്പിക്കുകയും അവരെ ആശയപരമായി പ്രബലരാക്കിത്തീർക്കുകയും ചെയ്തത്.

ഒരു വൻകരയോളം വലുപ്പമുള്ള ആ രാഷ്ട്രത്തിന്റെ ഭരണച്ചുമതല, കമ്യൂണിസ്റ്റുകാർ കയ്യാളിയതിനുശേഷം പാർട്ടിയിലെ 'അസൈനിക രുടെ എണ്ണം അതിവേഗത്തിൽ വർധിക്കാനാരംഭിച്ചു. 1956 ആയപ്പോഴേക്കും—അന്നേക്ക് റിപ്പബ്ലിക്കിന് കേവലം 7 വർഷത്തെ പ്രായമേ ഉള്ളൂ—പാർട്ടി മെംബർഷിപ്പ് ഏതാണ്ട് 100 ലക്ഷം ആയിക്കഴിഞ്ഞിരുന്നു. ഇതിൽ 80 ശതമാനം പേരും വിപ്ലവത്തിനുശേഷം പാർട്ടിയിൽ ചേർന്നവരായിരുന്നു. 1960ൽ പാർട്ടിയിലെ അംഗസംഖ്യ 170ലക്ഷമായി ഉയർന്നു. ഇതിൽ 70 ശതമാനം ആളുകളും കൈറിയൻ യുദ്ധത്തിനുശേഷം പാർട്ടിയിൽ ചേർന്നവരായിരുന്നു. 1965 ആയപ്പോഴേക്കും പാർട്ടി മെമ്പർഷിപ്പ് ഏതാണ്ട് 180 ലക്ഷത്തിനടുത്തെത്തിയതായി പറയപ്പെടുന്നു. ഇതിനും പുറമേ ഏതാണ്ട് 3 കോടി യുവ—കമ്യൂണിസ്റ്റുകാരും വേറെയുണ്ടായിരുന്നു. പാർട്ടി അംഗങ്ങളിൽ മൂന്നിൽ രണ്ടുഭാഗവും കർഷകർക്കിടയിൽ നിന്ന് വന്നവരാണ്. എന്നാൽ ഭരണതലത്തിലാകട്ടെ, ബൂർഷ്വാ പശ്ചാത്തലങ്ങളിൽ നിന്നു വന്ന ധാരാളം സാങ്കേതിക വിദഗ്ധന്മാരും ബുദ്ധിജീവികളും ഉണ്ടായിരുന്നു. പൊതുവിൽ, ഏററവും ഉയർന്ന തലങ്ങളിലൊഴികെ, മറെറല്ലാ തലങ്ങളിലും പരിചയ സമ്പന്നരായ പാർട്ടി നേതാക്കൾ ഒരു ന്യൂനപക്ഷമായിത്തീർന്നു.

എങ്കിലും, ഇപ്പോഴും സായുധ സേന ഒരു ''മഹാവിദ്യാലയവും'' 'സൈദ്ധാന്തിക പഠനത്തിന്റെ ഞാററടി'യുമാണ്.

ന്നദ്ധസേനയടക്കമുള്ള സായുധ സേനയിൽ, മറ്റേതെരു പൊതു സേവന രംഗത്തുമുള്ളതിനേക്കാൾ കൂടുതൽ തല മുതിർന്ന പാർടി കാഡറുകൾ ഉണ്ടായിരുന്നു.

സങ്കീർണ്ണമായ ചരിത്ര സാഹചര്യങ്ങൾ കൂടിച്ചേർന്ന്, അവയുടെ തികച്ചും ഉപരിപ്ലവമായ ഒരു ചിത്രമേ ഇതുവരെയായി നാം കണ്ടു കഴിഞ്ഞിട്ടുള്ളൂ, ലോങ്ങ് മാർച്ചിന്റെയും യെനാനിന്റെയും കാലത്തെ പരിചയസമ്പന്നരായ പാർടി പ്രവർത്തകർ അടങ്ങുന്ന ഒരു 'മുന്നണി'ക്കും അതിനു ശേഷം വന്നവരടങ്ങുന്ന മറ്റൊരു 'മുന്നണി'ക്കുമിടയിൽ, കേവലം തലമുറകളുടെ വിടവ് എന്നതിൽ കവിഞ്ഞ, എന്തൊക്കെയോ വ്യത്യാസങ്ങൾ സൃഷ്ടിച്ചിരുന്നു. കിഴക്കൻ ചൈനയെ അപേക്ഷിച്ച് താരതമ്യേന സുരക്ഷിതവും ഭാഗികമായി സാമൂഹ്യവൽകൃതവുമായ വടക്കു പടിഞ്ഞാറൻ വനാന്തര താവളങ്ങളിൽ —ഇവിടെ വച്ചാണ്, മാവോ, ചൈനീസ് സാഹചര്യങ്ങൾക്ക് അനുയോജ്യമായ വിധത്തിൽ മാർക്സിസ്റ്റ് ആശയങ്ങളെ രൂപപ്പെടുത്തിയത്—ജന്മി ബൂർഷ്വാ സ്വാധീനങ്ങളുളവാക്കുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട അനുഭവങ്ങൾ താരതമ്യേന പരിമിതമായിരുന്നു. കിഴക്കൻ ചൈനയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടവർക്ക് ജപ്പാനീസ് അതിർത്തിക്ക് തൊട്ടു പുറകിൽ കിടക്കുന്ന ഗറില്ലാ പ്രദേശങ്ങളിലാണ് പരിശീലനം നേടേണ്ടിയിരുന്നത്. ഇക്കൂട്ടർക്ക് കൂടുതൽ സങ്കീർണ്ണമായ, കടൽ വരെ പരന്നു കിടക്കുന്ന, ജനനിബിഡമായ കുററൻ സമതല പ്രദേശങ്ങളിലെയും താഴ്വരകളിലെയും പ്രാചീനമായ സമ്പദ്‌വ്യവസ്ഥയുമായി ബന്ധപ്പെട്ട വർഗ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടിയിരുന്നു.

1949ൽ, മേൽ സൂചിപ്പിച്ച രണ്ട് 'മുന്നണി'കളും കൂടിച്ചേരുകയുണ്ടായെങ്കിലും അവയ്ക്കിടയിലുള്ള വമ്പിച്ച വിടവ് ഒരിക്കലും പൂർണമായി നികത്തപ്പെടുകയുണ്ടായില്ല. കിഴക്കൻ ചൈനാസമതലങ്ങളിലെ മുഖ്യ പൊളിററ് ബ്യൂറോ കമ്മിസാറായിരുന്നു ലിയു ഷാവോചി. നഗരത്തിലെ അണ്ടർഗ്രൗണ്ട് പ്രവർത്തനങ്ങളുടെ നേതൃത്വമാണ് അദ്ദേഹം വഹിച്ചിരുന്നത്. വിപ്ലവത്തിന്റെ വിജയത്തിനുശേഷമുള്ള കാലഘട്ടത്തിൽ പുതിയ കാഡറുകളെ പരിശീലിപ്പിക്കുകയും സംഘടിപ്പിക്കുകയും ചെയ്യുന്നതിന്റെ മേൽനോട്ടം വഹിച്ചുകൊണ്ട്, ലിയു പാർടി

യുടെ നേതൃത്വ നിരയിലെ ഒന്നാം നമ്പറുകാരനായി. ഏറെക്കുറെ പാശ്ചാത്യ ബൂർഷ്വാ ചിന്താഗതികളുടെ സ്വാധീനത്തിൽപ്പെട്ട പല പ്രമുഖ ബുദ്ധി ജീവികളും പെററിബൂർഷ്വാ സ്വാധീനങ്ങളിൽ കുടുങ്ങിയിട്ടുള്ള ഒരു വിഭാഗം തൊഴിലാളികളും പിൽക്കാലത്ത് സോവിയററ് സഹായ പദ്ധതികളുമായി ബന്ധപ്പെട്ട ചിലരും ഉൾപ്പെടുന്ന, നാഗരിക പ്രവണതകൾ പ്രകടിപ്പിക്കുന്ന പാർട്ടിയുടെ പ്രതിരൂപമായിരുന്നു ലിയു. മാവോയാകട്ടെ, ചൈനയുടെ വിശാലമായ ഗ്രാമപ്രദേശങ്ങളിൽ, ആഴത്തിൽ വേരോടിയിട്ടുള്ള, തന്നിമയാർന്ന വിപ്ലവാനുഭവങ്ങളുടെയും സായുധസേന ആർജിച്ച വർഗ സമത്വ പാരമ്പര്യങ്ങളുടെയും കർഷക ജനതയും സായുധസേനയും തമ്മിലുള്ള അടുത്ത ബന്ധങ്ങളുടെയും പ്രതിനിധിയായിരുന്നു.

മേൽ വിവരിച്ച കാര്യങ്ങളൊന്നും തന്നെ, 'എല്ലാ കാര്യങ്ങളെയും വിശദീകരിക്കാൻ' അനുയോജ്യമായ ഒരു 'ഫോർമുല'യ്ക്ക് രൂപം നൽകുന്നില്ല—ഒരു ഫോർമുലയ്ക്കും അത് സാധ്യമാവില്ല—. മറിച്ച്, നിരവധി വശങ്ങളുള്ള, സങ്കീർണമായ ഒരു പ്രശ്നത്തിന്റെ അവഗണിക്കപ്പെട്ടിരുന്ന ഒരു വശത്തേക്ക് അല്പം വെളിച്ചം വിതറുക മാത്രമാണ് അവ ചെയ്യുന്നത്. ഇന്നത്തെ ചൈനീസ് ജീവിതത്തിൽ സായുധ സേനയ്ക്കുള്ള പ്രാമുഖ്യത്തിന്റെ പരിമിതികൾ മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ, ഈ കാര്യങ്ങൾ തികച്ചും ഉപയോഗപ്രദമാവും.

നിലവിലുണ്ടായിരുന്ന 'വിടവ്' പൂർണമായും അടയ്ക്കാനും മേൽ സൂചിപ്പിച്ച അന്തരങ്ങൾ തുടച്ചു മാററാനും, അങ്ങനെ രണ്ടു മുന്നണികളെയും പൂർണമായിസംയോജിപ്പിക്കാനും മാവോ ആഗ്രഹിച്ചിരുന്നു. ഇതിന് വിശ്വസനീയമായ തെളിവുകളുണ്ട്. 1956ൽ പാർട്ടി തന്റെ പ്രധാന ഡെപ്യൂട്ടിയായി ലിയു ഷാവോചിയെ നിർദ്ദേശിച്ചപ്പോഴും വീണ്ടും 1958ൽ ഭരണത്തിന്റെ ചുക്കാൻ ലിയുവിനെ ഏല്പിക്കുന്നതിനു വേണ്ടി സ്വന്തം സ്ഥാനമൊഴിഞ്ഞപ്പോഴും ഈ ആഗ്രഹമാണ് മാവോ പ്രകടിപ്പിച്ചത്. 1959 ആയപ്പോഴേക്കും 'വിടവ്', ചുരുങ്ങുന്നതിനു പകരം വർധിച്ചു കൊണ്ടിരിക്കുകയാണെന്നും ലിയുവിനെ നിയമിച്ചത് തെററായിപ്പോയെന്നും മാവോ മനസ്സിലാക്കിയിരുന്നു. പിന്നീട്, സംഭവഗതികൾ എങ്ങനെയാണ് മുന്നോട്ട

നീങ്ങിയതെന്നും 1966–69 ലെ സാംസ്കാരിക വിപ്ലവത്തിൽ ചെന്നു കലാശിച്ചതെന്നും നാം കണ്ടു കഴിഞ്ഞു.

ലിയുവിനെയും ഭരണ വിഭാഗങ്ങളിലെ ബ്യൂറോക്രസിയിൽ ഉൾപ്പെട്ട അദ്ദേഹത്തിന്റെ 'കൂറില്ലാ കൂട്ടങ്ങ'ളേയും (അങ്ങനെയാണ് മാവോ അവരെ വീക്ഷിച്ചിരുന്നത്) സംബന്ധിച്ചിടത്തോളം, സാംസ്കാരിക വിപ്ലവത്തിന്റെ മുഖ്യ ലക്ഷ്യം കേവലമൊരു ശുദ്ധീകരണമായിരുന്നില്ല. മറിച്ച്, തങ്ങൾ കെട്ടിപ്പടുത്ത ഭരണ സംവിധാനത്തെ പാടെ തകർക്കുക എന്നതായിരുന്നു.

നിർമാണഘട്ടം— ഭരണാധികാരം ആർക്കാണ് [1] ഏല്പിച്ചു കൊടുക്കേണ്ടത് എന്ന പ്രശ്നത്തിന്റെ ഘട്ടം—അതിനേക്കാൾ കഠിനമായിരുന്നു. 1966 ആഗസ്റ്റിലെ പ്ലീനവനയിൽ അടങ്ങിയിരുന്ന നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ 'ആരംഭിച്ച' ഒന്നാം ഘട്ടത്തിൽ, ലക്ഷക്കണക്കിന് കീഴണികൾ—കാഡറുകൾ, വിദ്യാർഥികൾ, തൊഴിലാളികൾ, പാർട്ടിക്കു പുറത്തുള്ള ബഹുജനങ്ങൾ—ഉയർന്നെഴുന്നേൽക്കുകയും പാർട്ടിയിലെ പ്രമുഖർക്കെതിരായി ദീർഘകാലമായി അവർ ഒതുക്കിവച്ചിരുന്ന ആവലാതികൾ പ്രകടിപ്പിച്ചു തുടങ്ങുകയും ചെയ്തു. മാവോയുടെ നേതൃത്വത്തിലുള്ള 'കേന്ദ്ര' സാംസ്കാരിക വിപ്ലവ ഗ്രൂപ്പിന്റെ ആഹ്വാനമനുസരിച്ച് 'വിപ്ലവകാരികളായ പ്രക്ഷോഭകാർ' പാർട്ടി ബ്രാഞ്ചുകളും അവയുമായി ബന്ധപ്പെട്ട മററനേകം സംഘടനകളും—യുവ കമ്യൂണിസ്റ്റുകൾ, ടെയിഡ് യൂണിയനുകൾ, പാർട്ടി സ്കൂളുകൾ മുതലായവ—വാക്യാർഥത്തിൽത്തന്നെ പിരിച്ചു വിട്ടു.

റെഡ് ഗാർഡുകളുടെയും തൊഴിലാളി കോൺഗ്രസ്സുകളുടെയും പാർട്ടി പ്രക്ഷോഭകാരികളുടെയും നേതൃത്വത്തിലുള്ള പുതിയ ബഹുജന സംഘടനകൾ പ്രാദേശിക തലങ്ങളിൽ അധികാരം പിടിച്ചടക്കി.

പഴയ തലമുറയിൽപ്പെട്ട നേതാക്കന്മാർ ഈ പ്രക്ഷോഭക്കാർക്കെതിരെ ബദൽ പ്രക്ഷോഭക്കാരെ അയച്ച് അധികാരം തിരി

---

1 മഹത്തായ ജനകീയ സാംസ്കാരിക വിപ്ലവ കാലത്ത് മാവോ സേതുങ് രചിച്ച ഒരു പ്രബന്ധത്തിന്റെ ശീർഷകം.

ച്ചുപിടിക്കാൻ കിണഞ്ഞു പരിശ്രമിച്ചു. പുതിയ പ്രൊവിൻഷ്യൽ കമ്മററികൾ ഒന്നിനു പുറകെ ഒന്നായി രൂപീകരിക്കപ്പെടുകയും പിരിച്ചുവിടപ്പെടുകയും ചെയ്തു. പുതിയ നേതാക്കന്മാർ ഉണ്ടാവുകയും ഉടൻതന്നെ അപ്രത്യക്ഷരാവുകയും ചെയ്തു. 'കേന്ദ്ര ഗ്രൂപ്പി'ന്റെ നിർദേശമനുസരിച്ച് ആദ്യമായി ഒരു മുള്ളുമുന്നണി—വിശ്വസ്തരായ പാർടി കാഡർമാരും ബഹുജനസംഘടനാ പ്രതിനിധികളും സായുധസേനാ പ്രതിനിധികളും അടങ്ങുന്ന വിപ്ലവക്കമ്മററി—രൂപം കൊണ്ടത് ഷാങ്ഹായ് നഗരത്തിലാണ്. പതുക്കെപ്പതുക്കെ, കടുത്തസംഘട്ടനങ്ങളിലൂടെ മററ് നഗരങ്ങളും സംസ്ഥാനങ്ങളും ഷാങ്ഹായുടെ മാർഗം പിൻതുടർന്നു.

പല ഘട്ടങ്ങളിലും പുതിയ നേതൃത്വം, സംഘടനാരൂപങ്ങൾ എന്നിവയെക്കുറിച്ച് യോജിപ്പിലെത്താൻ പ്രക്ഷോഭകാരികൾക്ക് കഴിയാതെ പോയി. അവർ പല വിഭാഗങ്ങളായിത്തിരിഞ്ഞ് പരസ്പരം പോരാടി. ഏതാണ്ട് ഒരരാജകത്വം നടമാടി. പൊതുമുതൽ സംരക്ഷിക്കുന്നതിനായി സായുധസേന ഇടപെട്ടു (ഇത്തരം ഘട്ടങ്ങളിൽ ആയുധങ്ങൾ ഉപയോഗിക്കരുതെന്നും 'ഇടതുപക്ഷ'ത്തെ—അതായത് യഥാർഥ പ്രക്ഷോഭകാരികളെ, പഴഞ്ചന്മാരുടെ പാവകളല്ലാത്തവരെ—പിൻതാങ്ങണമെന്നും 'കേന്ദ്രം' സായുധസേനക്ക് നിർദേശം നൽകിയിരുന്നു). ചില പ്രദേശങ്ങളിൽ റെഡ്ഗാർഡുകൾ സൈനികരിൽ നിന്ന് ആയുധം പിടിച്ചുപററി കമാണ്ട് പോസ്ററുകൾ സ്ഥാപിക്കുകയുണ്ടായി. ഇക്കൂട്ടത്തിൽ, പിൽക്കാലത്ത് പ്രതിവിപ്ലവകാരികളെന്ന് വിശേഷിക്കപ്പെട്ട ചിലരും ഉൾപ്പെട്ടിരുന്നു. ചുരുക്കത്തിൽ, ഒരാഭ്യന്തരയുദ്ധം ആരംഭിക്കുന്നതിന്റെ എല്ലാ ലക്ഷണങ്ങളും ഉണ്ടായിരുന്നു.

സായുധ സേനയുടെ പൊതു രാഷ്ട്രീയ വിഭാഗം മാത്രമാണ് ഇളക്കം കൂടാതെ നിലകൊണ്ട ഒരേയൊരു പാർടി സംഘടന. 1967 ഓടെ, ആവശ്യമെങ്കിൽ ആയുധങ്ങൾ ഉപയോഗിച്ച് നിലവിലുള്ള കലുഷിതാവസ്ഥയ്ക്ക് അന്ത്യം കുറിയ്ക്കുന്നതും *'വ്യാവസായിക കാർഷിക രംഗങ്ങൾക്കും ഇടതുപക്ഷക്കാരായ പൊതു ജനങ്ങൾക്കും പിൻതുണ നൽകാനും, സൈനിക നിയന്ത്രണം ഏർപ്പെടുത്താനും ആശയ പരമായ പ്രവർത്തനങ്ങൾക്കും സൈനിക പരിശീലനത്തിനും നേതൃത്വം നൽകാനും'* ഈ

സംഘടനയോട് ആവശ്യപ്പെടാൻ മാവോ നിർബന്ധിതനായി തീർന്നു.

സായുധ സേന ബലം പ്രയോഗിച്ച് തീവ്രവാദികളെ നിരായുധീകരിക്കുകയും വിഭാഗീയ സമരങ്ങൾ അവസാനിപ്പിച്ച് എല്ലാമണ്ഡലങ്ങളിൽ പെടുന്നവരേയും വിപ്ലവക്കമ്മററികളുടെ രൂപീകരണത്തിൽ പങ്കെടുപ്പിക്കുകയും ചെയ്തു എന്നു പ്രധാനമന്ത്രി ചൂ എന്നോടു പറഞ്ഞു. ഈ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുൻപും അതിനു ശേഷവുമായി ആയിരക്കണക്കിനു സായുധസേനാംഗങ്ങൾ കൊല്ലപ്പെടുകയുണ്ടായി എന്നും അദ്ദേഹം പറയുകയുണ്ടായി. മേൽ സൂചിപ്പിച്ച കാര്യങ്ങൾ നിർവഹിക്കുന്നതിനായി, സായുധസേനയിൽ നിന്നു് 20 ലക്ഷം 'മാവോയിസ്റ്റ് ആക്ററിവിസ്ററു'കളെയാണ് തെരഞ്ഞെടുത്തു നിയോഗിച്ചതു്. പുതുതായി രൂപീകൃതമായ വിപ്ളവക്കമ്മററികളിൽ നിന്നു് നിലവിലുള്ള പാർടിക്കും ഭരണകൂടത്തിനും ബദലായി, സാവകാശത്തിൽ, സംശുദ്ധമായ ഒരു പാർടിയും തൊഴിലാളി വർഗഭരണകൂടവും രൂപപ്പെടുത്തി എടുക്കേണ്ടിയിരുന്നു.

അങ്ങനെ സാംസ്കാരിക വിപ്ലവം അവസാനിച്ചതോടെ, സായുധസേന വളരെ വലിയൊരു ശക്തിയായിമാറി. അതു് ചൈനയുടെ ഭാവിയിലാകമാനം പടർന്നു കിടക്കുന്ന പോലെ തോന്നി. പാർടിയേക്കാൾ വലിയ സായുധസേനയോ? അവസാന വിശകലനത്തിൽ എല്ലാ വ്യവസ്ഥിതികളുടെയും—ഫ്യൂഡൽ വ്യവസ്ഥിതിയായാലും ബൂർഷ്വാ വ്യവസ്ഥിതിയായാലും സോഷ്യലിസ്റ്റ് വ്യവസ്ഥിതി ആയാലും—നിലനിൽപ്പ് സായുധസേനയെ ആശ്രയിച്ചാണിരിക്കുന്നതു്. പക്ഷെ മാർക്സിയൻ വീക്ഷണമനുസരിച്ച് വർഗഭരണത്തിനുള്ള ഒരു പകരണമാണ് സായുധസേന. സായുധസേനയ്ക്കു്, അതിനെ പിൻതാങ്ങുന്ന വർഗ താൽപ്പര്യങ്ങളിൽ നിന്നു സ്വതന്ത്രമായി നിലനിൽപ്പില്ല. 'രാഷ്ട്രീയാധികാരം തോക്കിൻ കുഴലിലൂടെയാണ് വരുന്നതു്' മാവോ പറഞ്ഞു. തൊഴിലാളിവർഗ സർവാധിപത്യത്തിന്റെ മുഖ്യഘടകങ്ങളിലൊന്നാണ് സായുധസേന, പക്ഷെ, മാവോ ഇങ്ങനെയും പറയുകയുണ്ടായി: 'പാർടിയാണ് തോക്കുകളെ നിയന്ത്രിക്കുന്നതു്. തോക്കുകൾ പാർടിയെ നിയന്ത്രിക്കുന്നതു് ഒരിക്കലും അനുവദിച്ചുകൂടാ.'

പാർടി[2] യാണ് സായുധസേനയെ നിയന്ത്രിക്കുന്നത് എന്ന കാര്യം ശ്രദ്ധിക്കുക. ചില സമീപകാല സംഭവങ്ങൾ തെളിയിച്ചതു പോലെ ഭരണകൂടത്തിന്റെ ഉപരിഘടനയെ നിയന്ത്രിക്കുന്നതും പാർടി തന്നെ (ഇക്കാര്യം ഇപ്പോഴത്തെ പാർടി ഭരണഘടനയിൽ തുറന്നു വ്യക്തമാക്കിയിട്ടുണ്ട്). സാംസ്കാരിക വിപ്ലവകാലത്തു് മാവോ ''പാർടിയുടെ സായുധസേന''യ്ക്ക് നിർദേശങ്ങൾ നൽകിയതു് ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളുടെ—തൊഴിലാളി വർഗത്തിന്റെ—പൊതു താൽപ്പര്യങ്ങളെ പ്രതിനിധീകരിക്കുന്ന പാർടിയുടെ ചെയർമാൻ എന്ന നിലയ്ക്കാണ്.

കേന്ദ്രതലത്തിൽ പാർടി അതിന്റെ, എല്ലാ ഘടകങ്ങളെയും നിയന്ത്രിക്കേണ്ടതാണ്. സായുധസേനയും ഇതിനൊരപവാദമാകുക വയ്യ. പക്ഷെ, പാർടിയുടെ കേന്ദ്രനേതൃത്വത്തിൽ ഉണ്ടാവുന്ന ഭിന്നിപ്പുകൾ, സ്വാഭാവികമായും സായുധസേനാനേതൃത്വത്തിലും പ്രതിഫലിക്കാതിരിക്കുകയില്ല.

പാർടിക്കു വേണ്ടി, പാർടിയുടെ നേതൃത്വത്തിൻ കീഴിൽ പ്രവർത്തിക്കുന്ന ചൈനയിലെ 'ജനകീയ സേന' പൊതു ജീവിതത്തിന്റെ അവിഭാജ്യമായ ഒരു കണ്ണിയാണ്. സംഘടനാപരവും പ്രചാരണപരവും ഉല്പാദനപരവും സേവനപരവുമായ എല്ലാ തലങ്ങളിലും പൊതു ജീവിതവുമായി അഭേദ്യമായി ബന്ധപ്പെടുക എന്നതാണ് ജനകീയ സേനയുടെ ലക്ഷ്യം.

'എല്ലാവരും യോദ്ധാക്കളാണ്' എന്ന മുദ്രാവാക്യം—പാർടിയുടെ ആരംഭത്തോളം പഴക്കമുള്ളതാണ് ഈ മുദ്രാവാക്യം—ഭാഗികമായി സാക്ഷാത്കരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. എല്ലാവരും സന്നദ്ധ സേനയിൽ സേവനമനുഷ്ഠിക്കണമെന്നതു കൊണ്ട് സ്ത്രീ പുരുഷ ഭേദമെന്യേ, മുതിർന്ന ആളുകളെല്ലാവരും സായുധസേനയുടെ ഭാഗമായിത്തീരുന്നു. സന്നദ്ധ സേനയിലൂടെ കോടിക്കണക്കിനു് അംഗങ്ങളെ കരുതൽ സൈനികരായി പരിശീലിപ്പിച്ചെടുക്കുന്നതിന്റെ ഉദ്ദേശ്യമെന്താണ്? ഇക്കൂട്ടർ ആയുധങ്ങളെക്കുറിച്ചും സമര തന്ത്രങ്ങളെക്കുറിച്ചും തന്ത്രപ്രധാനമായ പ്രദേശ

---

2 വർഗസമരം അവസാനിച്ച് സ്റ്റേററ് അപ്രത്യക്ഷമാവുന്ന മാർക്സിയൻ ആദർശ ലോകത്തിൽ മാത്രമേ സായുധസേന ഇല്ലാതാകുകയുള്ളൂ.

ങ്ങളെക്കുറിച്ചും പഠിക്കുന്നു. അവർ പഴയ വിപ്ലവ യോദ്ധാക്കളുടെ കീഴിൽ, വിപ്ലവ പാരമ്പര്യം ഉൾക്കൊള്ളുന്നു; നേതൃത്വത്തിന്റെ തത്വങ്ങളെക്കുറിച്ചും സായുധ സേനയും ഉത്പാദന രംഗവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും മനസ്സിലാക്കുന്നു. അവർ മാവോ ചിന്തകളെ ഏകോപിപ്പിക്കുകയും അവകൊണ്ട് പടച്ചട്ടയണിയുകയും ചെയ്യുന്നു. സായുധസേന ജനങ്ങളുമായി ഇഴുകിച്ചേർന്ന ഒരു സംഘടനയാണെന്നും മറിച്ച്, വേറിട്ടു നില്ക്കുന്ന, ഉത്പാദന പ്രവർത്തനങ്ങളിലേർപ്പെടാത്ത, നികുതിതിന്നു മുടിക്കുന്ന, ഒരു കൂട്ടം ആഢ്യന്മാരായ പ്രൊഫഷണലുകളുടെ സംഘടനയല്ലെന്നും അവർ മനസ്സിലാക്കുന്നു. ഇതൊക്കെ തന്നെയാണ് പ്രധാന ലക്ഷ്യവും.

'പാർടിയുടെ ബ്രാഞ്ച് ഒരു സായുധസേനാ കമ്പനി പോലെയാണ് സംഘടിപ്പിച്ചിരിക്കുന്നു' 1928ൽ മാവോ പറഞ്ഞു. 'തളർച്ചപററാതെ ഇത്ര കഠിനമായ പോരാട്ടങ്ങളിൽ ഏർപ്പെടാൻ ചെമ്പടസേനയ്ക്ക് കഴിഞ്ഞതിന്നുകാരണവും ഇതുതന്നെ' ഇന്ന് ബഹുജനങ്ങൾ ആകെത്തന്നെ കമ്പനി അടിസ്ഥാനത്തിൽ സംഘടിപ്പിക്കപ്പെട്ടിരിക്കുന്നു.

സായുധസേനയുടെ മാത്രമല്ല, മുഴുവൻ സമൂഹത്തിന്റെയും ശൈലിയും സംഘടനയും സൈനികരീതിയിൽ വാർത്തെടുക്കപ്പെട്ടിരിക്കുന്നു. കിൻഗർഗാർട്ടൻ മുതൽ മേലോട്ട്, വിദ്യാർഥികൾ സ്ക്വാഡുകളായും ടീമുകളായും കമ്പനികളായും ബ്രിഗേഡുകളായും തിരിഞ്ഞ് തൊഴിൽ ചെയ്യുന്നു. ഫാക്ടറികളിലെയും കമ്യൂണുകളിലേയും മററ് സ്ഥാപനങ്ങളിലേയും തൊഴിലാളികളുടെ സ്ഥിതിയും ഇതുതന്നെ. നഗരങ്ങളിലെ ഓരോ തെരുവുകളിലും ഈ രീതിയിലുള്ള കമ്മററികളുണ്ട്. ഒരിക്കൽ ഒരു വലിയ ലോക്കോമോട്ടീവ് ഫാക്ടറിയിലെ തൊഴിലാളികളുടെ ഭാര്യമാരും മററ് ആശ്രിതരും ചേർന്ന് നടത്തുന്ന ഒരു ചെറിയ വർക്ക്ഷോപ്പ് സന്ദർശിക്കാൻ എനിക്കവസരം ലഭിക്കുകയുണ്ടായി. അവിടെ ജോലിചെയ്യുന്നവർ—അവർ തിരക്കിട്ട് പഴന്തുണികൾ അലക്കുകയും കീറിയ പാൻറുകൾ തുന്നുകയും ഷൂകൾ ശരിയാക്കുകയും ചെയ്യുകയായിരുന്നു—വർക്ക്ഷോപ്പിന്റെ ചുമതല വഹിക്കുന്ന മധ്യ വയസ്സിയെ 'കമാണ്ടർ' എന്നു വിളിക്കുന്നതു ഞാൻ കേൾക്കുകയുണ്ടായി.

ഈ സായുധ സേനയുടെ പ്രഥമകർത്തവ്യം 'ജനങ്ങളെ സേവിക്കുക' എന്നതാണ്. ഇത് സാധ്യമാകുന്നതിനു "അവർ മാവോചിന്തകൾ പ്രചരിപ്പിക്കുകയും പ്രയോഗിക്കുകയും ചെയ്യേണ്ടതുണ്ട്. ഭാഗ്യവശാൽ മാവോ ചിന്തകൾ ഒരു ഡൈമൻ കാംഫ് അല്ല. മാവോ ചിന്ത വർണ വിവേചനത്തെക്കുറിച്ചോ അന്യദേശങ്ങൾ കീഴടക്കുന്നതിനെക്കുറിച്ചോ പ്രതിപാദിക്കുന്നില്ല. അത് സായുധ വിപ്ലവക്കയറ്റുമതിക്ക് ആഹ്വാനം ചെയ്യുന്നുമില്ല. മാവോ ചിന്ത സാമൂഹ്യ വിപ്ലവങ്ങൾക്ക് പിൻതുണ പ്രഖ്യാപിക്കുന്നുണ്ട് എന്നതു ശരിതന്നെ. പക്ഷെ സായുധാക്രമണം വഴിയുള്ള പിൻതുണയല്ലത്. ആഭ്യന്തര രംഗത്ത് തൊഴിലാളി വർഗത്തിന്റെ അധികാരം—തെററായ നേതൃത്വത്തിനെതിരെ പ്രക്ഷോഭം നടത്താനുള്ള അവകാശമടക്കം—സാക്ഷാത്കരിക്കുന്നതു വഴി സ്വാതന്ത്ര്യം കൈവരിക്കുന്നതിനെക്കുറിച്ചും ആക്രമണത്തിനെതിരെ തയ്യാറായിരിക്കുന്നതിനെക്കുറിച്ചും സായുധ സേന ജനങ്ങളെ പഠിപ്പിക്കുന്നു.

ഈ അർഥത്തിൽ ചൈന ആയുധവൽക്കരിക്കപ്പെട്ടിരിക്കുന്നു. ജനങ്ങളെ നിർബന്ധിച്ച് സംഘങ്ങളാക്കിത്തിരിക്കുന്നതിൽ വിശ്വാസമില്ലാത്ത പലരെയും സംബന്ധിച്ചിടത്തോളം ഇതു് ഭയാനകമായിരുന്നു. ചൈനീസ് സായുധസേന ജനങ്ങളെ സേവിക്കുന്നതിനു വേണ്ടി എങ്ങനെയാണ് ഉപയോഗപ്പെടുന്നതു് എന്ന കാര്യമാണ് അതിനെ കൂടുതൽ അത്ഭുതകരവും മററെല്ലാത്തിൽനിന്നും വിഭിന്നവുമാക്കുന്നതു്. ●

15

'ജനങ്ങളെ സേവിക്കൽ'

ഷെനിയാങ്ങ് നഗരത്തിലുള്ള ഒരു ബധിര—മൂക വിദ്യാലയത്തിലെത്തിയിരിക്കുകയാണ് ഞങ്ങൾ. വടക്കു കിഴക്കൻ ചൈനയിലെ ലിയാവോനിങ്ങ് സംസ്ഥാനത്തിന്റെ (പണ്ട് പാശ്ചാത്യർ ഈ പ്രദേശത്തെ മഞ്ചൂറിയ എന്നാണ് വിളിച്ചിരുന്നത്) തലസ്ഥാനമാണ് ഷെനിയാങ്ങ് നഗരം. ജനകീയ വിമോചന സേനയുടെ ഒരു വൈദ്യസേവന, പ്രചാരണ സംഘത്തിൽപ്പെട്ട അക്യുപങ്ങ്ചർ വിദഗ്ധന്മാരാണ് ഈ വിദ്യാലയം നടത്തി വരുന്നത്. കേൾക്കാനോ സംസാരിക്കാനോ കഴിയാത്ത വിദ്യാർഥികളാണ് ഇവിടെ എത്തിച്ചേരുന്നത്. പക്ഷെ അവരാരും ജന്മനാ ബധിരരോ മൂകരോ അല്ല. മണ്ണർ, മെനിഞ്ചൈററിസ്, കടുത്തപനി എന്നിവ ബാധിച്ചതിന്റെ ഫലമായി ശ്രവണ ശേഷി നശിച്ചവരാണ് അവരെല്ലാം.

സാംസ്കാരിക വിപ്ലവത്തിനു മുൻപുതന്നെ ഈ സ്കൂൾ വളരെ ചെറിയ തോതിൽ നടന്നു വന്നിരുന്നു എന്ന് ജനകീയ സേനാ സംഘത്തിന്റെ നേതാവ് ലി ചുൻ ഷാൻ ഞങ്ങളോടു പറയുകയുണ്ടായി. തുടക്കത്തിൽ ആംഗ്യഭാഷ ഉപയോഗിച്ച് ആശയവിനിമയം നടത്താനാണ് വിദ്യാർഥികളെ പഠിപ്പിച്ചിരുന്നത്. 1966ൽ ചെയർമാൻ മാവോ ലക്ഷക്കണക്കിന് റെഡ് ഗാർഡുകളെ അഭിവാദ്യം ചെയ്ത സന്ദർഭത്തിൽ ഈ വിദ്യാലയവും ഒരു സ്ലോഗനെ പെക്കിങ്ങിലേക്ക് അയയ്ക്കുകയുണ്ടായി. അവരും കൊച്ചു ചെമപ്പു പുസ്തകങ്ങൾ വീശിക്കൊണ്ട് ചടങ്ങിൽ പങ്കുകൊണ്ടു.

'ചെയർമാൻ മാവോയെ കണ്ടപ്പോൾ കുട്ടികൾ സന്തോഷം കൊണ്ട് കരഞ്ഞുപോയി' ലി പറഞ്ഞു 'പക്ഷെ, അവർ

ക്കു മററുള്ളവരോടൊപ്പം ആർത്തു വിളിക്കാൻ കഴിഞ്ഞില്ല. അവർ കാലടികൾ നിലത്തു ചവിട്ടി ശബ്ദമുണ്ടാക്കികൊണ്ട് ആഹ്ലാദം പ്രകടിപ്പിച്ചു. ഇതു കാണാനിടയായ ഞങ്ങളുടെ കമാണ്ടർ, ''ചൈനീസ് ചികിത്സാരീതി, ഒരു മഹത്തായ നിധിയാണെ''ന്നുള്ള ചെയർമാൻ മാവോയുടെ പ്രസ്താവന ശ്രദ്ധിക്കാനും ജനങ്ങളെ സേവിക്കാനും ഞങ്ങളെ ആഹ്വാനം ചെയ്തു. ബധിരത ചികിത്സിച്ചു ഭേദപ്പെടുത്തുന്നതിന് അക്യുപങ്ചർ രീതി ഉപയോഗിക്കാമോ എന്ന കാര്യം അതിനകം തന്നെ ഞങ്ങൾ പരീക്ഷിച്ചു നോക്കിയിരുന്നു. ഞങ്ങൾ കൂടുതൽ തീവ്രമായി പരീക്ഷണങ്ങൾ ആരംഭിച്ചു. ഞങ്ങളോരോരുത്തരും സ്വയം പരീക്ഷണത്തിനു വിധേയരായി. പഴയ സങ്കൽപ്പമനുസരിച്ച് ''നിരോധിതമായ മേഖലയിൽ കൂടി സഹിക്കാൻ കഴിയാവുന്നത്ര ആഴത്തിൽ സൂചികൾ ആഴ്ത്തിയിറക്കി പരീക്ഷിച്ചു നോക്കി.

'1968 നവംബറിലാണ് ഈ വിദ്യാലയത്തിലെ അക്യുപങ്ചർ ആരോഗ്യ ശുശ്രൂഷാ പരിശീലനങ്ങളുടെ ചുമതല വഹിക്കാൻ ഞങ്ങൾ നിയോഗിക്കപ്പെട്ടത്. ഞങ്ങൾ ഇവിടെ സേവനമനുഷ്ഠിക്കുന്നവർക്ക് പരിശീലനം നല്കി. താമസിയാതെ അവരുടെയെല്ലാം പിൻതുണ നേടാൻ ഞങ്ങൾക്കു കഴിഞ്ഞു. വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ പല വിദ്യാർഥികൾക്കും സംസാരശേഷിയും ശ്രവണശേഷിയും വീണ്ടു കിട്ടുകയുണ്ടായി. അവർ ആദ്യമായി പറയാൻ പഠിക്കുന്ന വാചകം ഇതാണ്: ''ചെയർമാൻ മാവോ നീണാൾ വാഴട്ടെ!'' കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ഞങ്ങൾ 582 വിദ്യാർഥികളെ ശുശ്രൂഷിക്കുകയുണ്ടായി. ഇവരിൽ 98 ശതമാനത്തിനും ശ്രവണ ശേഷി വീണ്ടു കിട്ടി. ഏകദേശം 80 ശതമാനം പേർക്ക് ചെറിയ ഉദ്ധരണികൾ പറയാനും ''കിഴക്കു ചുവപ്പാണ്'' എന്ന ഗാനം ആലപിക്കാനും കഴിയും. ഇതു് അടിസ്ഥാനപരമായ ഒരു മാററമാണ്. ഇപ്പോൾ ആംഗ്യഭാഷാ ഉപയോഗിക്കപ്പെടുന്നില്ല. മറിച്ച് ഉച്ചത്തിലുള്ള പാട്ടും വായനയുമാണ് നിങ്ങളിവിടെ കേൾക്കുന്നതു്.

ശ്രദ്ധ വിസ്മിതം എന്നു തോന്നുമായിരിക്കാം! ശ്രദ്ധ പിടിച്ചു പററുന്ന ആ കുഞ്ഞുങ്ങളുടെ ഓമന മുഖങ്ങൾ കാണുകയും

അത്യധികം ശ്രമിച്ച് അവർ പുറപ്പെടിവിക്കുന്ന ഉച്ചസ്ഥായിയിലുള്ള ശബ്ദങ്ങൾ കേൾക്കുകയും ചെയ്യുമ്പോൾ അങ്ങനെ തോന്നില്ല.ഒൻപതു മുതൽ ഇരുപതു വയസ്സുവരെ പ്രായമുള്ള വിദ്യാർഥികളുണ്ടിവിടെ. അവർ തികച്ചും ആരോഗ്യവാന്മാരായിരുന്നു. എല്ലാവരും തിളങ്ങുന്നകണ്ണുകളോടെ ജനകീയ വിമോചന സേനാ കമാണ്ടർ ലീയെ, ഒരു ദൈവത്തെ എന്ന പോലെ നോക്കിക്കൊണ്ടിരുന്നു. അവർക്ക് നിത്യേന നല്കുന്ന അക്യുപങ്ച്ചർ ചികിത്സകളും ഞങ്ങൾ കാണുകയുണ്ടായി. ചെവികൾ നല്ലതുപോലെ വൃത്തിയാക്കിയ ശേഷം, അവയ്ക്കു പുറകിലായി സൂചികൾ ആഴത്തിൽ തുളച്ചു കയറ്റുന്നു. ''കഠിനതകളെയോ മരണത്തെപ്പോലുമോ ഭയക്കാതിരിക്കുക.'' കരച്ചിലിന്റെ വക്കോളമെത്തിയ ഒരു കുട്ടി ഉറക്കെ വിളിച്ചു പറയുകയാണ്: ''മലകളെ കിളച്ചു മാററിയ വിഡ്ഢിയായ വൃദ്ധനെ ഓർക്കുക'' മറെറാരാൾ വിളിച്ചു പറയുന്നു.

പിന്നീട് ഞങ്ങൾ സന്ദർശിച്ചതു് ക്ലാസ്സ് മുറികളാണ്. ഇവിടെ മുതിർന്ന വിദ്യാർഥികൾ ഉച്ചത്തിൽ പദ്യം ചൊല്ലുകയോ പാഠം വായിക്കുകയോ ചെയ്തു കൊണ്ടിരുന്നു. ഇവിടത്തെ പഠിത്തം അവരെ മിഡിൽ സ്സ്കൂൾ തലത്തിലെത്തിക്കും. ഞങ്ങൾ കയ്യടിച്ചു കൊണ്ട് അവരുടെ പരിശ്രമങ്ങൾക്ക് പ്രോത്സാഹനം നല്കി. അവർ വിദേശത്തു നിന്നു വന്ന 'അമ്മാമ'നും, 'അമ്മായി'യും പറയുന്നതൊക്കെ ഹൃദയസ്പർശകം വിധം പുഞ്ചിരിച്ചു കൊണ്ട്, ശ്രദ്ധിച്ചു കേൾക്കുന്നുണ്ടായിരുന്നു. അവരുടെ മുഖത്തു വിശ്വാസവും പ്രതീക്ഷയും കളിയാടുന്നുണ്ടായിരുന്നു. ഞങ്ങൾ പുറത്തേയ്ക്ക് നീങ്ങിത്തുടങ്ങവേ, വിദ്യാർഥികൾ ഞങ്ങളുടെ കൈകൾ അവരുടെ കൈകളിലൊതുക്കി അമർത്തിപ്പിടിച്ചു. പിന്നീട് അടുത്തുള്ള ഒരു മിഡിൽ സ്കൂളിലെ ഗായകസംഘത്തിന്റെ സഹായത്തോടെ ഞങ്ങൾക്കുവേണ്ടി ഗാനങ്ങളും നൃത്തങ്ങളും അവതരിപ്പിച്ചു. അതിനു ശേഷം, പുഞ്ചിരിച്ചുകൊണ്ടും കൈകൊട്ടിക്കൊണ്ടും അവർ ഞങ്ങളെ തെരുവുവരെ അനുഗമിച്ചു.

ഞങ്ങൾ പിരിഞ്ഞു പോരുമ്പോൾ, അവരുടെ നേർത്ത വിട പറയൽ ശബ്ദം അവിടെയെങ്ങും അലതല്ലി. *''വോ മെൻ തീ മൈ കുവോ പെങ്ങ് യു ത്സ്സായ് ചെൻ''*—'അമേരിക്കൻ സുഹൃത്തുക്കളേ മടങ്ങി വരിക'.

ഇപ്പോൾ ചൈനയിലെ പല നഗരങ്ങളിലും പട്ടണങ്ങളിലും ഇത്തരം വിദ്യാലയങ്ങളുണ്ട്. തിരിച്ച് പെക്കിങ്ങിലെത്തിയപ്പോൾ ഞങ്ങൾ കാണാനിടയായ ഒരു ഡച്ച് ഡോക്ടറോടും അദ്ദേഹത്തിന്റെ ഭാര്യയോടും ഞാൻ ഈ വിദ്യാലയങ്ങളെപ്പററിയുള്ള അഭിപ്രായമാരായുകയുണ്ടായി. അവരിരുവരും ആംസ്റ്റർഡാമിലുള്ള ഒരു ബധിര മൂക വിദ്യാലയത്തിൽ വളരെ വർഷങ്ങളോളം പ്രവർത്തിച്ചിട്ടുണ്ട്. ഏററവും പുതിയ യൂറോപ്യൻ ചികിത്സാ സമ്പ്രദായങ്ങളാണ് അവിടെ ഉപയോഗിച്ചിരുന്നത്. അവർ തലകുലുക്കി. ''ഇതെല്ലാം ലൂർദ്ദ് പോലെ—വിശ്വാസ ചികിത്സ പോലെ—യാണ്''.

അക്യുപങ്ചറിനെ ഇപ്പോഴും ആധുനിക ശരീര ഘടനാശാസ്ത്രമനുസരിച്ച് വിശദീകരിക്കാൻ കഴിയുന്നില്ലായിരിക്കാം. പക്ഷെ, അതു ലൂർദ്ദ ചികിത്സ പോലെ അല്ല. അതിനെക്കാൾ കൂടിയ എന്തോ ഉണ്ട് എന്ന കാര്യത്തിൽ സംശയമില്ല. കിഴക്കൻ രാജ്യങ്ങളിലെ നിരവധി നിരവധി അക്യുപങ്ചർ വിദഗ്ധന്മാരുടെ പ്രവർത്തനങ്ങൾ ഇതിനു തെളിവാണ്.

ഞങ്ങൾ വടക്കൻ ഹോപൈയിലെ ഒരു കമ്യൂൺ ഗ്രാമത്തിലൂടെ സഞ്ചരിക്കുകയാണ്. അവിടെ കണ്ട കല്ലുകൊണ്ടു നിർമിച്ച മനോഹരമായ ഒരു കളപ്പുര ക്യാമറയിൽ പകർത്തുന്നതിനു വേണ്ടി ഞാൻ അൽപനേരം നിന്നു. അകത്തേക്കു കടന്നപ്പോൾ കൈത്തണ്ടയിലും മുഖത്തുമൊക്കെ സൂചികൾ തറച്ച ഒരു യുവതിയെയും അവളുടെ സമീപത്തു നിന്നിരുന്ന യൂണിഫോറധാരിയായ ഒരു ചെറുപ്പക്കാരനെയും മാത്രമേ അവിടെ കണ്ടുള്ളു. ആ യുവതി ഒരു നഗ്നപാദ ഡോക്ടറാണ്. ജനകീയ വിമോചന സേനയിലെ ഒരു മെഡിക്കൽ പ്രവർത്തകനിൽ നിന്ന് അവർ അക്യുപങ്ചർ ചികിത്സാ രീതിയിൽ പരിശീലനം നേടിക്കൊണ്ടിരിക്കുകയാണ്. അകത്ത് വിശാലമായ *ക്യാങ്ങി*ന്മേൽ (ഉറങ്ങാൻ ഉപയോഗിക്കുന്ന ചൂടാക്കിയ ഇഷ്ടികത്തറ) പലതരം പൂല്ലുകൾ സുഗന്ധം വമിക്കുന്ന പച്ചിലകൾ, ഉണങ്ങിയ കിഴങ്ങുകൾ തുടങ്ങിയ ചൈനീസ് ഔഷധ ശേഖരത്തിലെ പല സാധനങ്ങളും കൂമ്പാരം കൂട്ടിയിരിക്കുന്നത് ഞാൻ കണ്ടു. അവിടെ കണ്ട യുവതിയുടെ സംഘം കുന്നുകളിൽ നിന്നു ശേഖരിച്ചതാണ് അതെല്ലാം. *ക്യാങ്ങി*ന്മേൽ റെഡ്ക്രോസ് അടയാളമു

ള്ള അവരുടെ ആധുനിക മരുന്നുപെട്ടിയും ഇരിപ്പുണ്ടായിരുന്നു. അതിനകത്തു് ജനന നിയന്ത്രണ ഗുളികകളടക്കം പല ആധുനിക മരുന്നുകളും കാണും. ഇതേ ചിത്രം ചൈനയിലെ ആയിരക്കണക്കിനു് ഗ്രാമങ്ങളിൽ കാണാൻ കഴിയുന്നു.

വലിയ മതിലിൽ നിന്നു് അധികം അകലെയല്ലാതെ സ്ഥിതി ചെയ്യുന്ന ഷാഷിയുവിലെ ''സാൻറ് സ്റ്റോൺ ഗ്രൽച്ച്'' ബ്രിഗ്രേഡിലുള്ള ഒരു കർഷക വസതിയിൽ ഞങ്ങൾ ഒരു രാത്രി കഴിച്ചു കൂട്ടുകയുണ്ടായി. നല്ല വൃത്തിയും ഉറപ്പുമുള്ള ഒരു വീട്. കല്ലുകൊണ്ടാണു് നിർമിച്ചിരിക്കുന്നതു്. മൂന്നു മുറികൾ. ഓടിട്ടിരിക്കുന്നു. വിശാലമായ ഉത്തരങ്ങൾ. മുൻവശത്തു് ഒതുക്കമുള്ള ഒരു കൊച്ചു പച്ചക്കറിത്തോട്ടവും കല്ലു പാകിയ ഒരു പന്നിക്കൂടും (അതിൽ രണ്ടു പന്നികൾ). ആ ഗ്രാമത്തിലെ വീടുകളെല്ലാം ഇതേ തരത്തിലുള്ളവയാണു്. ഗൃഹനാഥ ഒരു വിധവയാണു്. അവർക്കു് 30 വയസ്സിനു താഴെയുള്ള മൂന്നു ആൺമക്കളുണ്ടു്. രണ്ടു പേർ വീട്ടിൽ തന്നെയുണ്ടു്. രണ്ടു പേരും അവിവാഹിതരാണു്. ആശ്രിതരൊന്നുമില്ലാത്തതു കൊണ്ടു് അവർക്കു് ശരാശരിയിൽ കവിഞ്ഞ വരുമാനമുണ്ടു് എന്നു പറയാം. മുറികളിൽ കിടപ്പു സാധനങ്ങളും തുണികളും ഒതുക്കി വച്ചിട്ടുള്ള അലമാരകളും, മനോഹരമായ ഒരു ക്ലോക്കു്, റേഡിയോ, വലിയ തെർമോ ഫ്ളാസ്ക്കുകൾ, വൈദ്യുത വിളക്കുകൾ എന്നിവയും ചെയർമാൻ മാവോയുടെ ഒരു കൂററൻ ഛായാചിത്രവും ഉണ്ടു്.

മക്കളൊരും സായുധ സേനയിൽ സേവനമനുഷ്ഠിക്കുന്നില്ലേ? എൻെറ ചോദ്യം കേട്ടു് അവർ തല താഴ്ത്തി. ദൃഢ ശരീരവും നല്ല കറുത്ത മുടിയുമുള്ള ആ വിധവ സ്വയം കൃഷിക്കളത്തിൽ പോയി കൃഷിപ്പണിയിൽ ഏർപ്പെടുന്നവരാണു്. അവരുടെ മക്കളെല്ലാം ആരോഗ്യവും കരുത്തുമുള്ളവരാണെങ്കിലും അവർക്കു് സായുധ സേനാ നിലവാരമനുസരിച്ചുള്ള കാഴ്ച ശേഷിയില്ലായിരുന്നു. അവർ പതുക്കെ പ്രസന്നവതിയായി. മക്കളെല്ലാം സന്നദ്ധ സേനയിലെ അംഗങ്ങളാണു്. അവർ മക്കളിൽ ഒരാളുടെ പടമെടുത്തു് എന്നെ കാണിച്ചു. അയാൾ ഇപ്പോൾ വീട്ടിലില്ല. സായുധ സേനയോടൊപ്പം ഒരു പുതിയ അണക്കെട്ടിൻെറയും ജല വൈദ്യുത പദ്ധതിയുടെയും നിർമാണത്തിൽ പ

ങ്കെടുത്തു കൊണ്ടിരിക്കുകയാണ്; 'ജനങ്ങളെ സേവിച്ച കൊണ്ടിരിക്കുക'യാണ്. വെള്ളപ്പൊക്കം, മഹാമാരികൾ, മററു കെടുതികൾ തുടങ്ങിയ അടിയന്തിര ഘട്ടങ്ങളിൽ സായുധ സേനാ സംഘങ്ങൾ അടിയന്തിര സേനകളായി പ്രവർത്തിച്ചു വരുന്നു. കൂടാതെ, ജലസേചന കനാലുകൾ റിപ്പയർ ചെയ്യുക, കൂടുതൽ സ്ഥലത്തേക്ക് ജലസേചന സൗകര്യങ്ങൾ വ്യാപിപ്പിക്കുക, സ്കൂൾ വിദ്യാർഥികൾക്ക് ക്ലാസ്സുകൾ നല്കുക എന്നീ പ്രവർത്തനങ്ങളിലും ഈ സംഘങ്ങൾ എർപ്പെടാറുണ്ട്. മഹൽ പ്രവർത്തനങ്ങൾക്കുള്ള മാതൃകകളായി വാഴ്ത്തപ്പെടുന്ന അനേകം സായുധ സേനാംഗങ്ങളുണ്ട് അക്കൂട്ടത്തിൽ ഏററവും പ്രസിദ്ധൻ ലെയ്ഫെങ്ങ് ആണ്. അദ്ദേഹം തനിക്കു കിട്ടിയ ശമ്പളം കൊണ്ട് എന്താണു ചെയ്തിരുന്നത്? സ്വയം ചെലവാക്കുകയോ? അല്ല. അദ്ദേഹം പണം ശേഖരിച്ചു വയ്ക്കുകയും ആവശ്യക്കാർക്ക് കടം കൊടുക്കുകയുമാണ് ചെയ്തത്. തന്റെ ഒഴിവു സമയം അദ്ദേഹം എങ്ങനെ ചെലവഴിച്ചു? മീൻ പിടിക്കാൻ പോയോ? ഇല്ല. ആ സമയത്ത് അദ്ദേഹം തന്റെ സഖാക്കളുടെ ഉടുപ്പുകളിൽ ബട്ടണുകൾ പിടിപ്പിച്ചു കൊടുക്കുകയും രോഗികളെ ശുശ്രൂഷിക്കുകയുമാണ് ചെയ്തിരുന്നത്. അദ്ദേഹം മററുള്ളവരെ സേവിച്ചു. സാംസ്ക്കാരിക വിപ്ലവത്തിനു മുൻപും അതിനു ശേഷവും 'ലെയ്ഫെങ്ങിന്റെ ഗാനം' സായുധസേനാ പ്രചാരണത്തിനുള്ള നല്ലൊരു ഉപാധിയായിരുന്നു. റെഡ് ഗാർഡുകൾക്കിടയിൽ അതു് വളരെ പ്രസിദ്ധമായിരുന്നു.

ഞങ്ങൾ ഒരു പ്രഭാതം മുഴുവൻ, ഷെങ്ങ്യാങ്ങിൽ റൈഫിൾ പരിശീലനത്തിലേർപ്പെട്ടിരുന്ന സായുധ സേനാംഗങ്ങളോടൊപ്പം — യുവതികളും യുവാക്കളും —ചെലവഴിക്കുകയുണ്ടായി. അവരിൽ മിക്കവരും 25 വയസ്സിനുതാഴെ പ്രായമുള്ളവരാണ്. ചുററുള്ള വിവിധഫാക്ടറികളിൽ നിന്നും സ്കൂളുകളിൽ നിന്നും എത്തിച്ചേർന്നവർ. കായിക പരിശീലനത്തിന്റെ കാര്യത്തിലും ഗ്രനേഡുകൾ, റൈഫിളുകൾ, മെഷീൻ ഗണ്ണുകൾ, മോർട്ടാറുകൾ, ആൻറി ടാങ്ക് ഗണ്ണുകൾ എന്നിവ നിശ്ചലവും ചലിച്ചുകൊണ്ടിരിക്കുന്നതുമായ ലക്ഷ്യസ്ഥാനങ്ങളിൽ പ്രയോഗിക്കുന്നതിലും തങ്ങൾ നേടിയിട്ടുള്ള വൈദഗ്ധ്യം പ്രദർശിപ്പിക്കാൻ എത്തിയിരിക്കുകയാണവർ. ഒരു ഉത്സവത്തിന്റെയോ കായിക

മത്സരത്തിൻറയോ അന്തരീക്ഷത്തിലാണ് ഈ പ്രദർശനം നടന്നുകൊണ്ടിരുന്നത്. എല്ലാവരും ആഹ്ളാദം പ്രകടിപ്പിച്ചുകൊണ്ടിരുന്നു. എല്ലാമുഖങ്ങളിലും പുഞ്ചിരി കളിയാടിയിരുന്നു.

സന്നദ്ധസേനയെ രണ്ടായി തരംതിരിച്ചിട്ടുണ്ട്, ജനകീയ വിമോചന സേനയിലെ ഓഫീസർ ഞങ്ങളോട് പറഞ്ഞു. ഒന്ന്, ആയുധങ്ങളേന്തിയ 'അടിസ്ഥാന സന്നദ്ധസേന'. ഇതിലെ അംഗങ്ങളെല്ലാം 25 വയസ്സിനകത്ത് പ്രായമുള്ളവരാണ്. ഇവർ, തങ്ങൾ ജോലിചെയ്യുന്നിടത്തും ആയുധങ്ങൾ കൊണ്ടു നടക്കുന്നു. രണ്ട്, 'സാധാരണ സന്നദ്ധസേന.' ഇതിലെ അംഗങ്ങൾ 25 നും 50 നും മധ്യേ പ്രായമുള്ളവരാണ്—കരുതൽ സേനാ സെപ്ഷ്യൽ യൂണിററുകളും ഇക്കൂട്ടത്തിൽ പെടുന്നു. ലഘു ആയുധങ്ങളെല്ലാം പരിസര പ്രദേശങ്ങളിൽ തന്നെനിർമ്മിക്കുന്നു

മറെറാരു സൈനിക പരിശീലന രംഗവും ഞങ്ങൾ കാണുകയുണ്ടായി. ഒററ നോട്ടത്തിൽ കൃത്രിമമായി നിർമിച്ചിട്ടുള്ളതു് എന്നു മനസ്സിലാക്കാൻ കഴിയാത്ത ഒരു ഗ്രാമീണ കുടിൽ. ഈ പ്രദേശം വിദേശാക്രമണത്തിന് വിധേയമാവുന്നതാണ് രംഗം ഗറില്ലാ തന്ത്രങ്ങളുപയോഗിച്ച് വളരെപ്പെട്ടെന്നു തന്നെ ശത്രുക്കളെ തുത്തെറിയുന്നു (കയ്യടി മുഴങ്ങുന്നു). ജപ്പാൻകാരോ, റഷ്യാക്കാരോ അതോ അമേരിക്കക്കാരോ? ആരാണീ വിദേശിയാക്രമികൾ? വ്യക്തമല്ല. അടുത്തതായി ഹ്സു കുടുംബം മാർച്ചു ചെയ്തു നീങ്ങുന്നു. അറുപതുകാരനായ മുത്തശ്ശൻ, അൻപത്തെട്ടുകാരിയായ മുത്തശ്ശി, ഒരു മകൻ, മകൻെറ ഭാര്യ, നാലു പേരക്കിടാങ്ങൾ. ഇത്രയും പേരുണ്ട്. മുതിർന്നവരെല്ലാം തീവണ്ടി നിർമാണ ഫാക്ടറിയിൽ ജോലി ചെയ്യുന്നവരാണ്. കുടുംബാംഗങ്ങൾ മെഷീൻ ഗണ്ണുകളും റൈഫിളുകളും ഉപയോഗിച്ച് അത്യധികം വേഗത്തിൽ തങ്ങളുടെ ലക്ഷ്യങ്ങളെ തകർക്കുന്നു. ഏററവും ഇളയ പേരക്കിടാവു മാത്രമാണ് മാറിനില്ക്കുന്നതു്. ഇനി, അവൻെറ ഊഴമാണ്. എട്ടുവയസ്സായ ആ കൊച്ചുമിടുക്കൻ ചുവപ്പുപട്ടാളക്കാരൻെറ യൂണിഫോറമാണ് ധരിച്ചിരിക്കുന്നതു്. അവൻ ധാരാളം സമയമെടുത്തു് ചില നാട്യങ്ങളൊക്കെ കാണിച്ചു. പിന്നീട് ഒരു സാധാരണ റൈഫിൾ ഉപയോഗിച്ച് മൂന്നുപ്രാവശ്യം വെടിയുണ്ട ലക്ഷ്യസ്ഥാനത്തു കൊള്ളിച്ചു. *''ഹായ് മൈയു ചിയാങ്ങ് കാവോ*—അവൻ റൈഫിളിൻെറ

അത്രപോലും പൊക്കമില്ല,'' ഓഫീസർ ചിരിച്ചുകൊണ്ടു പറയുകയാണ്.

''നിങ്ങൾ ക്ഷണിക്കപ്പെടാത്ത ചില അതിഥികളെ പ്രതീക്ഷിക്കുന്നതുപോലെ തോന്നുന്നല്ലോ.'' ഞാൻ ഓഫീസറോട് ചോദിച്ചു.''ഏതു ദിശയിൽ നിന്നു വരുമെന്നാണു. പ്രതീക്ഷ?''.

''ഏതുദിശയിൽനിന്നു മാകട്ടെ, ഞങ്ങൾ റെഡിയാണ്''.

ഉന്നസ്ഥാനങ്ങളിലെല്ലാം താഴെപ്പറയുന്ന മുദ്രാവാക്യങ്ങൾ കാണാമായിരുന്നു. ''അമേരിക്കൻ സാമ്രാജ്യത്വം തുലയട്ടെ'' ''സോവിയററ് സോഷ്യലിസ്റ് സാമ്രാജ്യത്വം തകരട്ടെ.'' ''എല്ലാത്തരം റിവിഷനിസ്റ്റുകളും തുലയട്ടെ''—ഒരു പക്ഷപാതവുമില്ല.

16

സായുധസേന നിർമാണ പ്രവർത്തനത്തിൽ

വടക്കുപടിഞ്ഞാറൻ ചൈനയിൽപ്പെട്ട ഷെൻഷി സംസ്ഥാനത്തിന്റെ ഉൾപ്രദേശത്ത് സ്ഥിതിചെയ്യുന്ന ഒരു ഇടുങ്ങിയ താഴ്വാരപ്രദേശമാണ് നന്നിവാൻ. സിയാനിൽനിന്ന് വടക്കോട്ട് 200 കിലോമീററും യെനാനിൽനിന്ന് (ഏതാണ്ട് പത്തുവർഷക്കാലം (1937–47) ചൈനീസ് ഗറില്ലാ സേനകളുടെ—അന്ന് അതിന്റെ പേർ 'എയ്ത്ത്റൂട്ട് ആർമി' എന്നായിരുന്നു—ആസ്ഥാനമായിരുന്നു യെനാൻ) തെക്കുകിഴക്കൻ ദിശയിൽ 90 കിലോമീററും സഞ്ചരിച്ചാൽ നന്നിവാനിലെത്താം. അൽപ്പം വർഷങ്ങൾ മുൻപുവരെ, യെനാനിൽ നിന്ന് നന്നിവാനിലെത്താൻ കാൽനടയായി രണ്ടു ദിവസം മുഴുവൻ യാത്ര ചെയ്യണമായിരുന്നു. ഇപ്പോഴാകട്ടെ, രണ്ടു പ്രദേശങ്ങളെയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ഒരൊന്നാന്തരം ചെമ്മൺപാതയുണ്ട്. ബീർച്ച്മരങ്ങളും പൈൻമരങ്ങളും പുളിമരങ്ങളും നിറഞ്ഞു നിൽക്കുന്ന ഭീകരമായ മലയിടുക്കുകളിലൂടെ കടന്നുപോകുന്ന ആ പാതയിലൂടെയാണ് ഞങ്ങൾ യാത്രചെയ്തത്. ഇടയ്ക്കൊക്കെ ഓരോ കാട്ടുകോഴിയോ കാട്ടാടോ, കലമാനോ ഞങ്ങൾ സഞ്ചരിച്ചിരുന്ന കാറിന്റെ മുന്നിലേക്ക് എടുത്തു ചാടിക്കൊണ്ടിരുന്നു

''നല്ല നായാട്ടുതന്നെ''ഞങ്ങളെ അനുഗമിച്ചിരുന്ന വിദേശ സൗഹാർദ സംഘത്തിന്റെ യെനാൻ ബ്രാഞ്ച് പ്രതിനിധി അഭിപ്രായപ്പെട്ടു. ആ യാത്രയിൽ അദ്ദേഹമായിരുന്നു അങ്ങളുടെ ഗൈഡും ആതിഥേയനും ''നന്നിവാനിൽ താവളമുറപ്പിച്ച ഞങ്ങളുടെ സൈനികർക്ക് ആദ്യകാലത്ത് ഏക ഭക്ഷണം ഈ കാട്ടുജന്തുക്കളുടെ ഇറച്ചിയായിരുന്നു.'' അദ്ദേഹം പറഞ്ഞു.

അൽപം കൂടി സഞ്ചരിച്ചപ്പോൾ കൃഷിചെയ്യുന്ന താഴ്വാരങ്ങൾ കാണാറായി. ഇടുങ്ങിയതെങ്കിലും നാഴികകളോളം നീണ്ടുകിടക്കുന്ന താഴ്വാരങ്ങൾ. അവയ്ക്കപ്പുറം വൃക്ഷനിബിഡമായ കുത്തൻ മലകൾ. 1941ൽ യെനാൻ താവളങ്ങൾ നാഷണലിസ്റ്റ്, ജാപ്പാനീസ് സേനാമുന്നണികളുടെ ഇടയിൽപെടുകയുണ്ടായി. തെക്കും പടിഞ്ഞാറും ഭാഗങ്ങളിൽ നാഷണലിസ്റ്റ് ശക്തികളും പടിഞ്ഞാറും വടക്കും ഭാഗങ്ങളിൽ ജാപ്പാനീസ് സേനകളും യെനാൻ താവളങ്ങൾക്ക് പ്രതിരോധം സൃഷ്ടിച്ചു. ആ ഘട്ടത്തിൽ, സായുധസേന സ്വയം പര്യാപ്തമാവുകയും സ്വന്തം പരിശ്രമം കൊണ്ട് 'ആവശ്യമായ ഭക്ഷണപദാർഥങ്ങളും വസ്ത്രങ്ങളും' ഉൽപ്പാദിപ്പിക്കുകയും ചെയ്യണമെന്ന മാവോയുടെ ആഹ്വാനത്തിന് അനുരൂപമായി ആരംഭിച്ച ഒരു പൈലറ്റ്പ്രൊജക്റ്റാണ് നന്നിവാനിലേത്.

''ഭക്ഷണം കഴിക്കാൻ ഇഷ്ടപ്പെടുകയും തൊഴിൽ ചെയ്യാൻ മടിക്കുകയും ചെയ്യുന്ന ഒരു യോദ്ധാവോ പൗരനോ നല്ല ഭടനോ നല്ല പൗരനോ ആണെന്നു കരുതാനാവില്ല.'' മാവോ പറഞ്ഞു: ''കൂമിന്താങ്ങുകൾ ചെയ്യുന്നതുപോലെ, ജനങ്ങളെ ഉല്പാദനം വർധിപ്പിക്കുന്നതിന് സഹായിക്കാതെ അവനിൽ നിന്ന് ധാന്യവും ധനവും ആവശ്യപ്പെടുന്നത് തികഞ്ഞ തെറ്റാണ്.' 1

സായുധസേനയുടെ 359ാം ബ്രിഗേഡ് ഈ രംഗത്ത് മാതൃക കാണിച്ചു. ലോങ്ങ് മാർച്ചിൽ പങ്കെടുത്ത യുവാക്കളായ ഓഫീസർമാരാണ് ഈ ബ്രിഗേഡിന് നേതൃത്വം നൽകിയിരുന്നത്. അവർ പിക്കാസുകളും തൂമ്പകളും തോക്കുകളുമേന്തി, ഒരു സീസണിലേയ്ക്കാവശ്യമായ വിത്തും ധാന്യവും ശേഖരിച്ച് നന്നിവാനിലെ മരുഭൂമി വെട്ടിത്തെളിക്കാൻ എത്തി. അമേരിക്കൻ കുടിയേറ്റക്കാരെപ്പോലെ അവരും ഒരു വിള കൃഷിചെയ്യാൻ ആവശ്യമായത്ര ഭൂമി വെട്ടിത്തെളിച്ചു; കഠിനമായ ശൈത്യത്തിൽ നിന്നു രക്ഷനേടാൻ ഗുഹകൾ നിർമിച്ചു. ഭൂരഹിതരായ കർഷകരിൽ ചിലരെ സഹായികളായി നിയമിച്ചു. മരം കൊണ്ട് മൺവെട്ടികളും കലപ്പകളും ഉണ്ടാക്കി. ബിർച്ച് മര

1 മാവോ സെതുങ്ങിന്റെ തെരഞ്ഞെടുത്ത കൃതികൾ— Vol. 3, Foreign Lauguages Press Peking, 1953,

ത്തിന്റെ തൊലിയിൽ എഴുതാൻ പഠിച്ചു. അവർ ആദ്യത്തെ വിളവെടുത്തു. മൂന്നോ നാലോ ഉഴവു മൃഗങ്ങളെ വാങ്ങാൻ ആവശ്യമായ മിച്ചധാന്യം വിററു. മരം കൊണ്ടു് നൂൽനൂൽപ്പ യന്ത്രങ്ങളുണ്ടാക്കി. തങ്ങൾക്കാവശ്യമായ കമ്പിളി വസ്ത്രങ്ങൾ സ്വയം ഉണ്ടാക്കി. നാഷണലിസ്റ്റ് പ്രദേശവുമായുള്ള തങ്ങളുടെ വ്യാപാരബന്ധങ്ങൾ അററുപോകാതിരിക്കാൻ യുദ്ധം ചെയ്തു. രണ്ടു ശീതകാലങ്ങൾ കഴിഞ്ഞപ്പോഴേയ്ക്കും പട്ടിണിയിൽ കഴിഞ്ഞിരുന്ന നന്നിവാൻ ഒരു സ്വയംപര്യാപ്ത വനസമൂഹമായി മാറി.

ഈ പരിണാമം സ്വയം അനുഭവിച്ചറിഞ്ഞ ഒരു വ്യക്തിയാണ് ചൂ ഷാവോ ചിങ്ങ്. അദ്ദേഹമാണ് ഞങ്ങളോടിക്കഥ പറഞ്ഞതു്. മെലിഞ്ഞ് വരണ്ട ശരീരത്തോടുകൂടിയ ചൂഷാവോ ചിങ്ങ് ലോങ്ങ് മാർച്ചിലെ വീരനായകന്മാരിലൊരാളായിരുന്നു. ഇപ്പോളദ്ദേഹം നന്നിവാൻ താഴ്‌വരയിൽ തിരിച്ചെത്തിയിരിക്കുകയാണ് 1944 ലാണ് ചൂ നന്നിവാൻ വിട്ടതു്. ജനകീയ വിമോചനസേനാ നിർമ്മാണ വിഭാഗത്തിന്റെ 4ാം റെജിമെന്റിന്റെ കമാണ്ടറായിരുന്നു അദ്ദേഹം. അപ്പോഴേയ്ക്കും നന്നിവാൻ 'പൊതു ഉടമ'യിലുള്ള ഒരു സ്റ്റേററ് കൃഷിക്കളമായിക്കഴിഞ്ഞിരുന്നു. ഉറപ്പോടെ, പക്ഷെ വളരെ ലളിതമായി, ഇഷ്ടികയും ഓടും കൊണ്ടു് നിർമിച്ചിട്ടുള്ള ഒരു കോൺഫറൻസ് ഹാളിലിരുന്നു കൊണ്ടാണ് ആ പ്രദേശത്തിന്റെ പരിണാമത്തെക്കുറിച്ച് ചൂ ഞങ്ങൾക്കു് വിവരിച്ചു തന്നതു്.

ഭൂ വിതരണത്തിന്റെയും (1949–52) വിപ്ലവാനന്തരതലമുറയുടെയും കാലഘട്ടത്തിൽ നന്നിവാൻ കൃഷിക്കളം പ്രവർത്തനത്തിലൂടെ ഉദ്ധാരണം 2 എന്ന ആദർശത്തിനു് ഒരു മാതൃകയായി തീർന്നു. ചൈനയിൽ 'രാഷ്ട്രീയ തടവുകാർ' എന്നൊരു വിഭാഗം ഉള്ളതായി ചൈനക്കാർ സമ്മതിക്കാറില്ല–ഇവിടെ അത്തരമാളുകൾ 'പ്രതിവിപ്ലവകാരികൾ' എന്ന പേരിലാണു് അറിയപ്പെടുന്നതു്. പക്ഷെ രാഷ്ട്രീയ ലക്ഷ്യങ്ങളോടെ ഗുരുതരമായ കുററങ്ങൾ ചെയ്യുന്നവർക്കു് മററുതരം കുററവാളികളെ അപേക്ഷിച്ച് കൂടുതൽ രൂക്ഷമായ ശിക്ഷ ലഭിക്കുന്ന ഒരു ജയിൽ ഫാം എന്ന നിലയ്ക്കു് നന്നിവാന്റെ പൊതുചുമതല ലോ

2 Red China Today എന്ന പുസ്തകം കാണുക.

ജ്യേഷ്ഠിചിങ്ങിൽ നിക്ഷിപ്തമായിരുന്നു. ദീർഘകാലം ആഭ്യന്തര സുരക്ഷാ സേനകളുടെ ചുമതല വഹിച്ചിരുന്ന ആളാണ് ലോ ജ്യേഷ്ഠിചിങ്ങ് സാംസ്കാരിക വിപ്ലവകാലത്തെ ശുദ്ധീകരണ പ്രക്രിയയ്ക്കിടയിൽ ഏററവുമാദ്യം താഴെ വീണ ഉന്നതന്മാരിൽ ഒരാളും ഇദ്ദേഹം തന്നെ.

1965ൽ 'പ്രവർത്തനത്തിലൂടെ ഉദ്ധാരണം' എന്ന ആശയം വച്ചു പ്രവർത്തിക്കുന്ന കൃഷിക്കളം പിരിച്ചുവിടപ്പെടുകയും അതു് ഒരു സ്റ്റേററസ്ഥാപനമാക്കി മാററപ്പെടുകയും ചെയ്തു. പഴയ കററവാളികളിൽ പലരും കർഷക കുടുംബങ്ങളായി അവിടെ സ്ഥിരതാമസമാക്കി. പിന്നീട് 1966–68 കാലഘട്ടത്തിൽ ലിയു ഷാവോചി ഇവിടെ വളരെ മോശപ്പെട്ട തരത്തിൽ സ്വാധീനം ചെലുത്തുകയുണ്ടായി. യുവജനങ്ങളിൽ പലരും ഇവിടം വിട്ട് റെഡ്ഗാർഡുകളുടെ കൂട്ടത്തിൽ ചേർന്നു.

''ഇത്ര അകലത്തിൽ കിടക്കുന്ന സ്ഥലങ്ങളിൽ പോലും ലിയുഷാവോചിക്ക് സ്വാധീനം ചെലുത്താൻ കഴിഞ്ഞോ?'' ഞാൻ ഇടയ്ക്ക് കയറി ചോദിച്ചു.

ചോദ്യത്തിനു മറുപടിയെന്നോണം കമാണ്ടറുടെ തൊട്ടടുത്തിരുന്ന ഒരു പഴയപോരാളിയെ എനിക്കു പരിചയപ്പെടുത്തി. ഫാം ബ്രിഗേഡുകളിൽ ഒന്നിന്റെ വൈസ്ചെയർമാനായിരുന്നു അദ്ദേഹം. പരുക്കൻ പുരികങ്ങൾക്കു കീഴെ തുളച്ചുകയറുന്ന കണ്ണുകളും ചുളിഞ്ഞ മുഖവും. ഇടയ്ക്കിടെ പല്ലു കൂട്ടിഞ്ഞെരിക്കുമ്പോൾ ഒരു ജോടി പല്ലുകൾ പുറത്തു കാണാനുണ്ടായിരുന്നു. വാങ്ങ്മിങ്ങ് തെ എന്നാണദ്ദേഹത്തിന്റെ പേർ. കണ്ടാൽ ഒരു നൂറു വയസ്സെങ്കിലും പ്രായം തോന്നും. പക്ഷെ പിന്നീട് ഒരു യുവാവിന്റെ പ്രസരിപ്പോടെ അദ്ദേഹം വയലുകളിലൂടെ ചാടിച്ചാടി നടക്കുന്നതു് ഞാൻ കാണുകയുണ്ടായി. തനിക്ക് അറുപത്താറു വയസ്സ് പ്രായമുണ്ടെന്നു് അദ്ദേഹം ഞങ്ങളോടു പറഞ്ഞു. വാങ്ങും ചൂവും ഹുനാനിൽ വച്ച് പഴയ റെഡ് ആർമിയുടെ ഒരേ റെജിമെന്റിൽ, ഒരേ സ്ക്വാഡിൽ ഒരേ ദിവസം (1933ൽ) ചേർന്നവരാണ്. അന്നുതൊട്ട് ഇന്നുവരേയും എല്ലാകാര്യങ്ങളിലും അവർ ഒരുമിച്ചുതന്നെ നിലകൊള്ളുന്നു.

വാങ്ങ് നൂറുകണക്കിനു യുദ്ധങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. അലസമായ സംഭാഷണത്തിനിടയ്ക്ക് താൻ പങ്കെടുത്ത ഓരോ

യുദ്ധത്തെക്കുറിച്ചും വിശദമായി വിവരിക്കാൻ അദ്ദേഹം സന്നദ്ധനാണെന്നു തോന്നി; നന്നിവാനിലെ 'ക്രൂരമായ പഴയ കാലത്തെക്കുറിച്ച് അനുസ്മരിക്കുമ്പോൾ' അദ്ദേഹം ആവേശഭരിതനായിത്തീരുന്നു. അദ്ദേഹവുമായി സംസാരിക്കെ എനിക്കോർമ വന്നതു് ജോൺ സ്റ്റെയിൻ ബക്കിന്റെ ''ജനങ്ങളുടെ നേതാവ്'' എന്ന ചെറുകഥയിലെ കാലിഫോർണിയക്കാരനെയാണ്. റോക്കിസ് മല നിരകൾക്കു കുറുകെ ഒരു വാഗൺ ടെയിൻ ഓടിച്ച കാലിഫോർണിയക്കാരൻ. ആ വിഷയത്തെക്കുറിച്ചു തുടങ്ങിയാൽ പിന്നെ അയാൾ നിറുത്തുന്ന പ്രശ്നമേയില്ല.

വാങ്ങ് അവസാനമില്ലാത്ത, ആവേശകരമായ, അനുഭവകഥനം തുടർന്നു കൊണ്ടിരിക്കെ സമയം പോയതറിഞ്ഞില്ല. ആദ്യകാലത്തു സൈനികർ നിർമിച്ചിരുന്ന കമ്പിളിതുണികൾക്കു നിറം കൊടുക്കാൻ ഒരു തരം പൂപ്പിൽ നിന്നു 'മനോഹരമായ ചായം' ഉണ്ടാക്കിയതിന്റെ കഥ.... അങ്ങിനെയങ്ങിനെ ....ലിയുഷാവോചിയെ കുറിച്ചുള്ള എന്റെ ചോദ്യം സംഭാഷണത്തിനിടയ്ക്കു മുങ്ങിപ്പോയി. തന്മൂലം അത്ര അകലെയുള്ള ഒരു പ്രദേശത്തുപ്പോലും ലിയുവിനു സ്വാധീനം ചെലുത്താൻ കഴിഞ്ഞതെങ്ങിനെ എന്ന സംശയം പരിഹരിക്കപ്പെടാതെ കിടന്നു.

ആ 'മോശപ്പെട്ട വർഷങ്ങൾ'ക്കു ശേഷം (1966–'67) കൃഷിക്കളത്തിന്റെ ചുമതല സായുധസേന ഏറ്റെടുത്തു. ഇപ്പോൾ (1970) ഉത്പാദനം ഒട്ടു വളരെ മെച്ചപ്പെട്ടിരിക്കുന്നു. ഇപ്പോഴുള്ള ലക്ഷ്യങ്ങൾ കൈവരിച്ചു കഴിയുമ്പോൾ നന്നിവാനിലെ കാർഷികോല്പാദനം മററ് സ്റ്റേററ ഫാമുകളിലെ ഏററവും നല്ല വിളവുല്പാദന റിക്കാർഡുകളോടൊപ്പം എത്തുന്നതാണ്.

കമ്പണ്ടർ ചൂ ഞൽകിയ വിവരങ്ങളനുസരിച്ച് നന്നിവാൻ കൃഷിക്കളത്തിന്റെ കീഴിൽ ധാന്യങ്ങൾ പഴവർഗങ്ങൾ എന്നിവ കൃഷിചെയ്യുന്ന പ്രദേശങ്ങളും വനഭൂമിയുമടക്കം 18000 ഹെക്ടാർ സ്ഥലമുണ്ട്. വളരെക്കാലമായി അവിടെ താമസമുറപ്പിച്ചിട്ടുള്ള കർഷക കുടുംബങ്ങൾ, പാർടി കാഡറുകൾ, വിദ്യാർഥികൾ, മുൻ റെഡ്ഗാർഡുകൾ എന്നിവരടക്കം ഏതാണ്ട് 30000 ആളുകൾ അദ്ദേഹത്തിന്റെ നേതൃത്വത്തിൻ കീഴിലുണ്ട്; അവർക്ക് പിന്തുണ നൽകികൊണ്ട് ഒരു സൈനിക–തൊഴിലാളി –കർഷക റെജിമെന്റും. • •

ഫാമിലെ ഉൽപ്പന്നങ്ങളുടെ മുഴുവൻ ഉടമസ്ഥാവകാശം സ്റ്റേററിനാണ്. മററ് സ്റ്റേററുഫാമുകളിലെന്ന പോലെ കൂലി വ്യവസ്ഥയിലാണ് ഇവിടെ പ്രവർത്തനങ്ങൾ നടക്കുന്നത്. എല്ലാ വർക്കും സൗജന്യ പാർപ്പിടങ്ങൾ നൽകപ്പെടുന്നു. ശരാശരി പ്രതിമാസ വേതനം നാല്പത് യുവാനാണ്. ഇത് ഫാക്ടറികളിൽ അർധ വിദഗ്ധ തൊഴിലാളികൾക്ക് ലഭിക്കുന്ന ശരാശരി പ്രതിമാസ വേതനത്തെക്കാൾ അൽപ്പം കുറവാണ്; അതേസമയം ഒരു ഫാം കമ്യൂൺ അംഗത്തിന് പണമായി കിട്ടുന്ന വേതനത്തേക്കാൾ അൽപ്പം കൂടുതലും. നന്നിവാനിൽ തൊഴിലാളികൾ തങ്ങളുടെ ക്ഷേമച്ചെലവ് സ്വയം വഹിച്ചേതീരൂ. ഇത് പ്രതിമാസം പന്ത്രണ്ട് യുവാനോളം വരും. സ്വന്തമായി വീടുകളും അടുക്കളത്തോട്ടവും സ്വകാര്യ കൃഷി സ്ഥലങ്ങളുമുള്ള കർഷക കുടുംബങ്ങൾക്ക്, വർക്ക പോയിൻറുകളുടെ അടിസ്ഥാനത്തിൽ മേൽ സൂചിപ്പിച്ചതിനെക്കാൾ കുറഞ്ഞ വേതനം, പണമായി നൽകുന്നു.

ഉന്നതരായ പാർട്ടി പ്രവർത്തകരുടെ പുനർ വിദ്യാഭ്യാസത്തിനായിട്ടുള്ള "മെയ് ഏഴ് സ്കൂളാണ് നന്നിവാനിലെ ഏററവും ശ്രദ്ധേയമായ സ്ഥാപനം. മററ് രാജ്യങ്ങളിൽ സാധാരണമല്ലാത്ത ചില സായുധസേനാ പ്രവർത്തനങ്ങളെക്കുറിച്ച് കൂടി വിവരിച്ചശേഷം ഞാൻ മെയ് ഏഴ് സ്കൂളുകളെക്കുറിച്ച് വിശദമായി പറയാം.

വളരെക്കാലമായിതന്നെ സ്റ്റേററ് ഉടമയിലുള്ള നിരവധി കൃഷിക്കളങ്ങൾ, അതിർത്തി പ്രദേശങ്ങളിലുള്ളവയെല്ലാം തന്നെ, ഏതെങ്കിലും തരത്തിലുള്ള സായുധസേനാ മേൽനോട്ടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. പക്ഷേ സാംസ്കാരിക വിപ്ലവകാലത്ത് ഈ സമ്പ്രദായം കൂടുതൽ വ്യാപകമാവുകയുണ്ടായി. സൈബീരിയയിൽ നിന്ന് ഏറെ അകലെയല്ലാതെ സ്ഥിതി ചെയ്യുന്ന കിയാമൂസെ(ചിയമാഡു) സ്റ്റേററ്ഫാം ഞാൻ നേരത്തെ സന്ദർശിച്ചിട്ടുണ്ട്. ഇവിടത്തെ പ്രവർത്തനങ്ങളുടെ ഏതാണ്ട് 90 ശതമാനവും യന്ത്രവൽക്കരിക്കപ്പെട്ടിരുന്നു. അതു ശരിക്കും വേതനാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു ഫാക്ടറി ഫാം ആയിരുന്നു. കാർഷിക കമ്യൂണുകളുടെ കാര്യത്തിൽ യന്ത്രവൽക്കരണത്തിൻെറ തോതു് 15 ശതമാനത്തിൽ കുറവും

ണ്. ഇത്തരം ഫാമുകളിൽ ഉടമസ്ഥാവകാശം, കണക്കുകൾ എന്നിവയെല്ലാം സൈദ്ധാന്തികമായി, ഒരു വലിയ അളവുവരെ, പ്രായോഗികമായും, ഗ്രാമീണരുടെ ചുമതലയിലാണ്. ഏററവുമവസാനം ലഭിച്ച ഔദ്യോഗിക കണക്കുകൾ അനുസരിച്ച് സ്റ്റേററുഫാമുകളുടെ അധീനതയിലുള്ള മൊത്തം ഭൂമിയുടെ വിസ്തൃതി ഏതാണ്ട് 10000000 ഏക്കറായിരുന്നു; മൊത്തം കൃഷി ഭൂമിയുടെ ഏതാണ്ട് നാലു ശതമാനമാണിത്. ഇപ്പോൾ അത് 50 ശതമാനം കണ്ട് വർധിച്ചിരിക്കും.

ജനകീയ വിമോചന സേനയുടെയും അതിൻെറ പാർടി നേതൃത്വത്തിൻെറയും ചുമതലയിലുള്ള സ്റ്റേററ് ഫാമുകൾ എല്ലാ സംസ്ഥാനങ്ങളിലും എല്ലാ മുന്നണി പ്രദേശങ്ങളിലും കാണാം. മെയ് ഏഴ് സ്കൂളുകളുടെ നേതൃത്വത്തിൽ പുതുതായി വെട്ടിത്തെളിയിക്കപ്പെട്ട ഭൂപ്രദേശങ്ങളെല്ലാം ''മുഴുവൻ ജനതയുടെയും അധീനതയിലാണ്.'' സായുധസേനയുടെ നിർമാണ വിഭാഗമാകട്ടെ, കടൽത്തീരങ്ങളിലും കായലോരങ്ങളിലുമുള്ള നിലം നികത്തിയെടുത്ത് സ്റ്റേററുടമയിലുള്ള കാർഷിക പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുക എന്ന ചുമതലയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു.

സായുധസേനയുടെ ആഭിമുഖ്യത്തിൽ തുർക്കിസ്ഥാൻ തൊട്ട് മഞ്ഞുമൂടിയ സൈബീരിയൻ അതിർത്തിവരെയുള്ള എല്ലാ പ്രദേശങ്ങളിലും, കുടി പ്രദേശങ്ങൾ നിർമിച്ചു. അവിടങ്ങളിലെല്ലാം സുരക്ഷാ വ്യവസ്ഥയുമായി ഇടപഴകിക്കൊണ്ടുള്ള പുതിയ സാമൂഹിക ജീവിതം നാമ്പിട്ടു. ഏതാണ്ട് 5000 നാഴിക നീണ്ടുകിടക്കുന്ന ചൈനീസ് റഷ്യൻ അതിർത്തിയിൽ നിസ്സൈനീകരണം നടപ്പാക്കുന്നതിനുള്ള ഒരു പ്രധാനതടസ്സം ഇതായിരുന്നുവത്രേ. അതിർത്തിക്കപ്പുറമുള്ള ചൈനീസ് പ്രദേശങ്ങളിൽ പലയിടത്തും ജനങ്ങൾ ഇടതിങ്ങിപാർക്കുന്നുണ്ട്. മറിച്ച് റഷ്യൻ പ്രദേശത്താകട്ടെ, റഷ്യയുടെ സൈബീരിയൻ മംഗോളിയൻ അതിർത്തിയിലുള്ള നാഴിക കണക്കിനു പ്രദേശത്ത് സൈനികരല്ലാതെ മററാരും താമസമില്ല. ലക്ഷക്കണക്കിനു

---

3 ഒരു അഭിമുഖസംഭാഷണത്തിനിടക്ക് (ഡിസംബർ 12,1964) കാർഷിക വകുപ്പിലെ ഉപമന്ത്രി വൂചെൻ നൽകിയതാണ് ഈ കണക്കുകൾ

സൈനികരെ എല്ലാ വിധ സന്നാഹങ്ങളോടും കൂടി (കാര്യമായ പ്രാദേശിക പിന്തുണയെന്നുമില്ലാതെ) അതിർത്തിപ്രദേശത്തു നിലനിർത്തുക എന്നതു് റഷ്യക്കാരെ സംബന്ധിച്ചിടത്തോളം വമ്പിച്ചൊരു സാമ്പത്തിക ബാധ്യതയാണു്. മറിച്ച് ചൈനീസ് സേനകളാകട്ടെ, പ്രാദേശിക സ്റ്റോറ് ഫാമുകളുമായി അഭേദ്യമായി ബന്ധപ്പെട്ടു കഴിയുകയാണു്. തന്മൂലം അവർ ഏറെക്കുറെ സ്വയം പര്യാപ്തരുമാണു്. ഇത്തരമൊരു പരിതസ്ഥിതിയിൽ ഈ ഭാഗത്തെയും സായുധസേനകൾ അതിർത്തിയിൽ നിന്നു് പിൻ വലിയുകയാണെങ്കിൽ (ചില പ്രദേശങ്ങളിൽ ഏതാണ്ടു് 10 കി.മീ വരെ) റഷ്യൻ ഭാഗം തികച്ചും ശൂന്യമായിക്കാണും. അതേ സമയം ചൈനീസ് പ്രദേശങ്ങളിലാകട്ടെ കുടിയേറിപ്പാർപ്പുകാരുടെ (അതോ സന്നദ്ധ സേനാംഗങ്ങളോ) വലിയൊരു കൂട്ടം തന്നെ കാണും. ഈ ചുററുപാടുകൾ സോവിയററ് അധികാരികളെ അലോസരപ്പെടുത്തി

കുടിയേററക്കാരായും തൊഴിൽ സേനാംഗങ്ങളായും സായുധ സേനാംഗങ്ങളായുംവരുന്നവർ ആരാണു്? ഇക്കൂട്ടത്തിൽ പാർടി കാഡർമാരുടെ ശതമാനം നന്നെ ചെറുതാണു്. പുതിയ വിദ്യാഭ്യാസ സമ്പ്രദായമനുസരിച്ച്, മിഡിൽ സ്കൂൾ വിദ്യാർഥികൾ അവരുൾപ്പെടുന്ന സ്കൂൾ ഡിസ്ട്രിക്റ്റോ കമ്പനിയുടെയോ തീരുമാനമനുസരിച്ച് ഉന്നത വിദ്യാഭ്യാസത്തിനു പോകുന്നതിനു മുൻപ് മൂന്നു വർഷം കായികാധ്വാനത്തിൽ ഏർപ്പെടുവാൻ ബാധ്യസ്ഥരാണു്. എത്ര വിദ്യാർഥികളെ യൂണിവേഴ്സിററികളിലേയ്ക്കയക്കണം, എത്ര പേരെ സായുധ സേനയിലേയ്ക്കയക്കണം, എത്ര ആളുകളെ വീതം ഫാക്ടറികളിലേക്കും, ഫാമുകളിലേക്കും മുന്നണി പ്രദേശങ്ങളിലേക്കും അയക്കണം തുടങ്ങിയ കാര്യങ്ങൾ മേഖലാ വിപ്ലവക്കമ്മററികളുടെ പരിപാടികൾക്കനുസൃതമായി, അതത് വിദ്യാലയങ്ങൾ തന്നെ തീരുമാനിക്കുന്നു. ഇങ്ങനെ അയയ്ക്കപ്പെടുന്ന യുവാക്കൾ പരിശീലനാർത്ഥികളായി കണക്കാക്കപ്പെടുന്നു. അവർക്കു് ഭക്ഷണവും വസ്ത്രവും 'പോക്കററു മണി' എന്ന നിലയ്ക്കു് ചില്ലറപ്പണവും നൽകുന്നു.

സായുധസേനയുടെ നിർമാണവിഭാഗം ഇതിനകം ലക്ഷക്കണക്കിനു യുവാക്കളെ—ഏത്ര പേരെന്നു് കൃത്യമായി ഒരു വി

ദേശിക്കമറിഞ്ഞുകൂടാ—പരിശീലിപ്പിച്ച് നഗരങ്ങളിലെ, വിദഗ്ധ, അവിദഗ്ധ തൊഴിലാളി കളോടൊപ്പം ചേർത്തുകഴിഞ്ഞിട്ടുണ്ട്. ഇവരിൽ പലരും തങ്ങളുടെ നിർമാണ പ്രവർത്തങ്ങൾ നടക്കുന്ന സ്ഥലത്തു തന്നെ സ്ഥിരതാമസം തുടങ്ങി.

ഇതിനു പുറമേ വൻതോതിൽ വനം നട്ടുപിടിപ്പിക്കുന്ന പ്രവർത്തനങ്ങളിലും തന്ത്രപ്രധാനമായ അണക്കെട്ടുകൾ, പവർ പ്ലാൻറുകൾ, ടണ്ണലുകൾ, പാലങ്ങൾ, റോഡുകൾ എന്നിവയുടെ നിർമാണത്തിലും സായുധ സേന ഏർപ്പെട്ടു വരുന്നു. പരിസര മലിനീകരണ പ്രവർത്തനങ്ങളിലും അതിനു വലിയൊരു പങ്കുണ്ട്. സാംസ്കാരിക വിപ്ളവകാലത്താണ് ജനകീയ വിമോചന സേനയുടെ നിർമാണ വിഭാഗം വിയററ്നാമിനെ തുർക്കിസ്ഥാനുമായി ബന്ധിപ്പിക്കുന്ന, ദുഷ്കരമായ ചെങ്ങ്തു—കൻമിങ്ങ് റെയിൽ പാതയുടെ നിർമാണം പൂർത്തിയാക്കിയതു്. പെക്കിങ്ങിൽ അവർ പുതിയൊരു സബ്വെ നിർമിക്കുകയുണ്ടായി. ചൈനയിൽ വാർത്താ വിനിമയ ശൃംഖലയുടെ മേൽനോട്ടം മുഴുവൻ വഹിക്കുന്നതു് സായുധ സേനയാണ്. വിപുലമായ വ്യോമാക്രമണ പ്രതിരോധ ഷെൽട്ടറുകൾ ഏർപ്പെടുത്തിയതും സായുധ സേനയുടെ മേൽനോട്ടത്തിൽ തന്നെ. ഷാങ്ഹായിലെ കപ്പൽ നിർമാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതു് നേവി ഓഫീസമാരാണ്. ഗ്രാമപ്രദേശങ്ങളിലെ കമ്യൂണുകളിൽ, സന്നദ്ധസേന മുതൽ ബ്രിഗേഡ് ഉല്പാദന ടീം തലം വരെയുള്ളവർ സായുധ സേനയെ പ്രതിനിധീകരിക്കുന്നു. എല്ലാ പ്രതിരോധ, ന്യൂക്ലിയർ വ്യവസായങ്ങളും ജനകീയ വിമോചന സേനയുടെ നിയന്ത്രണത്തിൻ കീഴിലാണ് പ്രവർത്തിക്കുന്നതു്.

സംഘടിത സാംസ്കാരിക ജീവിതരംഗങ്ങളിലും, വിപ്ലവ കമ്മററികളുടെ മേൽനോട്ടം സംബന്ധിച്ചുള്ള പല മുഖ്യ ചുമതലകളും വഹിക്കുന്നതു് സായുധസേനയിലെ ഓഫീസർമാരാണ്. ഈ മുക്കൂട്ടുമുന്നണിയിൽ (വിശ്വസ്തരായ പാർട്ടി ക്യാഡർമാർ, ബഹുജന സംഘടനാ പ്രതിനിധികൾ, ഉത്തരവാദിത്ത ബോധമുള്ള സായുധസേനാ പ്രതിനിധികൾ) നിയന്ത്രണം മുഴുവൻ ഒരു ന്യൂനപക്ഷമായ 'ഉത്തരവാദിത്തമുള്ള' വരുടെ കൈവശമായിരുന്നു. മിക്ക സന്ദർഭങ്ങളിലും മുന്നണിക്കു നേതൃത്വം

നൽകുന്നതും അവർതന്നെ. യൂണിവേഴ്സിററികളും ആശുപത്രികളും മാത്രമല്ല, ജനകീയ വിമോചനസേനയുടെ സൈദ്ധാന്തിക നിർദേശങ്ങൾക്ക് വിധേയമായി പ്രവർത്തിച്ചിരുന്നത്. സിയാനിൽ, ഞങ്ങൾ അണിയറയിൽവച്ച് സന്ദർശിക്കാനിടയായ ഒരു ബാലെകമ്പനിയുടെയും, ഷാങ്ഹായിലെ മറെറാരു ബാലെസംഘത്തിൻെറയും സ്ഥിതി പോലും വ്യത്യസ്തമായിരുന്നില്ല.

യൂണിഫോറം ധരിക്കാത്ത ഒരാൾ ഡയറക്ടർ സ്ഥാനം വഹിക്കുന്ന ഒരേയൊരു സ്ഥാപനമേ എനിക്കു കാണാൻ കഴിഞ്ഞുള്ളൂ നന്നിവ്വാനിലെ മെയ് ഏഴ് സ്കൂൾ.

17

ആലീസ് നന്നിവാനിൽ

ചൈനയിൽ നിന്ന് ദൂരെമാറി നിന്നുകൊണ്ട് മെയ്ഏഴ് സ്കൂളുകളെ കുറിച്ച് എഴുതാൻ തുനിയുമ്പോൾ ഏതോ മായാലോകത്ത് സംഭവിക്കുന്ന ഒരു കാര്യത്തെക്കുറിച്ച് എഴുതുന്നതോന്നലുളവാകുന്നു. അവിടെവച്ച് മെയ് ഏഴ് സ്കൂളുകൾ സന്ദർശിച്ചപ്പോൾ, അവ തികച്ചും വിശ്വസനീയമായ, നല്ലൊരു സംരംഭമാണ് എന്നെനിക്കു തോന്നിയിരുന്നതാണ്. പക്ഷെ, ഇക്കാര്യം പുറത്തുള്ളവർക്ക് വിശദീകരിച്ചു കൊടുക്കുന്നതെങ്ങിനെ? ഈ സന്ദർഭത്തിൽ ആലീസിന് ചെമപ്പ് റാണി നൽകിയ ഉപദേശമാണ് ഓർമവരുന്നത്: ''എന്തുപറയണം എന്നതിനെപ്പററി ചിന്തിക്കുമ്പോൾ തന്നെ കമ്പിട്ടോളൂ. അതുകൊണ്ട് ഒരു പാട്ട് സമയം ലാഭിക്കാം.'' അല്ലെങ്കിൽ, ''തുടക്കത്തിൽനിന്നു തുടങ്ങുക, അവസാനമെത്തുംവരെ മുന്നോട്ടുപോവുക: പിന്നെ നിർത്തുക.''

ഒരർഥത്തിൽ യാഥാർഥ്യമാണെന്നു വിശ്വസിക്കാൻ പററാത്തത്ര നല്ലതാണ് മെയ് ഏഴ് സ്കൂളുകൾ. പരിഷ്ക്കർത്താക്കൾക്കുള്ള 'പരിഷ്ക്കരണ വിദ്യാലയങ്ങളാണവ. അധ്വാനത്തിലൂടെ പരിഷ്ക്കരണം എന്ന ലക്ഷ്യം വച്ചു പ്രവർത്തിച്ചിരുന്ന നന്നിവാനിലെ പഴയ കൃഷിക്കളത്തിലെ താമസക്കാരാരും തന്നെ സ്വമനസ്സാലെ അവിടെ എത്തിയവരായിരുന്നില്ല. അന്ന്, കടംപിടുത്തക്കാരായ ചില ജന്മിമാരും, പ്രതിവിപ്ലവകാരികളും സാധാരണ കുററവാളികളുമാണ് അവിടെ താമസിച്ചിരുന്നത്. അവർ ജോലി ചെയ്യുകയും അതോടൊപ്പം സോഷ്യലിസത്തെക്കുറിച്ചുള്ള പാഠപുസ്തകങ്ങൾ പഠിച്ച്, രൂപം കൊണ്ടു വരുന്ന തൊഴിലാളി വർഗ രാഷ്ട്രത്തിലെ നല്ല

പൌരന്മാരായി മാറാൻ ശ്രമിക്കുകയും ചെയ്യുകയായിരുന്നു. നന്ദിവാനിലെ മെയ് ഏഴ് സ്കൂളുകളിൽ—അതുപോലുള്ള മററു സ്കൂളുകളിലും—ഉള്ളതാകട്ടെ പൊതുജനിന്റെ പൊതുവും, അതായതു് സോഷ്യലിസ്റ്റ് പൊതുവും, വീണ്ടും പഠിക്കാൻ സ്വയം സന്നദ്ധത പ്രകടിപ്പിച്ചവരോ അതിനായി തങ്ങളുടെ ഗ്രൂപ്പുകളാൽ നിയോഗിക്കപ്പെട്ടവരോ ആയ പാർടി പ്രവർത്തകരാണ്. അവർ ഇതുവരെ ഉൽപ്പാദന പ്രവർത്തനത്തിൽ നിന്നും യഥാർഥ്യത്തിൽ നിന്നും അകന്നു നിൽക്കുകയായിരുന്നു. ഇപ്പോൾ അവർ പൊതുജനങ്ങളുമായി ഇടപഴകാനും 'കർഷകരിൽ നിന്നും തൊഴിലാളികളിൽ നിന്നും പാഠങ്ങൾ പഠിക്കാനും' സന്നദ്ധരായിരിക്കുകയാണ്.

പ്രശ്നങ്ങളെ, അവയുടെ രാഷ്ട്രീയ പരിഹാര മാർഗങ്ങൾക്കു നിദാനമായ ചരിത്ര പശ്ചാത്തലത്തിൽ വിലയിരുത്തുകയാണെങ്കിൽ, ചൈനയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളെല്ലാം, മറെറല്ലായിടത്തുമെന്നപോലെ, തികച്ചും യുക്തിസഹവും വിശദീകരണക്ഷമവുമാണെന്നു് കാണാം. ''ആവശ്യത്തിന്റെ അംഗീകാരമാണ് സ്വാതന്ത്ര്യം'' മാർക്സിന്റെ അഭിപ്രായം പ്രതിധ്വനിപ്പിച്ചുകൊണ്ട് മാവോ പറയുന്നു. അതു് ശരിയാണെങ്കിൽ മെയ് ഏഴ് സ്കൂളുകൾ ഇതിനപവാദങ്ങളല്ല.

1968 മെയ് ഏഴാംതീയതി ചെയർമാൻ മാവോ പുറപ്പെടുവിച്ച ഒരു നിർദേശമനുസരിച്ചാണ് മെയ് ഏഴ് സ്കൂളുകൾ സ്ഥാപിതമായതു്. മാവോയുടെ നിർദേശം ഇപ്രകാരമായിരുന്നു: ''കായികാധ്വാനത്തിൽ ഏർപ്പെടുക വഴി, അനേകം കാഡർമാർക്കു് പുനർ വിദ്യാഭ്യാസത്തിനുള്ള ഒരൊന്നാന്തരം അവസരമാണ് ലഭിക്കുന്നതു്. എല്ലാ കാഡർമാരും—വൃദ്ധരും അബലരും രോഗബാധിതരും വികലാംഗരുമൊഴികെ—ഈപ്രവർത്തനത്തിൽ ഏർപ്പെടേണ്ടതാണ്.'' അതേവർഷത്തിന്റെ ആരംഭത്തിൽ, സാംസ്കാരിക വിപ്ലവകാലത്തു് 'അനേകായിരം കാഡർമാർ' കായികാധ്വാനത്തിലേർപ്പെടുന്നതിനുവേണ്ടി ഗ്രാമപ്രദേശങ്ങളിലേക്കു് നീങ്ങാൻ പ്രേരിതരായി. സാംസ്കാരിക വിപ്ലവകാലത്തു് അധികാര കേന്ദ്രങ്ങളായി രൂപീകരിക്കപ്പെട്ടതും പാർടിയിലെ സായുധസേനയുടെ നേതൃത്വത്തിലുള്ളതുമായ വിപ്ലവക്കമ്മററികളാണു് ഇതിനു മുൻകൈയെടുത്തതു്.

ഇങ്ങനെ ഗ്രാമപ്രദേശങ്ങളിലേക്ക് കുടിയേറിപ്പാർത്തവരിൽ ചിലർ, വലിയ സ്ഥാപനങ്ങളിൽ ചിലതിന്റെ—യൂണിവേഴ്സിറ്റികൾ, ഫാക്ടറികൾ, ഗ്രാമീണ, നഗര ഭരണസമിതികൾ മുതലായവയുടെ—ഭരണച്ചുമതല വഹിച്ചിരുന്നവരാണ്. മറ്റു ചിലരാകട്ടെ പാർടി വിദ്യാലയങ്ങളിലെ അദ്ധ്യാപകരോ സംഘടനാ മേധാവികളോ ആയിരുന്നു.

''എന്തുകൊണ്ടാണ് ഇക്കൂട്ടർ ഗ്രാമങ്ങളിലേയ്ക്കയയ്ക്കപ്പെട്ടത്? ഉദാഹരണമായി ഒരു യൂണിവേഴ്സിറ്റിയുടെ പ്രസിഡണ്ട്. നഗരങ്ങളിലെ സാംസ്കാരിക ജീവിതമാകെ തന്നെ പഴയ പാതയിലേക്ക് വഴുതി വീഴുകയായിരുന്നു. ''ആർ ബുദ്ധി ഉപയോഗിക്കുന്നുവോ, അവൻ ഭരിക്കുന്നു .ആർ കൈകൊണ്ട് അധ്വാനിക്കുന്നുവോ അവൻ ഭരിക്കപ്പെടുന്നു.'' എന്നൊരു ചൊല്ലുണ്ടല്ലോ. ബൂർഷ്വാ രീതിയിലുള്ള പരിശീലനം സിദ്ധിച്ച,സ്ത്രീ—സർവകലാശാലാ മേധാവികൾ, കൂടുതൽ കൂടുതൽ കഠിനമായ പരീക്ഷകൾ ഏർപ്പെടുത്തി,കർഷക തൊഴിലാളി കുടുംബങ്ങളിൽ നിന്നു വന്ന വിദ്യാർഥികളെ—താരതമ്യേന താഴ്ന്ന സാഹചര്യങ്ങളിൽ നിന്നു വന്നവരെ —പുറന്തള്ളാൻ ശ്രമിച്ചുകൊണ്ടിരുന്നു. പല യൂണിവേഴ്സിറ്റികളും ഹ്രസ്വമായ, ജനങ്ങളുടെ ജീവിതവുമായി നേരിട്ടു ബന്ധപ്പെട്ട കോഴ്സുകൾ ആരംഭിക്കുന്നതിനു പകരം, ആറോ എട്ടോ അതിൽ കൂടുതലോ വർഷത്തെ ദൈർഘ്യമുള്ള വിദഗ്ധ കോഴ്സുകളാണ് ഏർപ്പെടുത്തി വരുന്നത്.

''ഇതിന്റെ സാമൂഹ്യപ്രത്യാഘാതങ്ങൾ, തികച്ചും വ്യത്യസ്തമായ ഒരു സാമൂഹ്യ വ്യവസ്ഥിതിക്കു വേണ്ടി ആഗ്രഹിക്കുന്ന ഒരാളെയും തൃപ്തിപ്പെടുത്തുന്ന വിധത്തിലുള്ളതായിരുന്നില്ല. മാവോ പറഞ്ഞതുപോലെ, യൂണിവേഴ്സിറ്റികൾ സമൂഹത്തിൽ നിരവധി തട്ടുകൾ സൃഷ്ടിക്കാനും സാർഥ പ്രേരണകളാൽ പ്രചോദിതരായ ഒരു പ്രാമാണിക വർഗത്തെ വാർത്തെടുക്കാനും മാത്രമേ സഹായിച്ചിരുന്നുള്ളൂ.''

1971 ൽ നടന്ന, ചൈനയെക്കുറിച്ചുള്ള ഒരു ഗവേഷണ സെമിനാറിൽ അമേരിക്കൻ പണ്ഡിതനായ ജോൺ ഗാർഡ്

നർ അവതരിപ്പിച്ച 'വിദ്യാഭ്യാസം നേടിയ യുവാക്കളും നാഗരിക—ഗ്രാമീണ അസമത്വങ്ങളും' എന്ന പ്രബന്ധത്തിൽ നിന്നുള്ള ഒരു ഭാഗമാണ് മേലുദ്ധരിച്ചത്. ഗാർഡ്നർ ഇപ്രകാരം തുടരുന്നു:

''പ്രൊഫഷണലിസമെന്ന ആശയത്തിന്പ്രീണ്ടും ഊന്നൽ നൽകിയതിന്റെ ഫലമായുണ്ടായ മുഖ്യപ്രത്യാഘാതങ്ങൾ താഴെപറയുന്നവയാണ്: തൊഴിലാളി–കർഷക കുടുംബങ്ങളിൽ നിന്നുള്ള യൂണിവേഴ്സിററി വിദ്യാർഥികളുടെ എണ്ണം ഗണ്യമായി കുറഞ്ഞു. അതേസമയം സീനിയർ കാഡർമാരുടെ കുടുംബങ്ങളിൽ നിന്നും 'ചൂഷക വിഭാഗങ്ങൾ'ക്കിടയിൽ നിന്നും ഉള്ള വിദ്യാർഥികളുടെ എണ്ണം വർധിക്കുകയും ചെയ്തു. പെക്കിങ്ങ് യൂണിവേഴ്സിററിയുടെ കാര്യം പരിശോധിച്ചു നോക്കാം. ഇവിടെ 1958ൽ തൊഴിലാളി, കർഷക കുടുംബങ്ങളിൽ നിന്നും വന്ന വിദ്യാർഥികളുടെ ശതമാനം 67 ആയിരുന്നു. 1962 ആയപ്പോഴേക്കും ഇത് കേവലം 32 ശതമാനമായി കുറഞ്ഞു. അതേസമയം ചൂഷകവർഗ പാരമ്പര്യങ്ങളുള്ള വിദ്യാർത്ഥികളുടെ എണ്ണം ഇരട്ടിച്ചിരുന്നു. യൂണിവേഴ്സിററിയിലെ പ്രൊഫസ്സർ മാരിൽ പലർക്കും തൊഴിലാളിവർഗ പാരമ്പര്യമുള്ള വിദ്യാർഥികളെ പുച്ഛമായിരുന്നു. അവർ അത്തരം വിദ്യാർഥികളെ ''അലങ്കാരപ്പണികൾക്കുവഴങ്ങാത്ത പരുക്കൻ ചായക്കപ്പുകൾ'' എന്നാണ് വിശേഷിപ്പിച്ചിരുന്നത്. രാഷ്ട്രീയാടിസ്ഥാനത്തിലാണ് ഇത്തരം വിദ്യാർഥികൾ യൂണിവേഴ്സിററിയിലെത്തിയത് എന്നതിൽ പ്രൊഫസർമാർക്ക് പ്രതിഷേധവുമുണ്ടായിരുന്നു. 1958ലെ കണക്കു പ്രകാരം ജീവശാസ്ത്ര വിഭാഗത്തിലെ 8 വകുപ്പുകളിലായി പ്രവേശനം നൽകപ്പെട്ട 237 വിദ്യാർഥികളിൽ കേവലം 45 പേർ മാത്രമേ ഒരു കൊല്ലവും തോൽക്കാതെ ബിരുദം നേടുകയുണ്ടായുള്ളു. ബാക്കിയുള്ളവരെല്ലാം പുറത്താക്കപ്പെടുകയോ തോൽപ്പിക്കപ്പെടുകയോ ചെയ്തു.

''പെക്കിങ്ങിൽ ടെക്നിക്കൽ കോളേജിൽ വിദ്യാർഥികളായി പ്രവേശിപ്പിക്കപ്പെട്ട 919 കാഡർമാർ, സായുധസേനാംഗങ്ങൾ എന്നിവരിൽ 500 ലധികം പേരെ 'അരിച്ചുക

ളയുക'യാണുണ്ടായത്. അതുപോലെ സാംഹ്വായിൽ നിന്ന് 200 പേരെയും, പെക്കിങ്ങ് കമേഴ്സ്യൽ കോളേജിൽ നിന്ന് പുറം തള്ളപ്പെട്ട 108 വിദ്യാർഥികളിൽ ഏതാണ്ട് 94 ശതമാനം പേരും തൊഴിലാളി വർഗ പശ്ചാത്തലങ്ങളിൽ നിന്നു വന്നവരായിരുന്നു. ചൈനയെക്കുറിച്ച് ധാരാളം അറിയുന്ന, ചൈനക്കാരുടെ പ്രീതിക്ക് പാത്രീഭൂതയായ ഹാൻ സുയിൻ എന്ന എഴുത്തുകാരി 1967 ൽ ഇപ്രകാരം എഴുതുകയുണ്ടായി: യൂണിവേഴ്സിററികൾ, സീനിയർ മിഡിൽ സ്കൂളുകൾ എന്നിവയിലെ സ്ഥിതിഗതികളെക്കുറിച്ച് നടത്തിയ അന്വേഷണത്തിന്റെ ഫലം തികച്ചും ഞെട്ടിപ്പിക്കുന്നതായിരുന്നു. സോഷ്യലിസ്ററ് ചൈന സ്ഥാപിതമായി 17 വർഷം കഴിഞ്ഞിട്ടും വിദ്യാർഥികളിൽ 40 ശതമാനവും മൊത്തം ജനസംഖ്യയുടെ കേവലം 5 ശതമാനത്തോളം മാത്രം വരുന്ന പഴയ ബൂർഷ്വാ, ജന്മി മുതലാളി കുടുംബങ്ങളിൽ നിന്നുള്ളവരാണ് എന്നതാണ് യഥാർഥ്യം'' 1.

വിദ്യാഭ്യാസമണ്ഡലത്തിലെ വിപ്ലവം എന്നതു് തനിയെ ചർച്ച ചെയ്യപ്പെടേണ്ടതു പ്രാധാന്യമർഹിക്കുന്ന ഒരു വിഷയമാണ്, ഏങ്കിലും ഇവിടെ മെയ് ഏഴ് സ്കൂളുകളെക്കുറിച്ച് വിശദീകരിക്കുന്നതിന്, അത്തരമൊരു വിപ്ലവത്തിന്റെ പ്രസക്തിയെക്കുറിച്ച് ഒരു വിഹഗവീക്ഷണമെങ്കിലും നടത്തിയേ മതിയാവൂ. നന്നിവാനിലെ സ്കൂളിൽ ചില അധ്യാപകന്മാർ ഉണ്ടായിരുന്നുവെങ്കിലും, മുഖ്യമായും തഴക്കവും പഴക്കവും ചെന്ന പാർടി എക്സിക്യൂട്ടീവുകളായിരുന്നു അതിന്റെ ചുമതലക്കാർ. ഇക്കൂട്ടരും ഒരു വിധത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ വിദ്യാഭ്യാസ ചുമതലകൾ വഹിച്ചിരുന്നവരാണ്.

മാനേജ്മെൻറ് കമ്മററിയുടെ ഉപാധ്യക്ഷൻ എന്നാണ് ലിയു യു ഷെങ്ങ് സ്വയം പരിചയപ്പെടുത്തിയതു്. നല്ല ഉയരം. നിവർന്ന് ദൃഢമായ പേശികളോടുകൂടിയ ശരീര പ്രകൃതം. മുപ്പതു വയസ്സിനടുത്ത് പ്രായം തോന്നും. വേറെ ഏതു വിധത്തിൽ നോക്കിയാലും അദ്ദേഹം 'ബുദ്ധിജീവി' വിഭാഗത്തിൽ

---

1 The City in Communist China Palo Alto, Calif., 1971. എഡിററർ ജോൺ വിൽസൺ ലൂയിസ്.

പെടുന്ന ഒരാളാണ് എന്നേ തോന്നൂ. വർഷങ്ങൾക്കു മുൻപ് ബുദ്ധിജീവി എന്നതിന് അക്ഷരാഭ്യാസമുള്ളവൻ എന്നുമാത്രമായിരുന്നു അർഥം. ഇപ്പോഴാകട്ടെ, ചൂരുങ്ങിയതു് മിഡിൽസ്കൂൾ വിദ്യാഭ്യാസമെങ്കിലും നേടിയിട്ടുള്ളവൻ എന്നാണ് ആ പദം കൊണ്ടു് ധ്വനിപ്പിക്കപ്പെടുന്നതു്. രണ്ടുവർഷം മുൻപ് ഒരു ഒക്ടോബർ 4-ാംതീയതി ആ സ്കൂൾ ആരംഭിച്ചതുമുതൽ ലിയു അതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുകയാണ്. ഷെൻഷി സംസ്ഥാനത്തിന്റെ തലസ്ഥാനമായ വിശാലസിയാനിലെ ''സംഘടനകളിൽനിന്നു് തിരഞ്ഞെടുത്ത''467 ആളുകളെ വച്ചുകൊണ്ടാണ് സ്കൂൾ പ്രവർത്തനമാരംഭിച്ചതു്.

അവർ വിദ്യാർഥികൾ എന്നല്ല, മറിച്ചു് 'മെയ് ഏഴ് പോരാളികൾ' എന്നാണ് സ്വയം വിശേഷിപ്പിച്ചു വരുന്നതു്, ലിയു വിശദീകരിച്ചു.

''സിയാൻ മുൻസിപ്പാലിറ്റി തലത്തിലും അടുത്ത പ്രദേശങ്ങളിലെ കൗണ്ടിതലങ്ങളിലും ഉള്ള സീനിയർ നേതാക്കന്മാരെ പരിശീലിപ്പിച്ചെടുക്കുക എന്നതാണ് ഞങ്ങളുടെ മുഖ്യലക്ഷ്യം. ഞങ്ങളുടെ അടിസ്ഥാനാദർശങ്ങൾ ഇവയൊക്കെയാണ്: മാവോ സെ തുങ്ങ് ചിന്തയ്ക്ക് അനുസൃതമായി പ്രവർത്തിക്കുക, ഞങ്ങളുടെ സ്വന്തം ലോകവീക്ഷണം ഉടച്ചു വാർക്കുക, കാഡർമാരെ തൊഴിലാളികളിൽ നിന്നും കർഷകരിൽ നിന്നും കാര്യങ്ങൾ പഠിക്കാനും അവരുമായി അടിസ്ഥാനപരമായി യോജിച്ച് പ്രവർത്തിക്കാനും പ്രേരിപ്പിക്കുക, പഠനത്തിനിടയ്ക്ക് പൊതു ജനപ്രവർത്തനം നടത്താനും ബൂർഷ്വാ വീക്ഷണങ്ങളെ വിമർശിക്കുന്നതോടൊപ്പം കായികാധ്വാനം ചെയ്യാനും പഠിക്കുക.

''പഴയ പാർടി സ്കൂളുകൾ അധ്വാനവുമായോ ബഹുജനങ്ങളുമായോ ബന്ധമില്ലാത്തവയായിരുന്നു. ഞങ്ങളുടെ സ്കൂൾ പഴയ രീതിയിലുള്ള, ഉൽപ്പാദനത്തിനു മാത്രം ഊന്നൽ നൽകിയിരുന്ന സ്റ്റേറ്റ് ഫാമുകളിൽ നിന്നും വ്യത്യസ്തമാണ്. ഏകദേശം രണ്ടു വർഷത്തെ പരിശീലനത്തിനുശേഷം തങ്ങൾ 414 വിപ്ലവ കാഡറുകളെ പുറത്തു വിട്ടു കഴിഞ്ഞു. അവരിൽ ചിലരൊക്കെ നഗരങ്ങളിലേക്ക് മടങ്ങിയിട്ടുണ്ട്. എങ്കിലും പലരും ഗ്രാമപ്രദേശങ്ങളിൽ സ്ഥിരതാമസമാക്കിയിരിക്കുന്നു. ഇനി എന്തെങ്കിലും ചോദിക്കാനുണ്ടോ?''

ആരാണി ലിയു? അതേ സ്കൂളിൽ നിന്നുതന്നെ വിദ്യാഭ്യാസം നേടിയ ലിയു രാഷ്ട്രീയ നേതാവെന്ന നിലയിൽ അവിടെ തന്നെ തുടരുകയാണ്. പക്ഷെ അതിനു മുൻപോ? അതിനു മുൻപ് അദ്ദേഹം 'നഗരത്തിലെ യുവജനപ്രവർത്തന' നേതാക്കളിൽ ഒരാളായിരുന്നു. യുവ കമ്യൂണിസ്റ്റ് ലീഗിന്റെ സെക്രട്ടേറിയേറ്റിൽ അംഗമായിരുന്നിരിക്കണം. ലിയുവിന്റെ തൊട്ടടുത്ത് സാമാന്യം സുന്ദരിയായ ഒരു യുവതി ഇരിപ്പുണ്ടായിരുന്നു; ഹ് സു ച്യു ഫെങ്ങ്. സിയാനിലെ ടുങ്ങ് ഫാങ്ങ് ഹ്സങ്ങ് (കിഴക്കു ചുവപ്പാണ്) കമ്യൂണിന്റെ കിഴക്കൻ സെക്ഷനിലെ പാർടി അധ്യക്ഷയാണ് അവർ. ഇപ്പോൾ അവർ സ്ക്കൂളിലെ നെൽ കൃഷിക്കാരുടെ ഒന്നാം കമ്പനിയിലാണ്. അവിടത്തെ അടുക്കളയുടെ ചുമതല വഹിച്ചിരുന്നതും അവർ തന്നെയാണെന്നു തോന്നുന്നു. അതിനിടയിൽ അടുക്കളയിൽനിന്നും പന്നിയിറച്ചി, ചോളക്ഷല, പൊരിച്ച മധുരക്കിഴങ്ങ്, സ്ക്വാഷ്, പാല്, മുട്ട പൊരിച്ചത്, ആപ്പിൾ തുടങ്ങി സ്ക്കൂളിലെ കൃഷിക്കളത്തിൽ തന്നെ ഉൽപ്പാദിപ്പിച്ച ഒരു ഡസനിലേറെ സ്വാദിഷ്ട സാധനങ്ങൾ നിറഞ്ഞ ട്രേ റ്റുകൾ ഞങ്ങളുടെ മുന്നിൽ നിരന്നു.

അവിടെ അവർക്ക് ഏകദേശം 920 മൗ (153 ഏക്കർ) നിലവും 53 പശുക്കളും 300 ലേറെ പന്നികളും ഒട്ടനവധി താറാവുകളും കോഴികളും ഉണ്ട്. 800 ലധികം മൗ നിലത്ത് നെല്ലും മററു ധാന്യങ്ങളുമാണ് കൃഷിചെയ്തിരുന്നത്. കഴിഞ്ഞ വർഷത്തെ ധാന്യോൽപാദനം ഏതാണ്ട് 170000 'കട്ടി' (85 ടൺ) ആണ്. 40 മൗ സ്ഥലത്ത് പച്ചക്കറികളും പഴങ്ങളും കൃഷി ചെയ്യുന്നു. 50 മൗ നിലത്ത് ഉരുളക്കിഴങ്ങും 30 മൗ നിലത്ത് ചണവും കൃഷിചെയ്യുന്നുണ്ട്. അധ്വാനിക്കാൻ കഴിവുള്ള 216 'മെയ് ഏഴ് പോരാളി'കളാണ് ഇപ്പോൾ അവിടെയുള്ളത്. ഇതിൽ നാലിലൊരു ഭാഗം സ്ത്രീകളാണ്. ശരാശരി വയസ് 30നും 40നും മധ്യേയാണ്. അറുപതു കഴിഞ്ഞ ഏതാനും പേരും ഉണ്ട്. അടുത്തുള്ള ഏഴ് ഡോക്ടർമാരും ഉൾപ്പെടുന്നു. ഭക്ഷണം, പാർപ്പിടം, ഇന്ധനം—അവർ ഒരു ചെറിയ അണക്കെട്ടും പവർ പ്ലാൻറും പണിതു കഴിഞ്ഞിരിക്കുന്നു—എന്നിവയുടെ കാര്യത്തിൽ അവർ ഏറെക്കുറെ സ്വയം പര്യാപ്തി നേടി

2 ഒരു 'മൗ' ഏതാണ്ട് ഒരേക്കറിന്റെ ആറിലൊന്നാണ്.

യിരിക്കുന്നതായി തോന്നി. എങ്കിലും ജീവിതരീതി ഇപ്പോഴും അപരിഷ്കൃതം തന്നെയാണ്.

ഈ 'പോരാളികൾ' കുറെയേറെ കന്നി നിലങ്ങൾ കൃഷിക്കു പയുക്തമാക്കിതീർത്തിട്ടുണ്ട്. അവർ കൈകൊണ്ടു വെട്ടിയെടുത്ത മരത്തടികൾ ഉപയോഗിച്ച് വീടുകളും മരസ്സാമാനങ്ങൾ തീർത്തു. എല്ലാവിധ പ്രവൃത്തികളും അവർ സ്വയം ചെയ്യും— ഇടയ്ക്കൊക്കെ സ്റ്റേററ്ഫാമിൽ നിന്നുള്ള കർഷകരുടെ ഉപദേശം തേടാറുണ്ട്. ഒഴിവു സമയങ്ങളിൽ സായുധസേനാ നേതാക്കളുടെ നേതൃത്വത്തിൽ അവർ പഠിക്കുകയും രാഷ്ട്രീയചർച്ചകൾ നടത്തുകയും ചെയ്യുന്നു. ആറുമാസമോ ഒരു കൊല്ലമോ കഴിയുമ്പോൾ അവർ മാവോ ആക്ററിവിസ്ററുകളായി തീർന്നു എന്നുവരും. ആരാണ് ആക്ററിവിസ്ററ് എന്നറിയപ്പെടുന്നത്? ഒരാളെപ്പററി അയാളുടെ സ്ലോഗൻ, അയാൾ കേവലമൊരു നല്ല 'വിദ്യാർഥി' മാത്രമല്ല, മറിച്ച് സ്വന്തം ജീവിതത്തിൽ മാവോ ചിന്ത ജീവത്തായ മട്ടിൽ പ്രയോഗിക്കുന്നവൻ കൂടിയാണ് എന്നു തീരുമാനിക്കുമ്പോഴാണ് അയാൾ ആക്ററിവിസ്റ്റായി കണക്കാക്കപ്പെടുന്നത്.

സ്കൂളിലെ അന്തേവാസിയായിരിക്കുന്നവർക്കെല്ലാം അവരുടെ ക്യാഡർ, റാങ്ക് എന്നിവയുടെ അടിസ്ഥാനത്തിൽ നേരത്തെ ലഭിച്ചിരുന്ന വേതനം തന്നെ ലഭിച്ചു വരുന്നതായി എനിക്കറിയാൻ കഴിഞ്ഞു. അവരുടെ കുടുംബങ്ങൾ, പഴയതു പോലെ തന്നെ ജീവിച്ചു പോന്നു.

മാനേജിങ്ങ് കമ്മററിയിൽ 30 പേരാണ് ഉണ്ടായിരുന്നത്. ഞങ്ങൾ ചൂലുക്ഷേണം കഴിച്ചുകൊണ്ടിരിക്കെ, വിവിധ വിഭാഗങ്ങളുടെ തലവന്മാരുമായി അഭിമുഖ സംഭാഷണം നടത്തിക്കൊണ്ടിരുന്നു. ഒന്നാന്തരം ആഹാരം. ഹോട്ടലുകളുടെ ആർഭാടമൊന്നുമില്ല. കഴിക്കുന്നതോ, പരിഷ്കരണ വിധേയരായ പരിഷ്ക്കർത്താക്കളുടെ കൂടെയും. അതു് തികച്ചും ആവേശകരമായ ഒരനുഭവം തന്നെയായിരുന്നു.

അല്ലട്ടത്തിലൊരാളാണ് നാൽപ്പത്തെട്ടുകാരനായ താൻ ചുങ്ങ്. ഊത നിറത്തിലുള്ള ഒരു ജാക്കററാണ് അദ്ദേഹം ധരിച്ചിരുന്നത്. ഇടയ്ക്കിടെ പുഞ്ചിരിക്കുമ്പോൾ അദ്ദേഹത്തിന്റെ വെ തിളങ്ങുന്ന പല്ലുകൾ പുറത്തു കാണാമായിരുന്നു.

സിയാൻ വിപ്ലവക്കമ്മിററിയിലെ തല മുതിർന്ന അംഗങ്ങളിലൊരാളായിരുന്നു അദ്ദേഹം. ഇപ്പോൾ സ്കൂളിലെ പന്നി വളർത്തു കേന്ദ്രത്തിൻെറ ചുമതല വഹിക്കുന്നു. അടുത്ത കാലത്താണ് 'ഞങ്ങളുടെ കമ്പനിയിലെ പോരാളികൾ' അദ്ദേഹത്തെ ഒരു ആക്ററിവിസ്റ്റായി തെരഞ്ഞെടുത്തത്. അദ്ദേഹം മാവോയെ ഉദ്ധരിച്ചുകൊണ്ട് 'ഗ്രാമപ്രദേശങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നതിനെക്കുറിച്ച പറഞ്ഞു. അതിനുള്ള 'ഒരവസരം' താൻ ഉപയോഗിച്ചു കൊണ്ടിരിക്കുകയാണെന്നും അദ്ദേഹം പറയുകയുണ്ടായി.

''മാവോ സിദ്ധാന്തങ്ങളെക്കുറിച്ച് അത്ര വലിയ പിടിപ്പുണ്ട് എന്നു ഞാൻ അഭിമാനിക്കുന്നില്ല. ഞാൻ നേതൃസ്ഥാനത്തെത്തിയിരുന്നു. പക്ഷെ യാഥാർത്ഥ്യങ്ങളിൽ നിന്ന് ഒട്ടു വളരെ അകന്നാണ് നിലകൊണ്ടിരുന്നത്. അതുകൊണ്ടാണ് ഇവിടെ വരാൻ തീരുമാനിച്ചതും. ഇവിടെ എന്നെ പന്നി വളർത്തു കേന്ദ്രത്തിലാണ് നിയമിച്ചത്. അവിടെ എറിക്കു പന്നിച്ചാണകം നീക്കം ചെയ്യേണ്ടി വന്നു. പന്നി വളർത്തലിനെക്കുറിച്ച ഞാൻ പഠിച്ചു. ഞാൻ മാവോയുടെ സിദ്ധാന്തങ്ങൾ പഠിക്കുകയും—''കഠിനതകളെയോ മരണത്തെയോ ഭയക്കാതിരിക്കുക''—എൻെറ യഥാർത്ഥ ഗുരുനാഥന്മാരായ കർഷകരുമായി അലിഞ്ഞു ചേരുകയും ചെയ്തു. രസകരമായ ജോലിയാണിത്. ക്രമത്തിൽ ഞാൻ പൊതുജനങ്ങളുമായി അടുത്തു കൊണ്ടിരിക്കുകയാണ്. എൻെറ ലോകവീക്ഷണം ഉടച്ചു വാർക്കപ്പെട്ടു കൊണ്ടിരിക്കുന്നു '' 'സ്വയം പൊരുതി'തൊഴിലാളി വർഗ വീക്ഷണം നേടിയെടുക്കുക എന്നതാണ് അവസാനം സൂചിപ്പിച്ച ശൈലിയുടെ പൊരുൾ.

അമ്പതു വയസ്സിലേറെ പ്രായമുള്ള ലി വാൻ ചുന്നിൻെറ കാര്യം നോക്കൂ. നേരത്തെ സിയാൻ പാർടി സെക്രട്ടറിയേററിലെ ഒരംഗമായിരുന്നു ലി. യെനാൻ പ്രക്ഷോഭത്തിൻെറ നാളുകളോളം നീണ്ടുകിടക്കുന്ന സുദീർഘമായ ഒരു വിപ്ലവ പാരമ്പര്യത്തിൻെറ ഉടമസ്ഥനാണദ്ദേഹം. പക്ഷെ നഗരത്തിലെ 'പഞ്ചസാര ഗുളിക'കളുടെ ദൂഷണ വലയത്തിൽ പെട്ടതിൻെറ ഫലമായി, അദ്ദേഹത്തിനു ഗ്രാമപ്രദേശവുമായുള്ള സമ്പർക്കം നഷ്ടപ്പെട്ടു. ഇപ്പോളദ്ദേഹം 'ഗോതമ്പും നെല്ലും കൃഷി ചെയ്തു